2022 DECEMBER
VOL 21
ISSUE 12
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജന ... സിക



മനുഷ്യരുടെ മുമ്പിൽ
എന്നെ ഏറ്റുപറയുന്നവനെ
എന്റെ സ്വർഗസ്ഥനായ
പിതാവിൻെറ മുമ്പിൽ
ഞാനും ഏറ്റുപറയും.

മനുഷ്യരുടെ മുമ്പിൽ
എന്നെ തള്ളിപ്പറയുന്നവ...
...ന്റെ സ്വർഗസ്ഥനായ
പിതാവിൻെറ മുമ്പിൽ
ഞാനും തള്ളിപ്പറ...

## പുരമുകളിൽ പ്രഘോഷിക്കേണ്ട നസ്രായഗീതി

കവർസ്റ്റോറി

## MERRY CHRISTMAS

**JESUS YOUTH**
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org




Painting 'Adoration of the Shepherds' 1505 by artist Giorgione, Italy

**ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത... നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്നു ജനിച്ചിരിക്കുന്നു.**

എന്തെന്നാൽ, നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലായിരിക്കും; വിസ്മയനീയനായ ഉപദേഷ്ടാവ്, ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും. ദാവീദിൻെറ സിംഹാസനത്തിലും അവൻെറ രാജ്യത്തിലും അവന്റെ ആധിപത്യം നിസ്സീമമാണ്; അവൻെറ സമാധാനം അനന്തവും. നീതിയിലും ധർമത്തിലും എന്നേക്കും അതു സ്ഥാപിച്ചു പരിപാലിക്കാൻതന്നെ. സൈന്യങ്ങളുടെ കർത്താവിൻെറ തീക്ഷ്ണത ഇതു നിറവേറ്റും *(ഏശയ്യാ 9,6-7)*





# എഡിറ്റേഴ്സ് റൂം

അഡ്വ. കെ.ജെ. ജോൺസൺ

## സന്തോഷത്തിന്റെ സദ്വാർത്ത

ക്രിസ്തുമസ് രാത്രിയിലെ കുർബാനയ്ക്കു ശേഷമാണയാൾ പള്ളിയിൽ എത്തിയത്. പുൽക്കൂട്ടിൽ കിടക്കുന്ന ഉണ്ണിയേശുവിനെ കണ്ടപ്പോൾ അയാൾ വിതുമ്പി. "ദൈവമേ എന്തിനാണ് എനിക്കു ജന്മം നൽകിയത്, നല്ല മാതാപിതാക്കളിൽ നിന്ന് ഞാൻ പിറവിയെടുത്തിരുന്നെങ്കിൽ എന്റെ ജീവിതം കുറച്ചുകൂടി മെച്ചപ്പെട്ടതാകുമായിരുന്നില്ലേ... നല്ല വിദ്യാലയത്തിൽ പഠിച്ചിരുന്നെങ്കിൽ ഇതിലും നല്ല ജീവിത സാഹചര്യങ്ങൾ എനിക്കു ലഭിക്കുമായിരുന്നില്ലേ." ഹൃദയത്തിന്റെ വേദനങ്ങളും ദുഃഖങ്ങളും എണ്ണിയെണ്ണി പറഞ്ഞയാൾ വിലപിച്ചു. കലങ്ങിയ കണ്ണുകളുയർത്തി അയാൾ നോക്കിയപ്പോഴും ഒരു ഭാവഭേദവുമില്ലാതെ ഉണ്ണീശോ കിടക്കുന്നു. പക്ഷേ, ഹൃദയത്തിൽ എവിടെയോ ഒരു മന്ത്രണം... "കുഞ്ഞേ നിന്റെ ജന്മമല്ല നിന്റെ ജീവിതത്തെ രൂപപ്പെടുത്തേണ്ടത്."



ഒരു മനുഷ്യന്റെ ജീവിതത്തെ നയിക്കേണ്ടതും, നിയന്ത്രിക്കേണ്ടതും അവൻ ഓരോ സാഹചര്യത്തിലും എടുക്കുന്ന നിലപാടുകളാണ്. ഇന്നലെകളിൽ അഭിരമിക്കാതെ ഇന്നത്തെ യാഥാർഥ്യങ്ങളിലാണ് ജീവിതം കരുപ്പിടിപ്പിക്കേണ്ടത്. ക്രിസ്തുമസ് മൂന്ന് ചിന്തകൾ ഉയർത്തുന്നുണ്ട്. ജന്മം അല്ല ജീവിതത്തെ നിയന്ത്രിക്കേണ്ടത് എന്നതാണ് ഒന്നാമത്തെ കാര്യം. ആരാലും തിരസ്കരിക്കപ്പെട്ട്, ഏറ്റവും മോശപ്പെട്ട സാഹചര്യങ്ങളിൽ ജനിക്കേണ്ടിവന്ന ക്രിസ്തു തന്റെ നിലപാടുകളിലൂടെയാണ് സ്വർഗപിതാവിനെ പ്രീതനാക്കിയതും, അവിടത്തെ പ്രകാശിപ്പിച്ചതും. ഓരോ ജന്മവും ദൈവിക കരങ്ങളിൽ സുരക്ഷിതമാണെന്നും ഓരോ വ്യക്തിയും വിലപ്പെട്ടതാണെന്നും ക്രിസ്തു കാണിച്ചു തന്നു.

ജീവിതത്തിന്റെ ശോഭയെ കെടുത്തുന്ന ഒരു പ്രധാന കാര്യം ഭയമാണ്. നന്മ ചെയ്യുന്നതിൽ നിന്നും, ക്രിയാത്മകമായി ജീവിക്കുന്നതിൽ നിന്നും, ഭയം നമ്മെ അകറ്റുന്നു. ആദികാലം മുതൽ ദൈവം മനുഷ്യരോട് പറയുന്നതും ക്രിസ്തുവിന്റെ ജനനത്തെ അറിയിച്ച ദൂതൻ പറഞ്ഞതും 'ഭയപ്പെടേണ്ട'എന്നാണ്. നിർഭയമായി ജീവിക്കാനാണ് ക്രിസ്തുമസ് ഓർമപ്പെടുത്തുന്നത്. ക്രിസ്തുമസ് എന്നാൽ, സന്തോഷത്തിന്റെ സദ്വാർത്ത കൂടിയാണ്. ഏറ്റവും മോശപ്പെട്ട സാഹചര്യത്തിൽ പിറവിയെടുത്ത ക്രിസ്തുവിന്റെ ജനനം ഒരു സദ്വാർത്തയായിരുന്നു. ക്രിസ്തു നേരിട്ട അവഗണന, തിരസ്കരണം, ഒറ്റപ്പെടുത്തൽ, വധഭീഷണി, വധശ്രമം... എല്ലാം സദ്വാർത്തകളായിരുന്നു.


സ്നാനത്തിനായി നദിയിലേക്കിറങ്ങിയ ഗുരുവിന്റെ കൈകളിൽ തേൾ കടിച്ചു. കൈ കുടഞ്ഞ് തേളിനെ കളഞ്ഞ ഗുരുവിനെ തേൾ പിന്നെയും കടിച്ചു. പിന്നെയും ഗുരു തേളിനെ കുടഞ്ഞു കളഞ്ഞു. പലവുരു ഇതാവർത്തിച്ചപ്പോൾ ശിഷ്യൻ ഗുരുവിനോടു ചോദിച്ചു: "ഗുരോ, ആ തേളിനെ അങ്ങേക്ക് കൊന്നു കളഞ്ഞു കൂടേ." ഗുരു പറഞ്ഞു: "ശിഷ്യാ, തേൾ അതിന്റെ സ്വഭാവം കാണിക്കുന്നു. ഞാൻ എന്റെ സ്വഭാവവും." ഈ നുറുങ്ങുചിന്ത ഉയർത്തിക്കാട്ടുന്നത് നാമെടുക്കുന്ന നിലപാടുകളെയാണ്.

ജീവിതത്തിന്റെ ഏതു സാഹചര്യത്തിലും സന്തോഷത്തിന്റെ സദ്വാർത്ത പുറപ്പെടുവിപ്പിക്കുന്നവരാണ് ക്രൈസ്തവർ.

**എല്ലാവർക്കും ക്രിസ്തുമസിന്റെ ആശംസകൾ**

എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

# ഉള്ളടക്കം




16 **വിശ്വാസം ഏറ്റുപറയണോ?**
ജിന്റോ ജോൺ

**06**
**മൂന്നാസിന്റെ ആദ്യത്തെ ക്രിസ്തുമസ്**
ശശി ഇമ്മാനുവേൽ

**10**
**പങ്കാളിത്തം ആരംഭിക്കുന്നത് വ്യത്യസ്ത സ്വരങ്ങൾ ശ്രവിച്ചുകൊണ്ടാണ്**
ഡോ. എഡ്വേർഡ് എടേഴത്ത്

**13**
**പുരമുകളിൽ പ്രഘോഷിക്കേണ്ട നസ്രായഗീതി**
എൽസീന ജോസഫ്

**16**
**വിശ്വാസം ഏറ്റുപറയണോ?**
ജിന്റോ ജോൺ

**18**
**ന്യൂസ് ഹൈലൈറ്റ്സ്**
സണ്ണി കോക്കാപ്പിള്ളിൽ

**20**
**സെക്സും പിക്സും ഫ്രീഡമോ?**
ടിന്റു സോണി

**26**
**മലയാളക്കരയുടെ മിടുക്കിപ്പെണ്ണ്**
സാജൻ സി.എ.

**27**
**മടിത്തട്ടിലേക്കൊരു മടക്കയാത്ര**
അഡ്വ. അരുൺ പി. ആന്റണി

**30**
**ഇതാ ഒരു മിഷണറി കുടുംബം**
ലീന ഷാജു

**34**
**അനുമോളുടെ മരണം !**
അനു ബെന്നി

**36**
**ജീസസ് യൂത്ത് പ്രതിമാസ വിചിന്തനം**

**38**
**സിനി ടോക്സ് - The Hope**
സണ്ണി അക്കരപറ്റി

**40**
**ടീൻസ്പിരിറ്റ്/ചർച്ച് & സയൻസ്**
ജൂഹി എൽസ് ജി. & സിന്റോ വി. വർഗീസ്

**41**
**വിനോദയാത്ര**
സെറീൻ എയ്ഞ്ചൽ

**42**
**വാർത്താവിചാരം**
സണ്ണി കോക്കാപ്പിള്ളിൽ

**44**
**സ്മാർട്ട് കിഡ്സ് - സാമിന്റെ സന്തോഷം**
വെങ്കി & ആൽഡ്രിൻ ജോസഫ്

**46**
**വഴുതന മാത്തൻ - കാർട്ടൂൺ**
സിനിൽ കെ.ജെ



കെയ്റോസ് KAIROS • 2022 DECEMBER • VOL 21 • ISSUE 12 • PAGE 48



Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Shoji Vechoorkarottu *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
John Sunny 9400686781 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Joby Joseph Ontario +1 2899 686 074
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Jijomon T C, Doha +974 3045 2347
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org
**Office** Smitha Jose: smitha.jose@jykairosmedia.org



**Mailing Address**
*INDIA:* 8/174, Navodaya Studio Complex, Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org +91 484 2984327

*USA:* Kairos International Inc., 3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org +1 832 592 3675

www.jykairosmedia.org Facebook.com/Readkairos Twitter.com/kairosmalayalam


**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com


കെയ്റോസ് മലയാളം / കെയ്റോസ് ഗ്ലോബൽ / ബഡ്സ് ലഭിക്കാൻ

| Online (Malayalam) | Online (English) | Print (Malayalam, English, Buds) |
|---|---|---|

**കെയ്റോസിന് ബാങ്കുവഴി പണമടയ്ക്കുവാൻ:**
KAIROSE TRUST, A/c No. 14690200009621
IFSC- FDRL0001469 / FEDERAL BANK,
KAKKANAD, SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**
കെയ്റോസ് മീഡിയ, 8/174, നവോദയ
സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ.
കാക്കനാട്, കൊച്ചി 682030
0484 2984327 62382 79115
kairosmag@jykairosmedia.org



## സെക്സും പിക്സും ഫ്രീഡമോ?

20 ടിന്റു സോണി
*കൺസൾട്ടന്റ് സൈക്കോളജിസ്റ്റ്*

30
## ഇതാ ഒരു മിഷണറി കുടുംബം
ലീന ഷാജു, കളമശ്ശേരി






ശശി ഇമ്മാനുവേൽ

# മുന്നാസിന്റെ ആദ്യത്തെ ക്രിസ്തുമസ്



**ഒരിക്കൽ മാത്രം ജീവിക്കേണ്ട നമ്മുടെ ജീവിതം എപ്രകാരമായിരിക്കണം? നഷ്ടപ്പെടാനൊന്നുമില്ലാതെ ദൈവതൃക്കരങ്ങളിലേക്കുള്ള സമ്പൂർണ സമർപ്പണമാണ് ഇവിടെ നമ്മൾ കാണുന്നത്.**

‘ക്രിസ്തു ജീവിക്കുന്നു! അവിടന്ന് അത്ഭുതകരമായ രീതിയിൽ ലോകത്തിന് യുവത്വം പ്രദാനം ചെയ്യുകയും, അവിടന്ന് സ്പർശിക്കുന്നതെല്ലാം ചെറുപ്പവും പുതുമയുള്ളതും ജീവസുറ്റതുമാക്കുകയും ചെയ്യുന്നു... 'Christ is Alive' (ക്രിസ്തു ജീവിക്കുന്നു) എന്ന സിനഡാനന്തര അപ്പസ്തോലിക ഉദ്ബോധനത്തിന് ഈ വാക്കുകളോടെയാണ് ഫ്രാൻസിസ് പാപ്പ തുടക്കം കുറിച്ചത്.

**നമ്മെ പ്രചോദിപ്പിക്കുന്നു:** എന്നിട്ട് അദ്ദേഹം അമ്പതാം ഖണ്ഡികയിൽ ഇപ്രകാരം കൂട്ടിച്ചേർത്തു: "യുവാക്കളുടെ വിശുദ്ധിവഴി സഭയ്ക്ക് അവളുടെ ആത്മീയ ചൈതന്യവും പ്രേഷിത വീര്യവും നവീകരിക്കാം. വളരെയധികം യുവജനങ്ങളുടെ നല്ല ജീവിതം ഉളവാക്കുന്ന വിശുദ്ധിയാകുന്ന പരിമളതൈലം സഭയുടെയും ലോകത്തിന്റെയും മുറിവുകൾ സുഖപ്പെടുത്താനുതകും. നമുക്ക് ലഭിച്ചിരിക്കുന്ന വിളിയനുസരിച്ച് സ്നേഹത്തിന്റെ പൂർണതയിലേക്ക് നമ്മെ തിരിച്ചു കൊണ്ടുവന്നാണിത് സാധ്യമാക്കുക. യുവവിശുദ്ധർ നമ്മുടെ ആദ്യസ്നേഹത്തിലേക്ക് തിരിച്ചുവരാൻ നമ്മെ പ്രചോദിപ്പിക്കുന്നു."

ആരും മരണനിമിഷം വരെയും അറിയാതിരുന്ന ഒരു ഇരുപത്തഞ്ചുകാരൻ തന്റെ ജീവിതം അവസാനിച്ചതിനു ശേഷം അനേക ചെറുപ്പക്കാരെ സ്പർശിക്കുകയും, പല ജീവിതങ്ങളിലും ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം പോലെ പ്രശോഭിക്കുകയും, നമ്മുടെ ജീവിത പരിസരങ്ങളെ കുറേക്കൂടി നൈർമല്യത്തോടെ സ്വീകരിക്കാൻ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. "ഞാൻ സ്വർഗത്തിൽ ചില്ലിംഗ്, ഡോണ്ട് വറി" എന്നുപറഞ്ഞ് തന്റെ ആദ്യത്തെ ക്രിസ്മസ് ദിവ്യനാഥനൊപ്പം ശരിക്കും ആഘോഷിക്കുകയാവണം.

'യുവജനങ്ങളുടെ നല്ല ജീവിതം ഉളവാക്കുന്ന വിശുദ്ധിയാകുന്ന പരിമളതൈലം സഭയുടെയും ലോകത്തിന്റെയും മുറിവുകൾ സുഖപ്പെടുത്തുന്നു 'എന്ന പാപ്പയുടെ വാക്കുകൾ മാംസം ധരിക്കുന്ന കാഴ്ചയാണ് സമൂഹമാധ്യമങ്ങളിൽ പോലും നിറഞ്ഞു നിന്ന മുന്നാസിന്റെ ജീവിതം നമുക്ക് കാണിച്ചു തന്നത്.

**ഇനി ഒരു ഫ്ളാഷ്ബാക്ക്:** പത്തുപതിനഞ്ച് വർഷം മുമ്പാണ് നിർമലമാത സെൻട്രൽ സ്കൂളിലെ (എന്റെ തൊഴിലിടം) ആറാം ക്ലാസ്സ് കുട്ടികളുടെ ഒരു ധ്യാനം നടക്കുകയാണ്. ഒന്നാം ദിവസം ഒരു പഴയ പാട്ട് പാടിയപ്പോൾ അതിന്റെ തുടർവരികൾ ഓർക്കാനാവുന്നില്ല. നല്ല പാട്ടാണ് പിന്നെ പാടാം എന്നുപറഞ്ഞ് ഞങ്ങളത് വിട്ടുകളഞ്ഞു. പിറ്റേന്ന് ധ്യാനത്തിന്റെ രണ്ടാം ദിവസം ഒരു നിഷ്കളങ്കനായ മിടുക്കൻ പാട്ടുബുക്കും, അതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയുമായി വന്നിരിക്കുകയാണ്. ഒരു ആറാം ക്ലാസ്സുകാരന്റെ ആത്മാർഥതയും, പ്രാർഥനയിൽ കാട്ടുന്ന തീക്ഷ്ണതയും, വിശ്വാസവും എളിമയുമൊക്കെ അവന്റെ സമപ്രായക്കാരുടേതായിരുന്നില്ല. ഞങ്ങളെയത് ചെറുതായി ഞെട്ടിക്കാതിരുന്നുമില്ല. കുട്ടിക്കാലം മുതലേ കൂട്ടായി ചില രോഗപീഢകൾ അവനുണ്ടായിരുന്നതിനാലാവണം ദൈവത്തോട് ചേർന്നു നിൽക്കാനായിരുന്നു അവന് താത്പര്യം.

**പ്രത്യാശയുടെ വെട്ടം:** ഒരു ഓണക്കാലത്തെ വടംവലി മത്സരം നടക്കുകയാണ്, വിദ്യാലയത്തിൽ. തന്റെ രോഗമൊക്കെ അവഗണിച്ച് സ്വന്തം കൂട്ടുകാരുടെ വിജയത്തിനായി വിയർത്തൊഴുകി മത്സരിക്കുന്ന ടീമേ ജറായി അവനെ കാണുമ്പോഴും തോൽക്കാൻ

മനസ്സിലാത്ത ഒരു പ്രത്യാശയുടെ വെട്ടം അവന്റെ കണ്ണുകളിൽ തെളിഞ്ഞു കാണാമായിരുന്നു. അവന്റെ വിശ്വാസം അന്നേ, ഒരു ഞായറാഴ്ചക്കപ്പുറത്തേക്ക് നീളുന്ന ക്രിസ്തുവുമായുള്ള വ്യക്തി ബന്ധമായി മാറിയിരുന്നു. പറഞ്ഞു വന്നത് ജോസ് റെയ്നി എന്ന മുന്നാസിനെ കുറിച്ചാണ്. സ്വന്തം വേദന മറ്റുള്ളവരെ അറിയിക്കാതെ മരണ നേരത്തുപോലും ആശ്വാസത്തിന്റെ കുറിപ്പുകൾ നൽകി, തന്റെ മരണത്തിനു ശേഷം തനിക്കായി പ്രാർഥിച്ച ഓരോരുത്തരോടുമുള്ള നന്ദി പറയാൻ വീട്ടുകാരെ പറഞ്ഞേൽപ്പിച്ചവൻ. തന്റെ മുറി മുഴുവൻ ദൈവവചനത്താൽ നിറച്ച ജോസ്, തിമിരം മൂലം വഴി തെറ്റിപ്പോയ ഒരു തലമുറയ്ക്ക് ഈ തിരുപ്പിറവി കാലത്ത്, ഒരു ദിവ്യനക്ഷത്രം പോലെ വഴികാട്ടിയാവുകയാണ്, ശരിയായ രക്ഷാ സാന്നിധ്യത്തിലേക്ക്.

**ഒന്നാമത്തെ ക്രിസ്തുമസ്:** ഇനി മറ്റൊന്ന്, അത്ര നല്ലതല്ലാത്ത ഒരുപിടി വാർത്തകൾക്കിടയിൽ നമ്മെ നമ്മുടെ ജീവിതത്തിന്റെ ഉള്ളറകളിലേക്ക് നോക്കാൻ പ്രേരിപ്പിച്ചുകൊണ്ടാണ് ഈ 25 വയസ്സുകാരൻ യാത്രയായത്. കുരുതിച്ചോര (നരബലി) കൊണ്ടും, പകയുടെ രാഷ്ട്രീയം കൊണ്ടും, റോഡിൽ മത്സരിച്ച് പിഞ്ചുകുഞ്ഞുങ്ങളെയടക്കം മടി കൂടാതെ മരണത്തിലേക്ക് തള്ളി വിടുന്നവരെക്കൊണ്ടും, പിന്നെ എം.ഡി.എം.എ യടക്കം ലഹരിക്കടത്തിലുൾപ്പെടുന്ന യുവാക്കളുടെ ധാർമികതയില്ലാത്ത ജീവിതവൃത്താന്തംകൊണ്ടും നിരന്തരം മലീമസമാകുന്ന ഒരു യുവ തലമുറയ്ക്ക് ആശ്വസിക്കാൻ കിട്ടിയ ഒരു സദ്വാർത്ത തന്നെയായിരുന്നു മുന്നാസ് എന്ന 25 കാരൻ. നമ്മെ നോക്കി അയാൾ ഇങ്ങനെ മൊഴിയുന്നുണ്ട് 'നന്നായി തുടങ്ങിയാൽ മാത്രം പോരാ നന്നായി അവസാനിപ്പിക്കാനും കഴിയണം' എന്ന്. രോഗത്തിനിടയിലും ആൽപ്സ് പർവത നിര കീഴടക്കിയതിനെക്കാൾ മനോഹരമായി ഒരു തലമുറയുടെ മനസ്സിൽ കുളിർതെന്നലായി തഴുകി കടന്നുപോയ പ്രിയ യുവാവ് അയാളുടെ ഒന്നാമത്തെ ക്രിസ്തുമസ് ക്രിസ്തുവിനോടൊപ്പം കൊണ്ടാടുകയാവണം, നിത്യതയിൽ.

**നമ്മെ നോക്കി അയാൾ ഇങ്ങനെ മൊഴിയുന്നുണ്ട്: "നന്നായി തുടങ്ങിയാൽ മാത്രം പോരാ നന്നായി അവസാനിപ്പിക്കാനും കഴിയണം."**

**ഇനി ഊഴം നമ്മുടേതാണ്:** സുഹൃത്തേ, ഇനി ഊഴം നമ്മുടേതാണ് എന്തിനുവേണ്ടിയാണ് ഞാനലയുന്നതെന്നും, ഓരോ ദിനവും എന്ത് ഞാൻ നേടുന്നുവെന്നും ചിന്തിക്കണം. ഒരിക്കലും തൃപ്തി നൽകാത്ത ആർത്തിയുടെ കമ്പോളങ്ങളിൽ മറ്റൊരു തിരുപ്പിറവിക്ക് കോപ്പുകൂട്ടണോ? അതോ മുന്നാസിനെപ്പോലെ കാലിത്തൊഴുത്തിന്റെ നൈർമല്യത്തെ ജീവിതത്തിൽ പിന്തുടരണമോ? ॥

YOUR LIFE WAS A BLESSING, YOUR MEMORY A TREASURE...
YOU ARE LOVED BEYOND WORDS AND MISSED BEYOND MEASURE.

# *In Loving Memory of*

## Very Rev. Fr. Rejin Joseph Thomas Alungal

The Chancellor of the Diocese of Cochin



Born: 29/08/1981
Ordination: 13/01/2022
Death: 06/11/2022



ഡോ. എഡ്വേർഡ് എടേഴത്ത്



# പങ്കാളിത്തം ആരംഭിക്കുന്നത് വ്യത്യസ്ത സ്വരങ്ങൾ ശ്രവിച്ചുകൊണ്ടാണ്

## ജീസസ് യൂത്തും സിനഡൽ പാതയും – 3



Image by storyset on Freepik

ചുറ്റുമുള്ള വലിയവർ
വിനയപൂർവം
എന്റെ അഭിപ്രായങ്ങൾ
മാന്യമായി ചോദിക്കുകയും
അപക്വമായ ആശയങ്ങൾ
ശ്രദ്ധയോടെ കേൾക്കുകയും
ചെയ്തു എന്നതാണ്
എനിക്കു ലഭിച്ച വലിയ
അനുഗ്രഹം.

"ഈ ഘട്ടത്തിൽ, യുവാക്കളെ ഒന്നിച്ചു കൂട്ടുന്നത് അപകടകരമാണ്. അവർക്ക് ആകെ വേണ്ടത് കളിചിരിയും തമാശയുമാണ്, ആത്മീയതയല്ല. അതിനും പുറമേ നമ്മൾ എത്ര ശ്രമിച്ചാലും യുവാക്കൾ വരുകയുമില്ല. വരുന്നവർ പ്രശ്നങ്ങളും ഉണ്ടാക്കും." ആ വൈദികൻ ഏറെ ശക്തമായിത്തന്നെ തന്റെ ആശയം അവതരിപ്പിച്ചു. മറ്റു പലരും ഈ ഭയത്തെ പിന്തുണക്കുകയും ചെയ്തു. ഒരു യൂത്ത് കൺവെൻഷൻ വേണോ വേണ്ടയോ എന്നതായിരുന്നു ചർച്ച. സംസ്ഥാനത്ത് കരിസ്മാറ്റിക് നവീകരണത്തിൽ യുവജന ശുശ്രൂഷ ആരംഭിച്ചതിന്റെ ആദ്യകാല ഓർമകൾ. ഈ തുടക്കമാണ് പിന്നീട് ജീസസ് യൂത്ത് ആയി പരിണമിച്ചത്.

ഈ ചർച്ചയുടെ പശ്ചാത്തലം ഇതായിരുന്നു. 1978 മെയ് ആദ്യം, മുംബൈയിലെ ഫാ. ഫിയോയിൽ നിന്ന് ഒരു കത്ത് വന്നു; പുതുതായി രൂപീകരിച്ച കേരള കരിസ്മാറ്റിക് ടീം, അവരുടെ ആദ്യപടിയായി ഒരു വലിയ യുവജന സംഗമം നടത്തണം. താമസിയാതെ മുതിർന്ന നേതാക്കൾ തൃശ്ശൂരിൽ യോഗം ചേർന്ന് വിഷയം ചർച്ച ചെയ്തു. ഞാൻ സൂചിപ്പിച്ചതുപോലെ, അവരിൽ ഭൂരിഭാഗവും ഈ ആശയത്തിന് എതിരായിരുന്നു. ഞങ്ങളിൽ മൂന്നോ നാലോ പേർ മാത്രമേ യുവാക്കളായിട്ടുള്ളൂ, ഞങ്ങളെപോലെയുള്ള മറ്റു യുവാക്കളെ ഒന്നിച്ചു കൊണ്ടുവരാനുള്ള ഞങ്ങളുടെ ആത്മാർഥമായ ആഗ്രഹം പ്രകടിപ്പിക്കാനുള്ള ആത്മവിശ്വാസം പോലും ഞങ്ങൾക്കില്ലായിരുന്നു. ഏതായാലും പരസ്പരം അടുത്തിരുന്ന് ഞങ്ങൾ പ്രാർഥിച്ചു കൊണ്ടിരുന്നു.

ഇത്രയുമായപ്പോൾ ശാന്തസുന്ദരമായ തന്റെ പുഞ്ചിരിയോടെ ജസ്റ്റിനച്ചൻ കൈ ഉയർത്തി. 'ഈ നല്ല ചെറുപ്പക്കാരെ നോക്കൂ.' ഞങ്ങളുടെ ചെറുസംഘത്തെ ചൂണ്ടിക്കാട്ടി അദ്ദേഹം പറഞ്ഞു. 'നമുക്ക് ഇവരെപ്പോലെ നൂറുപേർ ഉണ്ടെങ്കിൽ, അത് എത്ര അത്ഭുതകരമായിരിക്കും.' തുടർന്ന് ഫാ. തുരുത്തിമറ്റം സംസാരിച്ചു. 'നമ്മുടെ യുവാക്കളെ കുറിച്ച് കർത്താവിന് പ്രത്യേക പദ്ധതിയുണ്ട്, അവരുടെ തീക്ഷ്ണത കർത്താവ് തീർച്ചയായും ഉപയോഗിക്കും.' ആരോ അപ്പോൾ ഒരു നിർദേശം വച്ചു, "നമുക്ക് ഒന്ന് പ്രാർഥിക്കാം." കുറച്ചു നേരം എല്ലാവരും സ്തുതിച്ചു, പിന്നെ ഓരോരുത്തരായി സന്ദേശങ്ങൾ പങ്കുവയ്ക്കാൻ തുടങ്ങി. ശോഭനമായ ഭാവിയെക്കുറിച്ചും സമൃദ്ധമായ വിളവെടുപ്പിനെക്കുറിച്ചും ഒക്കെ സൂചിപ്പിക്കുന്ന സന്ദേശങ്ങളായിരുന്നു അവ. അതെല്ലാം ഒത്തുചേർത്ത് സി. ക്ലിയോപാട്ര പറഞ്ഞു, 'നമ്മുടെ യുവാക്കളെ ഒന്നിച്ചു കൊണ്ടുവരാൻ കർത്താവ് ആഗ്രഹിക്കുന്നുവെന്ന് വ്യക്തമാണ്.'

കർത്താവിന്റെ ഇടപെടലും കൂട്ടായ്മയിലെ ആ വലിയ മാറ്റവും കണ്ട് ഞങ്ങൾ അനുഭ

വിച്ച സന്തോഷം നിങ്ങൾക്ക് ഊഹിക്കാവുന്ന തേയുള്ളൂ. ഒരു യൂത്ത് ടീം രൂപീകരിക്കാൻ നിർദേശം ഉയർന്നു. ഞങ്ങൾ മൂന്നുപേരെ അതിനായി നിർദേശിച്ചു. ഫാ. ഫിയോ നിർ ദേശിച്ച ഒത്തുചേരലിന് കുറഞ്ഞത് നൂറ് യുവാക്കളെയെങ്കിലും ലഭിക്കുമോ എന്ന് നോക്കാൻ എന്നോട് കേരളം മുഴുവൻ പോകാൻ അവർ ആവശ്യപ്പെട്ടു.

ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ, ജീസസ് യൂത്തിന്റെ ചരിത്രത്തിൽ ഒരു സിനഡൽ പ്രക്രിയയിലൂടെ പരിശുദ്ധാത്മാവ് നയിച്ച അനേകം സന്ദർഭങ്ങളിൽ ഒന്നായിരുന്നു ഇത്.

## പങ്കാളിത്തം സിനഡാലിറ്റിയുടെ താക്കോലാണ്

സാർവത്രിക സഭ ഇപ്പോൾ സിനഡാലിറ്റിയെപ്പറ്റി ചിന്തിക്കുന്നു. സിനഡ് എന്നാൽ 'ഒരുമിച്ചുള്ള യാത്ര'. സഭ സിനഡൽ ആയിരിക്കണം, അതിനാൽ സഭയുടെയും അതിലെ എല്ലാ സമൂഹങ്ങളുടെയും കാതലായ ചൈതന്യം സിനഡൽ ആകണം. ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ, ദൈവാത്മാവ് സിനഡാലിറ്റി നമ്മെ പഠിപ്പിക്കുകയായിരുന്നു എന്നു നാം തിരിച്ചറിയുന്നു.

സിനഡൽ പ്രക്രിയ ഒരു കൂട്ടായ്മയിലാണ് സംഭവിക്കുന്നത്, അതിന്റെ പരിണിതഫലമോ ഒരു പുത്തൻ ദൗത്യബോധവും. ഒപ്പം ഇതിന്റെ ഹൃദയം പങ്കാളിത്ത സമീപനമാണ്. അങ്ങനെയെങ്കിൽ എന്താണ് പങ്കാളിത്തം? ഒരു വിധത്തിൽ ഏവരുടെയും സജീവ സഹകരണം അല്ലെങ്കിൽ പങ്കുചേർന്നുള്ള പ്രവർത്തനമാണ് അത്. ഒരു സമൂഹത്തിലെ പങ്കുചേരലിനെക്കുറിച്ചോ ഒരു കുടുംബത്തിലെ ദൈനംദിന ഉത്തരവാദിത്വങ്ങളിൽ ഒരാൾ പങ്കുചേരുന്നതിനെപ്പറ്റിയോ ഒക്കെ നാം സൂചിപ്പിക്കാറുണ്ട്. എന്നാൽ ഏറ്റവും പ്രധാനമായി, പങ്കാളിത്തം എന്നതിനർഥം ആളുകൾക്ക് അവരുടെ ജീവിതത്തെ ബാധിക്കുന്ന തീരുമാനങ്ങളിൽ ഒരു പങ്കുണ്ട് എന്നാണ്.

## ആ 'മൃദുസ്വരം' കേൾക്കണം

രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ, ഏലിയാ പ്രവാചകൻ കർത്താവിനായി കാത്തിരിക്കുന്നു. പക്ഷേ, കൊടുങ്കാറ്റിലോ ഭൂകമ്പത്തിലോ തീയിലോ അവനെ കണ്ടെത്തുന്നില്ല. മറിച്ച് നിശ്ചലമായ ഒരു മൃദുസ്വരത്തിലാണ് ദൈവം കടന്നുവരുന്നത്. സിനഡൽ പ്രക്രിയയിൽ ഈ സൂചന സുപ്രധാനമാണ്. ഒരു വെല്ലുവിളിയോ പ്രശ്നമോ ചോദ്യമോ നേരിടുമ്പോൾ നാം അതിന്റെ പരിഹാരമോ കർത്താവിന്റെ മാർഗനിർദേശമോ തേടി ഒത്തുചേരുന്നു. ഈ മീറ്റിംഗുകളിൽ ഉയർന്നു കേൾക്കുന്നത് വമ്പൻ ആശയങ്ങളും ശക്തമായ വാദമുഖങ്ങളുമൊക്കെയാകാം. എന്നാൽ, പലപ്പോഴും മുന്നോട്ടുള്ള വഴി വെളിപ്പെടുന്നത് അപ്രതീക്ഷിതമായ ഇടങ്ങളിൽനിന്ന് മൃദുസ്വരങ്ങളിലൂടെയാകാം.

പരിശുദ്ധാത്മാവിന്റെ ഈ പ്രേരണകളിലേക്ക് എങ്ങനെ നമുക്ക് എത്തിച്ചേരാനാകും? നാം എപ്പോഴും പിൻചെന്ന സുപരിചിത വഴികളിൽ നിന്ന് 'അവന്റെ വഴികളിലേക്കുള്ള' ഒരുതരം മാനസാന്തരം പ്രധാനമാണ്. ഈ തിരയലിന്റെ ഒരു പ്രധാന ഭാഗം എല്ലാവരെയും സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക എന്നതാണ്. സൗമ്യരോടും ഒപ്പം ഗ്രൂപ്പിലെ റിബലുകളോടും നമുക്ക് പറയാനുള്ളത് ഇതാണ് 'മടിക്കേണ്ട, ഹൃദയത്തിലുള്ളത് സംസാരിക്കുക, സാവധാനം പുതിയ പാതകൾ തുറക്കട്ടെ'.

## കൂട്ടായ്മയിലും ദൗത്യത്തിലുമുള്ള പങ്കാളിത്തം തുടങ്ങുന്നത് ഇവിടെയാണ്

'നേതാക്കന്മാരായ ഞങ്ങൾ പറഞ്ഞുതരാം, നിങ്ങളത് അനുസരിച്ചാൽ മതി' എന്ന മനോഭാവമാണ് കൂട്ടായ്മയുടെയും ദൗത്യബോധ വളർച്ചയുടെയും മുഖ്യ ശത്രു. ഈ മനോഭാവത്തെ 'എലീറ്റിസം, ക്ലറിക്കലിസം' എന്നൊക്കെയാണ് സാധാരണ വിളിക്കുന്നത്. സിനഡാലിറ്റിയെക്കുറിച്ചുള്ള വത്തിക്കാന്റെ രേഖ ഇപ്രകാരം പറയുന്നു, "സിനഡൽ മനോഭാവത്താൽ രൂപപ്പെട്ട ഒരു സഭാമാനസികാവസ്ഥ, ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും മിഷണറി ശിഷ്യന്മാരാകാൻ യോഗ്യരും വിളിക്കപ്പെട്ടവരുമാണ് എന്ന അറിവോടെ അവരിലൂടെ വരുന്ന കൃപകളെ സന്തോഷത്തോടെ സ്വാഗതം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. തീരുമാനങ്ങൾ എടുക്കുന്നതിൽ നിന്ന് അവരെ [സാധാരണക്കാരെ] അകറ്റി നിറുത്തുന്ന അമിതമായ ക്ലെറിക്കൽ മനോഭാവത്തിൽ നിന്ന് വരുന്ന പ്രലോഭനം ഒഴിവാക്കുകയും ചെയ്യുന്നു" (# 104).

സിനഡൽ മനോഭാവമുള്ള നേതൃത്വം ഗ്രൂപ്പിലെ ഓരോരുത്തരുടെയും പങ്കാളിത്തത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു. ഇത് ഫലപ്രദമായി കൂട്ടായ്മകൾ വളരാനും മിഷണറി ശിഷ്യർക്ക് രൂപംകൊടുക്കാനും ഇടയാകുകയും ചെയ്യുന്നു. ഇതാണ് ജീസസ് യൂത്തിലെ മിഷണറി ചൈതന്യത്തിന്റെ രഹസ്യം. എന്നാൽ, ഈ പ്രക്രിയയുടെ തുടക്കം എവിടെയാണ്? എല്ലാവരുടെയും ആശയാഭിപ്രായങ്ങൾ തേടുകയും ഗ്രൂപ്പിൽ അവ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യവും പ്രോത്സാഹനവും നൽകുകയും ചെയ്തുകൊണ്ട് പങ്കാളിത്തരീതിയിൽ തീരുമാനങ്ങൾ എടുക്കുന്നതാണ് വളർച്ചയുടെ നല്ല പാത.

## ബഹുമാനത്തോടെയും സ്നേഹത്തോടെയും

കോളേജ് പഠനകാല തുടക്കത്തിൽ തന്നെ എന്റെ ജീസസ് യൂത്ത് യാത്ര ആരംഭിച്ചു. 'സിനഡാലിറ്റി' എന്ന വാക്ക് അന്നൊന്നും ഞങ്ങൾ കേട്ടിട്ടില്ല,. എങ്കിലും ഞങ്ങൾക്ക് ഒത്തുകൂടാനും കർത്താവിന്റെ ഇഷ്ടം അന്വേഷിക്കാനും ഒരുമിച്ച് തീരുമാനങ്ങൾ എടുക്കാനും നിരവധി അവസരങ്ങൾ അന്നുതന്നെ ഞങ്ങൾക്ക് ലഭിച്ചു. ഏറെ വിദഗ്ധരായ നേതൃനിരയിലുള്ളവരുടെ ഇടയിലിരുന്നു ഈ ചർച്ചകളിൽ പങ്കെടുക്കുമ്പോൾ സ്വന്തം അനുഭവക്കുറവിനെ ക്കുറിച്ച് നല്ല ബോധ്യമുണ്ടായിരുന്നു. പക്ഷേ, മാറ്റത്തിനായി അക്ഷമനാകുന്നതിൽ നിന്ന് അതൊന്നും എന്നെ തടഞ്ഞില്ലായെന്നും ഞാൻ ഓർക്കുന്നു. ചുറ്റുമുള്ള വലിയവർ വിനയപൂർവം എന്റെ അഭിപ്രായങ്ങൾ മാന്യമായി ചോദിക്കുകയും അപക്വമായ ആശയങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും ചെയ്തു എന്നതാണ് എനിക്കു ലഭിച്ച വലിയ അനുഗ്രഹം. ഇത് എന്നെ വളർത്താനും അടുത്ത ബന്ധങ്ങൾ കെട്ടിപ്പടുക്കാനും ഏറെ സഹായിച്ചു. ദൗത്യ വെല്ലുവിളികൾ ഏറ്റെടുക്കാൻ അതെല്ലാം എന്നെ പ്രാപ്തനാക്കുകയും ചെയ്തു. ചുരുക്കത്തിൽ, ഈ പങ്കാളിത്ത മനോഭാവമാണ് സിനഡൽ പ്രക്രിയയുടെ കാതൽ.

1978-ലെ ചർച്ചാവേദി യുവാക്കൾക്ക് ഒരവസരം നൽകാൻ തീരുമാനമെടുത്തു. നൂറു യുവാക്കളെ ഒരുമിച്ചുകൂട്ടാൻ കഴിഞ്ഞാൽ ആ വർഷം അവസാനം പരിപാടിയാകാം എന്നായിരുന്നു വ്യവസ്ഥ. തുടർന്ന് യുവജന കൂട്ടായ്മകളെ കണ്ട് കൂടിയാലോചന നടത്താൻ എന്നെ ചുമതലപ്പെടുത്തി, എന്റെ യാത്രയ്ക്കായി 500 രൂപയും നീക്കിവച്ചു. ഇതിന്റെയൊക്കെ ഫലം അവിശ്വസനീയമായിരുന്നു: തുടർന്നുള്ള ആറ് മാസങ്ങൾ കൊണ്ട് ഞങ്ങൾക്ക് നൂറുകണക്കിന് യുവാക്കളുടെ ഒരു ശൃംഖല സൃഷ്ടിക്കാൻ കഴിഞ്ഞു. ആ ഡിസംബറിലെ സമ്മേളനത്തിന് നൂറല്ല എണ്ണൂറോളം യുവാക്കൾ എത്തുകയും ചെയ്തു **II**



എൽസീന ജോസഫ്

പുരമുകളിൽ പ്രഘോഷിക്കേണ്ട നസ്രായഗീതി

# ഗ്ലോറിയ ബാൻഡ് 2.0

ഇനി എങ്ങാനും അന്ന് രാത്രി ആ ആട്ടിടയന്മാർ കൂർക്കം വലിച്ചുറങ്ങുകയും മാലാഖമാർ ആട്ടിടയന്മാരുടെ ഉറക്കത്തെ ശല്യപ്പെടുത്താതിരിക്കാൻ വേണ്ടി ഗ്ലോറിയ ഗീതം നേർത്ത ശബ്ദത്തിലുമാണ് പാടിയിരുന്നതെങ്കിലെന്ന് ചിന്തിച്ചിട്ടുണ്ടോ? ഇരുട്ടിന്റെ ആലസ്യത്തിൽ ചെടികൾ പുഷ്പിക്കാനും സുഗന്ധം പരത്താനും മടിച്ചിരുന്നെങ്കിൽ അന്നത്തെ തിരുപ്പിറവി അറുബോറൻ പരിപാടി ആയേനെ. സർവമനുഷ്യർക്കും രക്ഷ ഉറപ്പുവരുത്താൻ അവതാരപ്പിറവി നടത്തിയ ഒരുവന്റെ ജനനം ആരുമറിയാതെ പോകാൻ ഇത്രയുമൊക്കെ കാര്യങ്ങൾ ധാരാളമായേനെ. ഒരു പഴുതുപോലും ബാക്കിവയ്ക്കാതെ പിതാവ് തന്റെ മകന്റെ ജനനം സകലത്ര സസ്പെൻസുകൾ കൊണ്ടും ഗംഭീരമാക്കി. അതുവരെ ലോകത്തു നടന്ന നിരവധി പ്രസവങ്ങളിൽ ഒന്നുമാത്രമായി ഒതുങ്ങിപോകാമായിരുന്ന മറിയത്തിന്റെ പ്രസവകാലയളവും ഡെലിവറിയും ലോകത്തെ ഏറ്റവും പുണ്യ ഉദരസംവാഹനമായി സ്വർഗം ഉയർത്തിയത് ഇങ്ങനെ പലവഴിയാണ്. അവതാര നിമിഷം മുതൽ ഇന്നും തുടരുന്ന നസ്രായവിരുതുകൾ എത്രയോ അനവധി.

"എന്റെ ശക്തിയും ബലവും ഉറപ്പുമൊക്കെ ദൈവമാണ്. അതു പറയാൻ എനിക്ക് മടിയില്ല. ദൈവത്തെ കൂടാതെയുള്ള ഒരുയർച്ചയും നന്മയും എനിക്ക് വേണ്ട."

കാലം വരുത്തിയ പരിഷ്ക്കാരമായിരിക്കാം പണ്ടത്തെയത്ര പോരാ ആളുകൾ. അനുഗ്രഹം യാചിച്ചും മോഹിച്ചും അങ്ങോട്ട് ചെല്ലാൻ കാണിക്കുന്ന തീക്ഷ്ണത കാര്യം നടക്കുന്നവരെയേ ഉള്ളൂ. അനുഗ്രഹം കിട്ടിയ വിവരം ഇരുചെവിയറിയാതെ ഉള്ളിൽത്തന്നെ ഒതുക്കും. പൊതുമധ്യത്തിൽ മതവിഷയങ്ങൾ പറയുന്നത് മതേതര രാജ്യത്തിന്റെ കെട്ടുറപ്പ് തകർക്കുന്നതിന് കാരണമാകില്ലേ എന്ന കപടദേശസ്നേഹമാണ് ഇതിനു പിന്നിലെന്ന് ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. വേണ്ട, മതം പറയണ്ട... കിട്ടിയ നന്മ ആരിൽ നിന്നു ലഭിച്ചു എന്ന് പറയുന്നതിന് എന്തിനിത്ര ഭയക്കണം?! അനുദിനം അനുഭവിക്കുന്ന സമാധാനത്തിനും ശാന്തതയ്ക്കും പിന്നിലെ രഹസ്യകൂട്ടുകൾ സങ്കോചം കൂടാതെ ആളുകളുടെ മുന്നിൽ പറയുമ്പോൾ പണ്ടൊരിക്കൽ കേട്ട ഗ്ലോറിയയുടെ ആവർത്തനം തന്നെയല്ലേ ഇവിടെയും സംഭവിക്കുക.

ചിലരെ ഇവിടെ എടുത്തുപറയാതെ വയ്യ. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ഏതു കൂട്ടത്തിനു മധ്യത്തിലും തങ്ങൾ കണ്ടുമുട്ടിയ നസ്രായനെ കുറിച്ച് അഭിമാനത്തോടെ പറയുന്നവർ. ഇവരെ കൂടി അന്നത്തെ ഗ്ലോറിയ ഗ്രൂപ്പിൽ ചേർത്ത് ഇത്തവണത്തെ തിരുപ്പിറവിക്ക് പുതിയ ഗീതം ചിട്ടപ്പെടുത്തണം അതാണ് അതിന്റെ ഒരു ഇത്. ഇതുവായിക്കുമ്പോൾ എന്തെങ്കിലും ഒരുൾപ്രേരണ നിങ്ങൾക്കും ഉണ്ടാകുന്നുവെങ്കിൽ ബാൻഡിന്റെ ഭാഗമാകാനുള്ള അവസരമുണ്ട്. മടിച്ചു നിൽക്കാതെ മുന്നോട്ടു വരണം.

## അകം പുറം എനിക്ക് ക്രിസ്തുവാണ്

പെരുമ്പടവത്തിന്റെ സർവ ഗ്രാമീണതയും നന്മയും മതബോധന ക്ലാസ്സിൽ നിന്നും കിട്ടിയ ക്രിസ്തുവിചാരവും ഒരുപോലെ ചേർത്ത് വളർത്തിയെടുത്തപ്പോൾ പെരുമ്പടവം ശ്രീധരൻ സൃഷ്ടിക്കപ്പെട്ടു. ഇത്രയും അനുഗൃഹീത തൂലികയ്ക്കുള്ള മുഴുവൻ ക്രെഡിറ്റും അദ്ദേഹം കൊടുക്കുന്നത് ശ്രീധരൻ എന്ന വ്യകതി അനുഭവിച്ചറിഞ്ഞ ക്രിസ്തുവിനാണ്. ആൾക്കൂട്ടത്തിനു നടുവിലും യാതൊരു മറയുമില്ലാതെ എനിക്ക് എല്ലാം ക്രിസ്തുവാണ് എന്ന് പറയാൻ അദ്ദേഹത്തിന് കഴിയുന്നുണ്ട്. ആൾക്കൂട്ടത്തിന്റെ കയ്യടിക്കോ പരിഗണനക്കോ അല്ലെങ്കിൽ വിമർശിക്കപ്പെടുമെന്നു ഭയന്നോ ഒന്നുമല്ല. ഇത് ഉള്ളിൽ നിന്നുമുള്ള ആത്മചോദന അദ്ദേഹം ഏറ്റുപറയുകയാണ്. എനിക്ക് എവിടെയൊക്കെയോ സമാനത തോന്നിയ, എനിക്കുവേണ്ടി പിറന്നു എന്ന തോന്നൽ തന്ന അവതാരപ്പിറവിയാണ് ക്രിസ്തു എന്ന്. സ്നേഹത്തിന്റെ ഭാഷയും കരുണയുടെ മനോഹാരിതയും സഹനത്തിന്റെ മഹത്വവുമൊക്കെ ഈ നസ്രായൻ ഗുരുകുലത്തിൽ നിന്നുമാണ് പെരുമ്പടവം ശ്രീധരൻ പഠിച്ചത്. അർഥശങ്കയ്ക്കിടയില്ലാത്തവിധം പറഞ്ഞുവയ്ക്കുന്ന ഈ അനുഭവസാക്ഷ്യമാണ് ഈ ക്രിസ്തുമസ് കാലത്തെ മികച്ച സുവിശേഷം.

**വേണ്ട, മതം പറയണ്ട... കിട്ടിയ നന്മ ആരിൽ നിന്നു ലഭിച്ചു എന്ന് പറയുന്നതിന് എന്തിനിത്ര ഭയക്കണം?**

ഗ്ലോറിയ ബാൻഡ് സെറ്റിൽ ലീഡ് സിംഗറാകാൻ ഈ പുള്ളി ധാരാളം. വായനക്കാർക്കിടയിൽ നിന്നും ആർക്കെങ്കിലും താത്പര്യമുണ്ടെകിൽ മുന്നോട്ടുവരാവുന്നതാണ്.

## നന്ദിവേണമെടോ നന്ദി.. ഉണ്ട ചോറിനും കിട്ടിയനുഗ്രഹങ്ങൾക്കും

**അവതാരകൻ:** “ഇത്രയധികം ദൈവത്തിൽ വിശ്വസിക്കാൻ ഉള്ള കാരണം എന്താണ്?”

**സംവിധായകൻ ജോണി ആന്റണി:** അത്ഭുതങ്ങൾ മാത്രം കണ്ടു വളർന്ന സാഹചര്യം. പ്രാർഥിച്ചാൽ അസാധ്യമായിട്ടൊന്നുമില്ല എന്നുള്ളത് കണ്ടും കേട്ടും വളർന്നു. കർത്താവു നടത്തും എന്നത് എനിക്കും ഒരു വിശ്വാസസത്യമായി മാറിയ ധാരാളം അനുഭവങ്ങൾ. എന്റെ വഴികളിലും അലച്ചിലുകൾക്കിടയിലുമൊക്കെ ഞാൻ ദൈവത്തോടാണ് സംസാരിച്ചിരുന്നത്. ദൈവം എന്നെ കൈപിടിച്ച് നടത്തുകയും ചെയ്യുന്നു. കൈപിടിച്ച് നടത്തുമ്പോൾ നന്ദിയുള്ളവരായിരുക്കുക എന്ന മനോഭാവം നമുക്ക് ഉണ്ടാകണമല്ലോ. അത് ദൈവത്തോടായാലും മനുഷ്യരോടായാലും. എന്റെ ശക്തിയും ബലവും ഉറപ്പുമൊക്കെ ദൈവമാണ്. അത് പറയാൻ എനിക്ക് മടിയില്ല. ദൈവത്തെ കൂടാതെയുള്ള ഒരുയർച്ചയും നന്മയും എനിക്ക് വേണ്ട.

ജനപ്രിയ ചിത്രങ്ങളുടെ ചുക്കാൻ പിടിക്കുന്ന ജോണി ആന്റണിക്ക് ഉരുക്കിനേക്കാൾ ഉറപ്പു തോന്നിയത് കർത്താവിന്റെ കരത്തിന്റെ ബലത്തിലാണ്. അതേ തീക്ഷ്ണതയോടെ അത് പങ്കുവയ്ക്കാനും അദ്ദേഹം ചങ്കൂറ്റം കാണിക്കുന്നു. ഗ്ലോറിയ ബാൻഡിൽ ഹൈ പിച്ച് എടുക്കാൻ ഈ പുള്ളി ധാരാളം. വായനക്കാർക്കിടയിൽ നിന്നും ആർക്കെങ്കിലും താത്പര്യമുണ്ടെകിൽ മുന്നോട്ടു വരാവുന്നതാണ്.

## ഏറ്റവും അഭിമാനം കത്തോലിക്കനായതിൽ

ഇത് സിജോയ് വർഗീസ് എന്ന പ്രമുഖ പരസ്യ ചിത്ര സംവിധായകൻ. 5 മക്കളുടെ അപ്പൻ. സിനിമയുടെ വെള്ളി വെളിച്ചത്തിൽ നിൽക്കുമ്പോഴും പ്രശസ്തിയുടെ വലയത്തിനുള്ളിൽ നിൽക്കുമ്പോഴും എങ്ങനെ ഇത്ര തീക്ഷ്ണതയോടെ ഈശോയ്ക്കു വേണ്ടി നിലകൊള്ളാൻ കഴിയുന്നു എന്ന ചോദ്യത്തിന് അദ്ദേഹം നൽകിയ മറുപടി അമ്പരപ്പിക്കുന്നതാണ്. മാതാപിതാക്കളുടെ അകാലത്തിലുള്ള വേർപാടിൽ തകർന്നു പോയ സിജോയ് വർഗീസിനും സഹോദരങ്ങൾക്കും ഉൾക്കാഴ്ച കൊടുത്തത് “ഈ ലോകത്തിന്റെ വെല്ലുവിളികളെ അതിജീവിച്ചു അനശ്വരമായ സ്വർഗീയ ജീവിതം നേടുന്നതിനുള്ള ഏക മാർഗം സഹനമാണെന്ന” സിസ്റ്റർ ആന്റി പറഞ്ഞ വാക്കുകളാണ്. “ഈ ലോകത്തിലെ എല്ലാറ്റിനുമുപരിയാണ് ക്രിസ്തുവിനൊപ്പമുള്ള ജീവിതം എന്ന് തിരിച്ചറിഞ്ഞപ്പോൾ എന്റെ മുന്നിലുള്ള ഒരു മായക്കാഴ്ചകളും എന്നെ ഭ്രമിപ്പിക്കാറില്ല.” അദ്ദേഹം പറയുന്നു. ക്രിസ്തുവിനെ അറിഞ്ഞാണ് ജീവിക്കുന്നത്. ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിൽ സന്തോഷിക്കുന്നു. ക്രിസ്തുവിനെ മുഖാമുഖം കാണുന്ന നാളുകൾക്കുവേണ്ടി ഒരുങ്ങിയാണ് ഓരോ നിമിഷവും ജീവിക്കുന്നത്.

ഏതു പൊതുവേദിയിലും യാതൊരുവിധ സങ്കോചവുമില്ലാതെ നിലപാടുകൾ ഉറച്ച ശബ്ദത്തിൽ പറയുമ്പോൾ ക്രിസ്തുവിന്റെ യഥാർഥ പോരാളിയുടെ മുഖമാണ് സിജോയ്ക്കുള്ളത്. ആട്ടിടയന്മാരുടെ ക്ഷീണത്തിലാണ്ട മയക്കത്തെ ഹല്ലേലുയ പാടി ഉന്മേഷത്തോടെ ഉണർത്തിയ മാലാഖ ഗീതം പോലെ ഞായറാഴ്ച ക്രിസ്ത്യാനികളുടെ വിശ്വാസജീവിതത്തിനു കുറച്ചൊരു വെല്ലുവിളിയാകുമെന്നു പ്രത്യാശിക്കാം.

എത്രയെത്ര പ്രമുഖരും അല്ലാത്തവരുമായവർ സധൈര്യം ക്രിസ്തുവിലുള്ള പ്രത്യാശ ഏറ്റുപറയുന്നു. എഴുതാനാണെങ്കിൽ വിവിധ മേഖലയിലുള്ള പലയാളുകളേയും ഇവിടെ കൊണ്ടുവരേണ്ടതുണ്ട്. തത്ക്കാലം അതിനു മുതിരുന്നില്ല. എത്രയോ ആളുകൾ അസംഖ്യം നന്മകളും അത്ഭുതങ്ങളും അനുഭവിച്ചറിഞ്ഞിട്ടും അവയൊക്കെ പീഠത്തിന് കീഴിൽ വച്ച ദീപം കണക്കെ സ്വന്തം ഡയറിക്കുറിപ്പിലൊതുക്കുന്നു. എന്തിനാണ് മനുഷ്യർക്ക് ഇത്ര എളിമയും വിധേയത്വവും നന്ദി പറയുന്ന കാര്യത്തിൽ മാത്രമെന്ന് ഇനിയും മനസ്സിലായിട്ടില്ല.

ശുദ്ധസംഗീതത്തിനു ഹൃദയത്തെ ഉണർത്താൻ കഴിയുമെന്നാണല്ലോ. കാലത്തിന്റെ മഞ്ഞുവീഴ്ചയിൽ ഉറഞ്ഞുപോയ മലയാളികളുടെ ക്രൈസ്തവ ജീവിത സാക്ഷ്യങ്ങൾക്ക് ഇവരുടെ പാട്ടുകൾ പുതുജീവൻ കൊടുക്കട്ടെ എന്നാഗ്രഹിക്കുന്നു.

ജോണി ആന്റണിയുടെ വാക്കുകൾ കടമെടുക്കുന്നു, ‘നന്ദിവേണം ദൈവത്തോടും മനുഷ്യരോടും.’ പുൽത്തൊട്ടിയിൽ കിടക്കുന്ന പൊന്നുണ്ണി ഈ ക്രിസ്തുമസ് കാലത്ത് നന്ദിയുടെ വരം തന്ന് അനുഗ്രഹിക്കട്ടെ എന്നാശംസിക്കുന്നു. നന്ദിയുള്ളവരായി പുതുവർഷത്തിലേക്ക് പ്രവേശിക്കാം. ഒരു മാറ്റമില്ലെങ്കിൽ ചുറ്റുമുള്ളവർക്ക് നമ്മളൊക്കെ വെറും ബോറന്മാരായി തോന്നും. അതുകൊണ്ട് ഒരു ചെയ്ഞ്ച് ആയിക്കോട്ടെ **II**



മനുഷ്യരുടെ മുമ്പിൽ
എന്നെ ഏറ്റുപറയുന്നവനെ
എന്റെ സ്വർഗസ്ഥനായ
പിതാവിന്റെ മുമ്പിൽ
ഞാനും ഏറ്റുപറയും.


മനുഷ്യരുടെ മു
എന്നെ തള്ളിപ്പറയുന്നവ
എന്റെ സ്വർഗസ്ഥ
പിതാവിന്റെ മുമ്പി
ഞാനും തള്ളിപ്പ

Everyone who acknow
me before others I
will acknowledge befo
my heavenly Father. But wh
denies me before ot
I will deny before my
heavenly Father.

കവർ സ്റ്റോറി



ജിന്റോ ജോൺ



# വിശ്വാസം ഏറ്റുപറയണോ?

ഇതുവരെ പരിചയപ്പെട്ട നിരീശ്വരവാദികളും അവിശ്വാസികളുമെല്ലാം തങ്ങളുടെ അവിശ്വാസം തുറന്നുപറയാൻ അവസരം കാത്തിരിക്കുകയാണ് എന്നു തോന്നിയിട്ടുണ്ട്. അതേസമയം വിശ്വാസികളിൽ നല്ലൊരുവിഭാഗത്തിനും തങ്ങളുടെ വിശ്വാസം തുറന്നുപറയാനാകുന്നില്ലെന്നതാണു മനസ്സിലായിട്ടുള്ളത്. അവിശ്വാസിക്ക് തന്റെ അവിശ്വാസത്തിലുള്ളത്ര വിശ്വാസം വിശ്വാസിക്ക് സ്വന്തം വിശ്വാസത്തിലില്ലേ എന്നതാണ് ഒരു സംശയം. താൻ ഒരു വിശ്വാസിയാണ് എന്നുപ്രഖ്യാപിക്കുന്നതിൽനിന്ന് ഒരാളെ തടയുന്നത് എന്തെല്ലാം ഘടകങ്ങളായിരിക്കും? വിശ്വാസം വളരെ വ്യക്തിപരമാണെന്നും അതിനെക്കുറിച്ച് പുറത്തുപറയേണ്ടതില്ലെന്നുമുള്ള ചിന്തയാകാം ഒരു കാരണം. സ്വന്തം കഴിവിൽ വിശ്വസിക്കാനാകാത്തവരാണ് ദൈവത്തെ വിളിക്കുന്നത് എന്ന വാദത്തിന്റെ സ്വാധീനമാകാം. വിശ്വാസവും ശാസ്ത്രവും ഒരുമിച്ചുപോകില്ല എന്ന് പഠിപ്പിക്കുന്നവരുണ്ടാക്കിയ ആശയക്കുഴപ്പം മൂലമാകാം. അല്ലെങ്കിൽ, വിവിധ മതക്കാരായ വിശ്വാസികളുടെ മുന്നിൽ ഒറ്റപ്പെട്ടുപോകുമോ എന്ന ഭയവുമാകാം.

**ഏതൊരു മനുഷ്യനും പ്രസക്തമായ കാര്യമാണ് അവനവന്റെ വിശ്വാസം. ഈ വിശ്വാസം ആവശ്യമുള്ളപ്പോഴെല്ലാം ഏറ്റുപറയേണ്ടതോ അതോ ആവേശം തോന്നുമ്പോൾ മാത്രം പറയേണ്ടതോ? ഏറെ കനപ്പെട്ട ഈ വിഷയം ഇതിനേക്കാൾ ലളിതമായി ഇനി പറയാൻ കഴിയുമെന്ന് തോന്നുന്നില്ല**

അപ്പോഴും വിശ്വാസപ്രഖ്യാപനങ്ങൾ ഉയർന്നുകേൾക്കുന്ന ചില സ്ഥലങ്ങളുണ്ട്. ധ്യാനകേന്ദ്രങ്ങൾ, കൺവെൻഷനുകൾ, പ്രാർഥനായോഗങ്ങൾ. എന്നാൽ ഇവർപോലും പുറത്തേക്കിറങ്ങിയാൽ തങ്ങളുടെ വിശ്വാസത്തെക്കുറിച്ച് തുറന്നുസംസാരിക്കണമെന്നില്ല. ധ്യാനത്തിന്റെ സമയത്തുള്ള തീക്ഷ്ണതയുടെ അഗ്നി പുറത്തേക്കിറങ്ങിയാൽ മങ്ങുന്നു. അമേരിക്കൻ കത്തോലിക്കാ വൈദികനും യൂട്യൂബറുമായ മൈക്ക് ഷ്മിട്സ് ഈ സാഹചര്യത്തെക്കുറിച്ചു പറയുന്നത്

ഇങ്ങനെയാണ്: 'ധ്യാനകേന്ദ്രങ്ങളും കൺവെൻഷനുകളുമെല്ലാം തീക്ഷ്ണതയുടെ തീയെ ആളിക്കത്തിക്കാൻ പാകത്തിന് ഓക്സിജൻ ധാരാളമായി നൽകുന്നയിടങ്ങളാണ്. എന്നാൽ ജീവിതത്തിന്റെ വിവിധ തുറകളിലേക്കിറങ്ങുമ്പോൾ ഈ ഓക്സിജന്റെ ലഭ്യത കുറയുന്നു, തീക്ഷ്ണതയും കുറയുന്നു.' തീക്ഷ്ണത നിലനിറുത്താൻ എന്നും ധ്യാന കേന്ദ്രത്തിൽ കഴിയേണ്ടിവരുന്ന അവസ്ഥ!

യഥാർഥത്തിൽ വിശ്വാസത്തെ ഗൗരവമായി എടുത്തയാൾക്ക് തന്റെ വിശ്വാസം രഹസ്യമായി വയ്ക്കാനാകുമെന്നു തോന്നുന്നില്ല. പ്രത്യേകിച്ച് ക്രിസ്ത്യാനികളെ സംബന്ധിച്ച് സ്വന്തം ജീവിതത്തിലൂടെ സുവിശേഷത്തിനു സാക്ഷ്യംനൽകുക എന്നത് ഒരു കടമയാണ്. കത്തോലിക്കാ സഭയിലെ അൽമായർ വിശ്വാസത്തിലൂടെ സമൂഹത്തിൽ തങ്ങളുടെ മുദ്ര പതിപ്പിക്കണമെന്നാണ് മതബോധനഗ്രന്ഥം (യൂക്യാറ്റ് 139) വ്യക്തമായി പറഞ്ഞിരിക്കുന്നത്. തങ്ങളുടെ കുടുംബത്തിൽ, പഠനസ്ഥലത്ത്, ജോലിസ്ഥലത്ത് എന്നിങ്ങനെ എല്ലായിടങ്ങളിലും വിശ്വാസത്തിനു സാക്ഷ്യം വഹിക്കണം. വിശ്വാസിയായിരിക്കുന്നതാണ് ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം സ്വാഭാവികം. കാരണം സത്യം അന്വേഷിക്കാനുള്ള പ്രവണത മനുഷ്യന്റെ ഒരു സ്വാഭാവിക ഗുണമാണല്ലോ! സത്യത്തെ അന്വേഷിക്കുന്നവരെല്ലാം അറിഞ്ഞോ അറിയാതെയോ ദൈവത്തെ തന്നെയാണ് അന്വേഷിക്കുന്നതെന്ന് വി. എഡിത്ത് സ്റ്റെയിൻ പറയുന്നു.

വിശ്വാസം ഏറ്റുപറയാൻ ഒരാൾക്ക് കഴിയുന്നത് അയാൾ സ്വന്തം വിശ്വാസം ജീവിക്കുമ്പോഴായിരിക്കും. അപ്പോഴാണ് ആ വിശ്വാസം യാഥാർഥ്യമായി അയാൾക്ക് അനുഭവപ്പെടുക. ആ വിശ്വാസത്തെക്കുറിച്ച് ഏതുസാഹചര്യത്തിലും അയാൾക്കു പറയാനാകും. എന്നാൽ താൻ ജീവിക്കാത്ത വിശ്വാസത്തെക്കുറിച്ച് ഒരാൾ പറയുന്നത് കേൾവിക്കാരിൽ എത്രത്തോളം അലോസരമാണുണ്ടാക്കുക. സംസാരത്തിലെ വിശ്വാസം ജീവിതത്തിൽ കാണിക്കാത്തവരെ ക്രിസ്തു എത്രമാത്രം രോഷത്തോടെയാണ് കപടനാട്യക്കാരേ എന്നു വിളിക്കുന്നത്! വാക്കുകളിലൂടെ വിശ്വാസം ഏറ്റുപറയുന്നതിനു മുൻപുതന്നെ പ്രവൃത്തിയിലൂടെ അതു തെളിയിക്കാൻ ജീവിതം ഒട്ടേറെ അവസരങ്ങൾ നമുക്കു നൽകുന്നുണ്ട്.

> **വിശ്വാസം ഏറ്റുപറയാൻ ഒരാൾക്ക് കഴിയുന്നത് അയാൾ സ്വന്തം വിശ്വാസം ജീവിക്കുമ്പോഴായിരിക്കും. അപ്പോഴാണ് ആ വിശ്വാസം യാഥാർഥ്യമായി അയാൾക്ക് അനുഭവപ്പെടുക. ആ വിശ്വാസത്തെക്കുറിച്ച് ഏതുസാഹചര്യത്തിലും അയാൾക്കു പറയാനാകും**

ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന വലിയൊരു വിശ്വാസി സമൂഹത്തിന്റെ ഭാഗമാണ് നാം എന്ന ചിന്ത നമ്മുടെ വിശ്വാസം ജീവിക്കാനും ഏറ്റുപറയാനും നമുക്ക് കൂടുതൽ ധൈര്യം നൽകാൻ സാധ്യതയുണ്ട്. ഫാ. ഷ്മിട്സിന്റെ വാക്കുകളിൽ പറഞ്ഞാൽ കത്താനുള്ള ഓക്സിജൻ തീരെ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽപോലും വിശ്വാസം പ്രഖ്യാപിക്കപ്പെടുന്നുണ്ടെന്ന് ഓർക്കണം. മധ്യപൂർവ ദേശങ്ങളിലും ആഫ്രിക്കയിലുമെല്ലാം മതപീഡനങ്ങൾ യാഥാർഥ്യമാണെന്നതും അതിനിടയിൽപോലും ക്രിസ്തു പ്രഘോഷിക്കപ്പെടുന്നുണ്ടെന്നതും ഓക്സിജൻ ധാരാളിത്തമുള്ള കേരളത്തിലെ വിശ്വാസികളെ ചെറുതായെങ്കിലും ഉണർത്തേണ്ടതാണ്.

വിശ്വാസം ജീവിക്കുന്നവരും ഏറ്റുപറയുന്നവരുമാകാൻ നമ്മെതന്നെ ഒരുക്കേണ്ടതുണ്ട്. യുക്തിയില്ലായ്മയിൽനിന്നാണ് വിശ്വാസം ജനിക്കുന്നത് എന്ന് അവിശ്വാസികളുടെ ആചാര്യന്മാർ കാലങ്ങളായി കണ്ണുമടച്ചു പ്രഘോഷിക്കുന്നതാണ്. യുക്തിക്കു നിരക്കാത്ത അനുഭൂതികളും ആശയങ്ങളുമല്ല കത്തോലിക്കാ വിശ്വാസമെന്നു മനസ്സിലാക്കാൻ സഭയുടെ മതബോധന ഗ്രന്ഥമൊന്നു വായിച്ചാൽ മതി. യുവജനങ്ങൾക്കായി തയ്യാറാക്കിയ 'യൂക്യാറ്റ്' എന്ന പതിപ്പുമുണ്ട്. വിശ്വാസമെന്താണെന്നു തുടങ്ങി വിശ്വാസ സംബന്ധമായ ചോദ്യങ്ങൾക്കെല്ലാം ആധികാരികമായ വിശദീകരണത്തിന് മറ്റൊരു സ്രോതസ്സ് ആരും തേടേണ്ടതില്ല.

ഒരാൾ താൻ ജീവിക്കുന്ന തന്റെ വിശ്വാസം ഏറ്റുപറയുന്നത് മതേതരത്വത്തെയോ മനുഷ്യത്വത്തെയോ അസ്വസ്ഥതപ്പെടുത്തിക്കൊണ്ടാകരുത്. യഥാർഥ വിശ്വാസിയിൽനിന്ന് അങ്ങനെയുണ്ടാകുകയുമില്ല. കാരണം യഥാർഥ വിശ്വാസം വർഗീയതയോ വിഭാഗീയതയോ ഉണ്ടാക്കുന്നില്ല. കാരണം ദൈവം പിതാവാണെന്നും മനുഷ്യരായി പിറക്കുന്നവരെല്ലാം ദൈവത്തിന്റെ മക്കളാണെന്നും നാം ആദ്യംതന്നെ വിശ്വസിക്കുന്നുണ്ടല്ലോ.

ഒരാൾ വിശ്വാസം ഏറ്റുപറയുന്നതോ പറയാതിരിക്കുന്നതോ ദൈവത്തെ സംബന്ധിച്ച് അത്ര വലിയ കാര്യമാകാൻ സാധ്യതയില്ല. പക്ഷേ, നാം മനുഷ്യരുടെ മുന്നിൽ ക്രിസ്തുവിനെ ഏറ്റുപറഞ്ഞാൽ ക്രിസ്തു നമ്മെ പിതാവിന്റെ മുന്നിൽ ഏറ്റുപറയും എന്നൊരു വാഗ്ദാനമുണ്ട്. ക്രിസ്തു നിലനിൽക്കുന്നതുപോലെ അവന്റെ വാക്കും നിലനിൽക്കുമല്ലോ.




# ന്യൂസ് ഹൈലൈറ്റ്സ്

കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായത് ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.

## ഇറാഖിലെത്തിയ സിഎംസി സന്യാസിനികൾ

നവംബർ 5-ലെ സത്യദീപത്തിന്റെ കവർ സ്റ്റോറി എടുത്തു പറയേണ്ടതാണ്. അവിടത്തെ സഭയുടെ ആവശ്യപ്രകാരം അധ്യാപനത്തിനും മറ്റു ശുശ്രൂഷകൾക്കുമായി ഇറാഖിലേക്കു കടന്നു പോയ ഏതാനും സി.എം.സി. സന്യാസിനികളുടെ അനുഭവങ്ങൾ ഹൃദയസ്പർശിയാണ്. വർഷങ്ങൾക്കു മുൻപ് സജീവമായിരുന്ന ഒരു സഭയുടെ ചാരക്കൂനകളിൽനിന്നുള്ള വിലയിരുത്തലുകൾ നഷ്ടപ്രതാപത്തിന്റെ ഓർമകളെ പുൽകി ഉണർത്തുന്നു. അബ്രാഹത്തിന്റെ കാലം മുതൽ യഹൂദരും പിന്നീട് ക്രൈസ്തവരും ജീവിച്ചിരുന്ന പുരാതന ദേശം ഇന്ന് ഉഴുതുമിറച്ചിട്ടതുപോലെയായി. പതിനായിരങ്ങൾ കൊല്ലപ്പെടുകയും ലക്ഷങ്ങൾ പ്രവാസികളായി പോകുകയും ചെയ്തു. അവിടെയുമിവിടെയുമായി അവശേഷിക്കുന്ന ഒരു ചെറിയ കൂട്ടം ക്രൈസ്തവരുടെ ദുരിതപൂർണമായ അവസ്ഥയിൽ അവരെ സഹായിക്കാനായി കേരളത്തിൽനിന്നും പ്രത്യേക ക്ഷണപ്രകാരം കടന്നുപോയ സന്യാസിനികളെ അഭിനന്ദിക്കുന്നു. അവർ പറഞ്ഞതുപോലെ, എവിടെയാണെങ്കിലും മരിക്കും; എന്നാൽ, നാലു പേർക്കു നന്മ ചെയ്തിട്ടാണെങ്കിൽ അതെങ്കിലും ബാക്കിയുണ്ടാകും എന്ന മനോഭാവത്തെ ശ്ലാഘിക്കാതെ തരമില്ല.



## ജംഗ്ഫുഡുകൾ എത്രത്തോളമാകാം

ഇന്നത്തെ യുവജനങ്ങളും കുട്ടികളും ഫാസ്റ്റ് ഫുഡും ജംഗ് ഫുഡും കൂടുതലായി ഇഷ്ടപ്പെടുകയും ഉപയോഗിക്കുന്നവരും ആണ്. ഇതിൽ ഉപ്പ്, കൊഴുപ്പ് തുടങ്ങിയവ വളരെ അളവിൽ അടങ്ങിയിരിക്കുന്നു. ഇതിൽ ഫൈബർ തീരെ കുറവാണ്. പഴങ്ങളും പച്ചക്കറികളും ഉപയോഗിക്കാതെ ജംഗ് ഫുഡുകൾ കൂടുതലായി ഉപയോഗിച്ചാൽ അത് ശരീരത്തിനു ദോഷകരമായി ഭവിക്കുന്നു. ഭക്ഷണ കാര്യത്തിൽ ശ്രദ്ധിച്ചില്ലെങ്കിൽ വളരെ വേഗം അനാരോഗ്യത്തിലേക്കു പോകും. സോഫിയ ടൈംസ് ഇതിനെപ്പറ്റി ഇറക്കിയ വീഡിയോ ഏവരും കാണുന്നത് ആരോഗ്യം നിലനിറുത്താൻ ഏറെ സഹായിക്കും.

https://www.youtube.com/watch?v=5M7CceWF-Bg




## ഇത്തവണ ലോഗോസ് പ്രതിഭ കേരളത്തിന് പുറത്തുനിന്നും

4,72000 പേർ മത്സരിച്ച ലോഗോസ് ക്വിസ്സിൽ ബാംഗ്ലൂരിൽനിന്നുള്ള നിമാ ലിന്റോ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ചരിത്രത്തിലാദ്യമായിട്ടാണ് കേരളത്തിന് പുറത്തുനിന്നുള്ള ഒരാൾ പ്രതിഭയാകുന്നത്. ഐ.ടി. രംഗത്തു പ്രവർത്തിക്കുന്ന നിമാ ലിന്റോ മാണ്ഡ്യ രൂപതയിൽ നിന്നുള്ളയാളാണ്. 700 പേർ ആദ്യ റൗണ്ടിൽ പ്രവേശിച്ചെങ്കിലും ഫൈനൽ റൗണ്ടിലെത്തിയത് 6 പേർ മാത്രമാണ്.

https://www.youtube.com/watch?v=59O6e12SLJE

# വിദേശ മലയാളികളുടെ അനുകരണീയ മാതൃക

അമേരിക്കയിൽ കുടിയേറിപ്പാർത്തതു കൊണ്ട് വിശ്വാസത്തിനു കുറവു വരുമെന്ന് ആരും കരുതേണ്ട. ചിക്കാഗോ സീറോ മലബാർ രൂപതയിലെ 32 അൽമായർ ദൈവശാസ്ത്രത്തിൽ ഡിപ്ലോമ കരസ്ഥമാക്കി. തിരക്കുള്ള പ്രവാസജീവിതത്തിനിടയിലും ദൈവിക കാര്യങ്ങൾക്കു പ്രാധാന്യം കൊടുക്കാൻ അവർ പ്രത്യേകമായി ശ്രദ്ധിച്ചു. കേരളത്തിൽ നമുക്ക് ദൈവശാസ്ത്രം പഠിക്കാൻ നിരവധി സാധ്യതകളുണ്ടായിട്ടും അതൊന്നും വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താൻ നമുക്കു കഴിയുന്നില്ല. ചിക്കാഗോ സീറോ മലബാർ രൂപത മതബോധന വിഭാഗം നടത്തുന്ന മാർത്തോമാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നാണ് ഈ നേട്ടം അവർ സ്വന്തമാക്കിയത്. നവംബർ 9-ലെ സൺഡേ ശാലോമിൽ ഈ വിവരങ്ങൾ പ്രസിദ്ധീകരിച്ചിരിക്കുന്നു.



# അറബ് നാട്ടിലെ ക്രൈസ്തവ ചരിത്രം


അറബ് നാട് എന്നു കേൾക്കുമ്പോൾ മുസ്ലിം മതം രൂപം കൊണ്ടതും നിലനിൽക്കുന്നതുമായ സ്ഥലം എന്നാണ് നമ്മുടെ മനസ്സിൽ വരുക. എന്നാൽ, ശക്തമായ ക്രിസ്തീയ സാന്നിധ്യത്തിന്റെ വേരുകൾ അവിടെ കണ്ടെത്താൻ കഴിഞ്ഞു. ഇസ്ലാം ഉണ്ടാകുന്നതിനു മുൻപുതന്നെ ക്രൈസ്തവ കേന്ദ്രമായിരുന്നു പ്രസ്തുത പ്രദേശങ്ങൾ. യുഎഇയിലെ എമിറേറ്റുകളിലൊന്നായ ഉമ്മുൽ ഖുവൈനിലെ അൽസീനി ദ്വീപിൽ പുരാവസ്തു ഗവേഷകർ നടത്തിയ ഉത്ഖനനത്തിൽ പുരാതന ക്രിസ്ത്യൻ ആശ്രമത്തിന്റെ ശേഷിപ്പുകൾ കണ്ടെത്തി. പുരാവസ്തുക്കളുടെ കാലപ്പഴക്കം നിർണയിക്കുന്ന കാർബൺ ഡേറ്റിങ്ങ് പ്രകാരം ആ ശ്രമത്തിന് 1400 വർഷമാണ് കണക്കാക്കപ്പെടുന്നത്. കൂടുതൽ വിവരങ്ങൾക്ക് നവംബർ 14-ലെ സൺഡേ ശാലോം ഓൺലൈൻ പത്രം നോക്കുക.



# മാതാവിന്റെ പ്രവചനങ്ങൾ യാഥാർഥ്യമാകുന്നുവോ?


സഭയും ലോകവും ഇന്നെത്തി നിൽക്കുന്ന സാഹചര്യങ്ങളെ മുൻകൂട്ടി പ്രവചിക്കപ്പെട്ടതാണോ? ഫാത്തിമായിലും ലാസലെറ്റിലും അക്കിത്തയിലും മെഡ്ജുഗോറിയായിലുമൊക്കെ മുൻകൂട്ടി പറഞ്ഞ കാര്യങ്ങൾ ഇപ്പോൾ സംഭവിച്ചു കൊണ്ടിരിക്കുകയാണെന്ന് സമകാലിക പ്രശ്നങ്ങളെ നിരീക്ഷിച്ചാൽ നമുക്കു മനസ്സിലാകും. ഷെക്കെയ്ന ചാനലിൽ വന്ന 'മറിയം കാലത്തിന്റെ അടയാളം' എന്ന പരിപാടി നമ്മെ ചിന്തിപ്പിക്കും. മാതാവിന്റെ പ്രത്യക്ഷങ്ങളിലൂടെ തരുന്ന മുന്നറിയിപ്പുകൾ അവഗണിക്കാതെ അതിലടങ്ങിയ യാഥാർഥ്യത്തെ പരിശോധിച്ചറിയാൻ നമുക്കു കഴിയണം.

https://www.youtube.com/watch?v=NdkiEgY_JY8




# ക്രിസ്തുവിനെക്കുറിച്ച് കൂടുതൽ അറിയാൻ


ക്രിസ്തു എന്നും അനേകരുടെ ആശ്രയവും, ചിലരുടെ അസ്വസ്ഥതയുമാണ്. കാലം ചെല്ലുന്തോറും കൂടുതൽ ആൾക്കാർ ക്രിസ്തുവിനെ അറിയുകയും തങ്ങളുടെ രക്ഷകനായി സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ, സജീവനായി ഇന്നും വിരാജിക്കുന്ന ക്രിസ്തു ചിലർക്കെങ്കിലും തിരിച്ചറിയാനാകാതെ പ്രഹേളികയായി മാറുകയും ചെയ്യുന്നു. പലരിലൊരുവാനായി അല്ലെങ്കിൽ തുല്യരിലൊരുവനായി ദൈവസങ്കൽപ്പത്തെ ക്രിസ്തുവിൽ നിരീക്ഷിക്കുന്നവരുണ്ട്. ക്രിസ്തുവിന്റെ യഥാർഥ സത്തയെ തിരിച്ചറിയാൻ കഴിയാത്ത ക്രൈസ്തവരും നമ്മുടെയിടയിലുണ്ട്. അങ്ങനെയുള്ളവർക്കു മാത്രമല്ല സകലർക്കും ഉപകാരപ്പെടുന്ന ഒരു കൃതിയാണ് ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ രചിച്ച 'ക്രിസ്തുവിജ്ഞാനീയത്തിന് ഒരാമുഖം' എന്ന ഗ്രന്ഥം. കാഞ്ഞിരപ്പള്ളി വിമല ബുക്ക്സ് പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം വായിക്കുന്നത് ക്രിസ്തുവിനെ കൃത്യതയോടെ മനസ്സിലാക്കാനും നമ്മുടെ വിശ്വാസം ഊട്ടിയുറപ്പിക്കാനും നമ്മെ സഹായിക്കും.



# ക്യു & എ



ടിന്റു സോണി *കൺസൽട്ടന്റ് സൈക്കോളജിസ്റ്റ്* | tintusony@gmail.com




"തോന്നിയതുപോലെ ജീവിക്കുന്നതാണ് സ്ത്രീസ്വാതന്ത്ര്യമെന്ന് വിചാരിക്കുന്ന ഒരു തലമുറ വളർന്നുവരുകയാണ്. വഴിതെറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന പെൺകുട്ടികൾക്ക് കൗൺസലിങ് നടത്തി എന്റെ ജീവിതം പാഴായിക്കൊണ്ടിരിക്കുന്നു"

# സെക്സും പിക്സും ഫ്രീഡമോ?

**Q** എന്റെ ഒരു സുഹൃത്ത്, അവൾ പെൺകുട്ടിയാണ്. സോഷ്യൽ മീഡിയയിൽ ആക്ടീവാണിവൾ. ഇവളുടെ തന്നെ സെക്സിയായിട്ടുള്ള വീഡിയോകളാണ് ഇവൾ കൂടുതലും പോസ്റ്റ് ചെയ്യുന്നത്. എല്ലാം തന്നെ ആയിരക്കണക്കിന് ലൈക്കുകളും കമന്റുകളുമൊക്കെ ഉള്ളതാണ്. പലതും വൈറലായിട്ടുമുണ്ട്. ചില കമന്റുകൾ അറപ്പുളവാക്കുന്നതും അസഭ്യമായ ഭാഷയിലുമുള്ളതാണ്.

എനിക്കും മറ്റുചില ഫ്രണ്ട്സിനും ഇതൊന്നും ഒട്ടും അംഗീകരിക്കാനാവുന്നില്ല. അവളുടെ വീട്ടുകാരും അത്ര സപ്പോർട്ടൊന്നുമല്ല. അവളോട് ഇക്കാര്യത്തെപ്പറ്റി ഞങ്ങൾ പലതവണ സംസാരിച്ചിട്ടുണ്ടെങ്കിലും, വ്യക്തിസ്വാതന്ത്ര്യം, പണം, പോപ്പുലാരിറ്റി തുടങ്ങിയ കാര്യങ്ങളാണ് അവൾ പറയുന്നത്. മറ്റെന്ത് പറഞ്ഞാലും that's none of my business, I don't care എന്ന മൈൻഡിലാണവൾ. ഞാനും സുഹൃത്തുക്കളും ഇക്കാര്യത്തിൽ അൽപം അസ്വസ്ഥരാണ്. അവൾ ഞങ്ങളുടെ അടുത്ത സുഹൃത്താണെങ്കിലും പക്ഷേ, പറഞ്ഞിട്ടെന്തു കാര്യം അനുസരിക്കണ്ടേ? ഒരു രക്ഷയുമില്ല. ഇക്കാര്യത്തിൽ ഞങ്ങളോടോ അവളോടോ എന്തെങ്കിലും കാര്യങ്ങൾ ചേച്ചിക്ക് പറയാൻ തോന്നുന്നുണ്ടോ ?

**A** "തോന്നിയതുപോലെ ജീവിക്കുന്നതാണ് സ്ത്രീസ്വാതന്ത്ര്യമെന്ന് വിചാരിക്കുന്ന ഒരു തലമുറ വളർന്നുവരുകയാണ്. വഴിതെറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന പെൺകുട്ടികൾക്ക് കൗൺസലിങ് നടത്തി എന്റെ ജീവിതം പാഴായിക്കൊണ്ടിരിക്കുന്നു. തങ്ങൾക്കിഷ്ടമുള്ളത് ചെയ്യും എന്നാണ് പെൺകുട്ടികൾ പറയുന്നത്." വാക്കുകൾ സുഗതകുമാരിയുടേതാണ്. ഏറെ ചർച്ചയായ ഈ വാക്കുകളെ, വാർധക്യം ബാധിച്ച ഒരു സ്ത്രീയുടെ പുലമ്പലുകളായും ഈ തലമുറയാകാത്തതുകൊണ്ടുള്ള അവരുടെ വൈബ് ഇല്ലായ്മയായും ചിത്രീകരിച്ചു പ്രതികരിച്ചു സ്ത്രീ രത്നങ്ങൾ.

## ഉടൻ പണം

വലിയ കഷ്ടപ്പാടൊന്നുമില്ലാതെ എങ്ങനെ പണവും പ്രശസ്തിയും ഉണ്ടാക്കാമെന്നത് ഇപ്പൊഴത്തെ ഒരു ട്രെൻഡാണ്. അതുകൊണ്ടു തന്നെ ഇപ്പോൾ വിജയം വരിക്കാൻ അസംഖ്യം വഴികളേറെയുണ്ട്. Swiggiയും Insta Swiggiയും പോലെ ഏറ്റവും സമയം കുറഞ്ഞ, വിയർക്കാത്ത വഴികൾക്കാണ് ഡിമാൻഡ്. എന്റെ ശരീരമല്ലേ, ഞാൻ ഇഷ്ടമുള്ളത് പോസ്റ്റ് ചെയ്യും. അതെന്റെ സ്വാതന്ത്ര്യം. അശ്രദ്ധമായി തങ്ങളെത്തന്നെ

ഇൻസ്റ്റയിലും സ്നാപ്പ് ചാറ്റിലും ഫേസ്ബുക്കിലും യൂട്യൂബിലും മറ്റും പ്രദർശിപ്പിക്കുന്നതിനെ സ്വാതന്ത്ര്യം എന്നല്ല വൈകല്യം എന്നാണ് പറയേണ്ടത്. കുറച്ചു പേരുടെ ഈ സ്വാതന്ത്ര്യദാഹം മറ്റൊരു കൂട്ടം വൈകല്യമുള്ളവരെ സൃഷ്ടിക്കുന്നു എന്നതാണ് വേറൊരു സത്യം. പ്രായഭേദമന്യേ ഇത്തരക്കാർ പെരുകികൊണ്ടിരിക്കുന്നു. അവരുടെ മാനസിക, സാമ്പത്തിക, പഠന, ജോലി മേഖലകളിലും ബന്ധങ്ങളിൽ പോലും വിള്ളലുകൾ ചിലരുടേതെങ്കിലും ആഘാതങ്ങൾ എന്നു പറയേണ്ടി വരും. കുറച്ചു കൂടി വിശദമാക്കാം.

## ഒന്നാം കൂട്ടർ - പോസ്റ്റ് ചെയ്യുന്നവർ

നമ്മളിട്ട പോസ്റ്റിന് ലൈക്ക്, ഷെയർ, കമന്റ് ഒക്കെ കിട്ടുന്നത് നമ്മളിൽ ഡോപ്പമിന്റെ അളവ് കൂട്ടും. കൂടുതൽ ലൈക്കുകൾക്കായി, കൂടുതൽ ശ്രദ്ധകിട്ടുന്ന പുതുമകൾക്കായി നാം പലപ്പോഴും പലതും കോംപ്രമൈസ് ചെയ്യും. കൂടുതൽ, കൂടുതൽ പുതമയും, ലൈക്കിനും ഷെയറിനുമുള്ള ദാഹവും വലിയ പ്രതീക്ഷയും നമ്മളിൽ ഡോപ്പമിന്റെ അസന്തുലിതാവസ്ഥ (സാധാരണ കാര്യങ്ങൾ ചെയ്യാനുള്ള മോട്ടിവേഷൻ നഷ്ടപ്പെടുന്ന അവസ്ഥ) ഉണ്ടാക്കുകയും നമ്മുടെ ബോഡി സിസ്റ്റത്തിനെ തകർക്കുകയും ചെയ്യും. വിഷാദത്തിലേയ്ക്കുവരെ അത് എത്തിച്ചേക്കാം. പിന്നീട് ഇതിനെതിരെ പറയുന്നവരോട് കോപം വന്നേക്കാം. പ്രിയപ്പെട്ടവരെപോലും സദാചാര വാദികളായും എന്റെ സ്വാതന്ത്യത്തിന് കൂച്ചു വിലങ്ങിടുന്ന അപരിഷ്കൃതരായും തോന്നിയേക്കാം. പറച്ചിലു കേട്ടാൽ തോന്നും ഡോപ്പമിൻ ഒരു ഇന്റർനാഷണൽ ക്രിമിനലാണെന്ന്... നിങ്ങൾ ഒരു കാര്യം ചിന്തിക്കുമ്പോൾ തന്നെ നിങ്ങളിലെ ന്യൂറോകെമിക്കൽസ് ഡാൻസ് കളിക്കാൻ തുടങ്ങും. മേൽ പറഞ്ഞ ചില പ്രശ്നങ്ങൾ ഈ നൃത്തത്തിന്റെ താളം തന്നെ തെറ്റിച്ചു കളയും. ഡോപ്പമിൻ അവരിൽ ഒരാൾ മാത്രമാണ്.

## രണ്ടാം കൂട്ടർ - പോസ്റ്റ് കാണുന്നവർ

Sympathetic and parasympathetic nervous system എന്നൊക്കെ പറയുന്നത് അൽപം ഡാർക്ക് ആയതു കൊണ്ട് Alertnes, Calmnes എന്ന രണ്ടു വാക്കുകൾ നോക്കുക. നമ്മുടെ ശരീരം Alert ആകണം. ഉദാ: ബോർഡ് കണ്ടു - പട്ടിയുണ്ട് സൂക്ഷിക്കുക. ഹാവൂ... രക്ഷപെട്ടു. പട്ടി കൂട്ടിലാണ്. നമ്മൾ calm ആയി. Alertness ഉം calmnes ഉം നമുക്ക് ഒരു ബാലൻസ് തരുന്നുണ്ടല്ലേ... ഓൺലൈനിലെ സംഗതികൾ ഒന്നല്ലല്ലോ അതൊരുപാടുണ്ട്. സമാനമായ പുതിയ വീഡിയോകൾ വീണ്ടും വീണ്ടും വന്നു കൊണ്ടേയിരിക്കും. കൂടുതൽ പുതുമകൾ തിരഞ്ഞു തിരഞ്ഞ് Alertness കൂടും. Pleasure കൂടുതൽ കിട്ടാൻ വീണ്ടും വീണ്ടും തിരഞ്ഞു തിരഞ്ഞു പെയിൻ കൂടും.. അഡിക്ഷനിലും ഡിപ്രഷനിലും എത്തിച്ചേരും. അപ്പോ ഇങ്ങനെ ചോദിക്കാം. ഞാനിപ്പോൾ ചെറിയ, അത്ര അശ്ലീലമൊന്നും...? അങ്ങനെയുള്ളവർ എന്റെ പോസ്റ്റ് എന്തിനു കാണണം? അതായത് രമണാ... കാണാൻ പതിനാറായിരത്തെട്ട് വഴികൾ പരന്നു കിടക്കുന്നു. അതിപ്പോൾ പരസ്യം വന്നപ്പോൾ കണ്ടത്, കൂട്ടുകാരൻ കണ്ടുകൊണ്ടിരുന്നത് കണ്ടത്, അപ്പൻ കണ്ടതിന്റെ മിച്ചം കണ്ടത്, നോട്ടിഫിക്കേഷൻ വന്നപ്പോ, തോണ്ടി പോയ വഴി കണ്ടത് എന്നിങ്ങനെ പോകുന്നു കണ്ട വഴികൾ.

നിങ്ങളുടെ പോസ്റ്റ് ചിലപ്പോൾ ഒരാളുടെ മറ്റു കാഴ്ചകളിലേയ്ക്ക് പോകാനുള്ള വാതിൽ മാത്രമായിരിക്കാം. പിന്നെ കാണൽ എന്നത് perception എന്ന് വേണം മനസ്സിലാക്കാൻ. ഒന്നു കണ്ടു. വീണ്ടും വീണ്ടും കണ്ടു. വെറൈറ്റി കണ്ടു. കണ്ടു കൊണ്ടേയിരുന്നു. ഇതൊക്കെ തലച്ചോറിൽ ഉണ്ടാക്കുന്ന ധാരണ പലതാണ്. പിന്നീട് നോർമൽ ആയി തൊട്ടടുത്തിരിക്കുന്ന കൂട്ടുകാരിയേയോ കൂട്ടുകാരനേയോ ശരിയായി കാണാൻ പറ്റാത്ത വിധം ധാരണ പിശകു വരും. സ്വയംഭോഗം, നിർബന്ധിത ലൈംഗിക പ്രവൃത്തികൾ, പോൺ അഡിക്ഷൻ, ബലാത്സംഗം തുടങ്ങി കൊലപാതകം വരെയൊക്കെ നീളും. ഇന്ന് നമ്മളറിയുന്ന നിലവിലുള്ള പ്രശ്നങ്ങളുടെ ഹിസ്റ്ററി പരിശോധിച്ചാൽ അതിലുൾപ്പെട്ടവർ ആദ്യം കണ്ട കാഴ്ച, കേട്ട വാക്ക്, അനുഭവം എന്നിവ അവരെ എങ്ങനെ സ്വാധീനിച്ചെന്നു മനസ്സിലാക്കാം. നമ്മുടെ തലച്ചോറിൽ മിറർ ന്യൂറോൺസിന് മറ്റൊരാൾ ചെയ്യുന്ന പ്രവൃത്തി നമ്മൾ ചെയ്തതുപോലെ, അതേ അനുഭവം തരാൻ പറ്റും.

ഒരു വീഡിയോ പോസ്റ്റ് ചെയ്യുമ്പോൾ ഫ്രീഡം മാത്രമല്ല നമുക്ക് റെസ്പോൺസിബിലിറ്റി കൂടി ഉണ്ടെന്ന് പറയാനാണ് ഇത്രേം പറഞ്ഞത്. എന്റെയും മറ്റുള്ളവന്റെയും വെൽനെസ്സ് എനിക്ക് പ്രധാനപ്പെട്ടതാണ്. വിജയം വേണ്ടവന് അത്യാവശ്യം വേണ്ട ഒരു കാര്യമുണ്ട്, സെൽഫ് ഡിസിപ്ലിൻ. മാർഗവും ലക്ഷ്യവും ഒരുപോലെ നന്നാവും. ഓൺലൈൻ സെൽഫ് ഡിസിപ്ലിൻ നമ്മുടെ ഓൺലൈൻ പോസ്റ്റുകൾക്കുണ്ടായിരിക്കണം. എന്റെയോ മറ്റുള്ളവരുടേയോ വികാരങ്ങളെ കയറൂരി വിടാനുള്ള ഒരു വസ്തുവായി ശരീരം മാറുന്നത്, നമ്മുടെ ശരീരത്തിന്റെ മഹത്വം ആഴമായി മനസ്സിലാക്കാത്തതു കൊണ്ടാണ്.

ങ്ങടെ പറച്ചിലു കേട്ടാൽ തോന്നും ഒരാൾ വിചാരിച്ചാൽ ഇവിടങ്ങു ശരിയാകും എന്ന്. ഓൺലൈൻ ലോകത്തിന് അങ്ങനെയൊരു പ്രശ്നമുണ്ട്. 'ഒരാൾ' തന്നെ വിചാരിക്കണം. മറ്റൊരാൾക്ക് ഒന്നും ചെയ്യാൻ പറ്റില്ല. വീട്ടുകാരും കൂട്ടുകാരും പറഞ്ഞു നോക്കിയില്ലേ. നടന്നോ? ഇല്ല. ഒരാൾ തന്നെ വിചാരിക്കണം.

## മൂന്നാം കൂട്ടർ

ഓൺലൈനിൽ നിങ്ങളുടെയും എന്റെയും പ്ലാനുകളൊക്കെ സെറ്റാണ്. 24 മണിക്കൂറും നിങ്ങളെ ഫീഡ് ചെയ്യും. എന്നെ മാത്രം നോക്കിയിരുന്നാൽ മതി എന്നതാണ് പ്രലോഭനം. ഒന്നാം കൂട്ടരും രണ്ടാം കൂട്ടരും മൂന്നാം കൂട്ടരായ ഇവരോട് ഇടയ്ക്കിടയ്ക്ക് ഒരു BIG NO പറയാൻ പഠിക്കണം.. STOP പറയാൻ പഠിക്കണം.

### THE BIG ONE THING

Responsible online behaviour with a meaningful purpose. നമുക്ക് പരിശ്രമിക്കാം. പരിശീലിക്കാം II




# Subscribe!

to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds


kairos
READ WELL TO BE WELL
നന്നാവാൻ നന്നായി വായിക്കുക.
ഉണ്ണീശോയുടെ തിരുപ്പിറവി ആഘോഷിക്കുന്ന എല്ലാവർക്കും
കെയ്റോസിന്റെ ഹൃദ്യമായ ആശംസകൾ.
പുതുതലമുറയിൽ വായന പ്രോത്സാഹിപ്പിക്കുന്നതിനായി സാന്താക്ലോസിന്റെ ഈ ചിത്രം
ഒരു കാർഡ്ബോർഡിൽ ഒട്ടിച്ചതിനുശേഷം ഇതിൽ അടയാളപ്പെടുത്തിയിരിക്കുന്ന
കത്രികപ്പാട് മുറിച്ചുമാറ്റുക. പിന്നെ ആ ദ്വാരത്തിൽ മുഖം വച്ചുകൊണ്ട് ഫോട്ടോയെടുത്ത്
നിങ്ങളുടെ പ്രിയപ്പെട്ടവർക്ക് ക്രിസ്തുമസ് ആശംസകളറിയിക്കാം.
ഒരു ആശംസ കെയ്റോസിനും അയക്കണേ.. 62382 79115



MERRY CHRISTMAS
A CATHOLIC MAGAZINE FOR YOUTH AND YOUNG FAMILIES • ISSUE 57
KAIROS GLOBAL
ALSO ↓
Diving Deep into Melancholic
JILU CHENGAT
CHALLENGED BY FAITH AND COMMITMENT
SHOY THOMAS
A Missionary Movement At The Service Of The Church
മനുഷ്യരുടെ മുമ്പിൽ
എന്നെ ഏറ്റുപറയുന്നവനെ
എന്റെ സ്വർഗസ്ഥനായ
പിതാവിന്റെ മുമ്പിൽ
ഞാനും ഏറ്റുപറയും.
MERRY CHRISTMAS
JESUS YOUTH
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH
www.jykairosmedia.org
KAIROS
Buds
VOLUME 1 ISSUE 24
A CATHOLIC MAGAZINE FOR CHILDREN
WITHIN
Shrine of Our Lady of Fatima, Portugal
Be a light!
Radiant Beams!
Jesus Youth
A Missionary Movement at the Service of the Church



## പാട്ടുപെട്ടി



സാജൻ സി.എ.

# മലയാളക്കരയുടെ മിടുക്കിപ്പെണ്ണ്

പാട്ട് മൂളാത്തവർ ആരുമുണ്ടാവില്ല. നമ്മുടെ മൂഡ് ചെയ്ഞ്ച് ചെയ്യുന്ന ഒരു മാജിക് സംഗീതത്തിനുണ്ടെന്ന് നമുക്കറിയാം. അതൊരനുഭവമാണ്; അത് ഫീൽ ചെയ്യാത്ത ആരുംതന്നെയുണ്ടാവില്ല. നമ്മുടെ മലയാള സിനിമയിലെ എത്രയോ ഗാനങ്ങളാണ് അത്തരത്തിൽ പലരുടെയും പാട്ടുശേഖരത്തിലേക്ക് വന്നിട്ടുള്ളത്. പഴകുന്തോറും വീര്യം കൂടുന്ന വീഞ്ഞ് പോലെയുള്ള നല്ല പാട്ടുകൾ.

ദിലീഷ് പോത്തൻ സംവിധാനം ചെയ്ത് 2016 ഫെബ്രുവരിയിൽ തീയറ്ററുകളിലെത്തിയ 'മഹേഷിന്റെ പ്രതികാരം' എന്ന ചിത്രത്തിലെ ഒരു പാട്ട് കേട്ടാലോ. ചിത്രത്തിൽ നിറഞ്ഞു നിൽക്കുന്ന നയന മനോഹരിയായ ഇടുക്കി എന്ന നാടിനെ വർണിക്കുന്ന 'മലമേലെ തിരിവച്ച്' എന്ന പാട്ട്, ഒറ്റയ്ക്കിരുന്ന് കേട്ടാൽ നൊസ്റ്റാൾജിയ നമ്മെ വാരിപ്പുണരും. ഇടുക്കി എന്ന സ്ഥലത്തെ ഇത്രയേറെ വശ്യസുന്ദരമായി വർണിക്കുന്ന വരികൾ വേറെയുണ്ടോയെന്ന് സംശയമാണ്. ഒരുവട്ടമെങ്കിലും ഇടുക്കിയുടെ മടിത്തട്ടിൽ മയങ്ങാൻ കൊതിച്ചുപോകും.




റഫീഖ് അഹമ്മദിന്റെ വരികൾക്ക് ബിജിപാൽ സംഗീതം നൽകി ബിജിപാൽ തന്നെ ആലപിച്ചിരിക്കുന്ന ഈ ഗാനം പലവട്ടം കേട്ടാലും ഇഷ്ടം കൂടുന്നത് നാടിനെപ്പോലെതന്നെ ആ പാട്ടിന്റെയും വശ്യത ഒന്നുകൊണ്ടു മാത്രമാണ്. റഫീഖ് അഹമ്മദിന്റെ അക്ഷരക്കൂട്ടങ്ങൾ നിര നിരയായ് വരികളിലൊഴുകിയെത്തുമ്പോൾ അവ മിഴിവാർന്ന ചിത്രങ്ങളായി നമ്മുടെയുള്ളിൽ നിറയും. ഒരു നിമിഷമെങ്കിലും ജഗത് സൃഷ്ടാവായ ദൈവത്തെ നമ്മളോർക്കും. കാരണം, പ്രപഞ്ചത്തിന്റെ ഊടും പാവും പോലെ മനുഷ്യനും പ്രകൃതിയും തമ്മിൽ ഇഴപിരിയുന്നതാണ് ഗാനത്തിന്റെ ദൃശ്യങ്ങൾ.

ഒരു ചാറ്റൽമഴ കൊള്ളുന്ന സുഖം പോലെ, മഞ്ഞു പുതഞ്ഞു കിടക്കുന്ന പ്രഭാതത്തിൽ ഇലച്ചാർത്തിലെ മഴത്തുള്ളികൾ ഊർന്നിറങ്ങുന്ന കാഴ്ചപോലെ, ഈപാട്ട് നമ്മിൽ ഉൾപുളകമുണർത്തും. ഹെഡ്ഫോൺവച്ചു കേൾക്കുമ്പോൾ ഫീലിന്റെ ലെവൽ മാറും. പാട്ടിന്റെ വരികളും ഈണവും പശ്ചാത്തല സംഗീതവും ഒരു ഹാർമണിയായി കാതുകളിലേക്കെത്തുമ്പോൾ കുളിച്ചു തിരിതെളിച്ച് നമ്മൾ ദൈവസന്നിധിയിൽ നിൽക്കുന്ന പ്രതീതിയാണുണ്ടാവുക.

മൊബൈൽ ഫോൺ കൈയിലെടുക്കൂ.. പാട്ടുകേൾക്കാം.

| | | |
|---|---|---|
| ചിത്രം | : | മഹേഷിന്റെ പ്രതികാരം |
| സംവിധാനം | : | ദിലീഷ് പോത്തൻ |
| നിർമാണം | : | ആഷിഖ് അബു |
| ഗാന രചന | : | ശ്യാം പുഷ്കരൻ |
| ഛായാഗ്രഹണ സംവിധായകൻ | : | ഷൈജു ഖാലിദ് |
| സംഗീതം | : | ബിജിബാൽ |
| ഗായകൻ | : | ബിജിബാൽ |
| വരികൾ | : | റഫീഖ് അഹമ്മദ് |
| എഡിറ്റർ | : | സൈജു ശ്രീധരൻ |




യുവ / യൂത്ത്ക്ലാസ്സ്



അഡ്വ. അരുൺ പി. ആന്റണി, ആലുവ

# മടിത്തട്ടിലേക്കൊരു മടക്കയാത്ര



പിതൃഗൃഹത്തിൽ നിന്നും വിദൂര ദേശത്തേക്ക് ധൂർത്തപുത്രൻ പോയെന്നാണ് ഈശോ ഉപമയിലൂടെ പറഞ്ഞത്. പിതാവ് ആഗ്രഹിച്ച സ്ഥലത്ത് പുത്രൻ ഇല്ലാത്ത അവസ്ഥ. ആദി മാതാപിതാക്കൾക്ക് സംഭവിച്ച അതേ പരാജയം. അതുകൊണ്ടാണല്ലോ ആദം നീ എവിടെയാണ് എന്ന് പിതാവിന് ചോദിക്കേണ്ടിവന്നത്.

## വിദൂരതയിൽ

ദൈവം ആഗ്രഹിക്കാത്ത തൊഴിൽ, ബന്ധങ്ങൾ, ആഘോഷങ്ങൾ, എന്നിവയെല്ലാം ദൈവ വചനത്തിന്റെ പശ്ചാത്തലത്തിൽ വിദൂരതകളാണ്. ഇങ്ങനെയുള്ള വിദൂരങ്ങളിൽ നമ്മെത്തേടി ഒരു നാശം പതിയിരിക്കുന്നുണ്ട് എന്ന് ധൂർത്തപുത്രന്റെ ഉപമയിൽ യേശു പറയുന്നുണ്ട്. 'ഞാനിപ്പോൾ വിശപ്പുകൊണ്ട് നശിക്കുന്നു (ലൂക്കാ 15,17). ഈ വിശപ്പ് ഭൗതിക ദാരിദ്ര്യത്തെ എന്നതിനേക്കാളുപരി ആത്മീയ ദാരിദ്ര്യത്തെ സൂചിപ്പിക്കുന്നു. ദൈവ സാന്നിധ്യത്തിൽ നിന്നും ദൈവപരിപാലനയിൽ നിന്നും മനുഷ്യമക്കളെ അകറ്റിനിറുത്തുന്ന വിദൂരതയാണത്. പിതാവിൽ നിന്നും അകലെയായിരുന്ന ഒരു വിദൂരത യിൽ ആയിരുന്നല്ലോ സർപ്പം ആദി മാതാപിതാക്കളെ പറ്റിച്ചത്.

> നേർവഴിയിൽ നിന്ന് തെറ്റിപ്പോയ ജീവിതങ്ങൾക്ക് തിരികെവരാൻ അവസരങ്ങൾ എപ്പോഴുമുണ്ട്. നമുക്ക് മടങ്ങാം, പ്രപഞ്ച സ്രഷ്ടാവിന്റെ അനശ്വര സ്നേഹത്തിന്റെ മടിത്തട്ടിലേക്ക്.

വിശുദ്ധ ലിഖിതത്തിൽ പ്രതിപാദിക്കുന്ന ഈ വിദൂരത ഒരു വ്യക്തിയെ കൊണ്ട് പല തിന്മകളും ചെയ്യിക്കും. ഉപമയിൽ ധൂർത്തപുത്രന് വിജാതി യരുടെ കീഴിൽ ജോലി ചെയ്യേണ്ടതായിവന്നു എന്ന് നാം വായിക്കുന്നു. ഒരു യഹൂദനെ സംബന്ധിച്ച് അന്നത്തെ പശ്ചാത്തലത്തിൽ ഇതിനും വളരെയേറെ ഗൗരവമുണ്ട്. കാരണം വിജാതിയ യജമാനന്റെ കീഴിൽ സാബത്ത് ദിവസവും ജോലി ചെയ്യേണ്ടതായി വരും. അത് യഹൂദർ ഗു രുതരമായ തെറ്റായി പരിഗണിച്ചിരുന്ന ഒന്നാണ്. ദൈവസ്നേഹ വലയ ത്തിന് പുറത്തു കടന്നാൽ ആ വ്യക്തിയുടെ മേൽ തിന്മ ഇതുപോലെ ഭരണം നടത്തും. ഇങ്ങനെ പാപത്തിന്റെ പിടിയിലകപ്പെട്ട, അതിന്റെ മുറിവുകളും വേദനകളും മുറിപ്പാടുകളും ക്ഷതങ്ങളുമായി ഒരടിമയുടെ മനോഭാവവും ചുമന്നാണ് ധൂർത്തപുത്രൻ പിതാവിന്റെ ഭവനത്തെ ലക്ഷ്യമാക്കി യാത്ര തിരിക്കുന്നത്. ഇസ്രായേൽജനം ഈജിപ്തിന്റെ അടിമത്തത്തിൽ നിന്നും കാനാൻ ദേശത്തിന്റെ സ്വാതന്ത്ര്യത്തിലേക്ക് യാത്ര തിരിച്ചതുപോലെ.

## പിതൃഗൃഹത്തിലേക്ക് നടക്കാൻ ഭയപ്പെടേണ്ടതില്ല

ധൂർത്ത പുത്രന് ദൂരം കൂടുതൽ സഞ്ചരിക്കണം. കാരണം വിദൂര ദേശത്താണ് ഇപ്പോൾ അയാൾ. ഇപ്പോൾ അയാളുടെ മനോഭാവം പുത്രന്റേതല്ല. അടിമയുടേതാണ്. അയാൾ തന്നെ അത് പറയുന്നുണ്ട് "നിന്റെ പുത്രൻ എന്ന് വിളിക്കപ്പെടാൻ ഞാൻ യോഗ്യനല്ല, എന്നെ നിന്റെ



Bronze sculpture 'The Prodigal Son' 1927 by Arturo Martini

കൂലിക്കാരിൽ ഒരുവൻ ആക്കേണമേ" (ലൂക്ക 15,19). ഈ മനോഭാവം പൂർണമായി മാറണമെങ്കിൽ അയാൾ പിതൃഭവനത്തിലെത്തണം. അവിടെവച്ചാണ് അയാളുടെ അടിമത്തത്തിന്റെ അടയാളങ്ങളും മുറിവുകളുമൊക്കെ മാറ്റി പിതാവ് പുത്രന്റെ അടയാളങ്ങളും അഭിഷേകവും തിരികെ കൊടുക്കുന്നത്. "പിതാവാകട്ടെ, തന്റെ ദാസരോടു പറഞ്ഞു: ഉടനെ മേൽത്തരം വസ്ത്രം കൊണ്ടുവന്ന് ഇവനെ ധരിപ്പിക്കുവിൻ. ഇവന്റെ കൈയിൽ മോതിരവും കാലിൽ ചെരിപ്പും അണിയിക്കുവിൻ" (ലൂക്കാ 15,22).

അതുകൊണ്ട് വിദൂരതയിൽ നിന്നും പിതൃഭവനത്തിലേക്കുള്ള യാത്രാക്ലേശത്തെ ഓർത്ത് ഭയപ്പെടേണ്ടതില്ല, നിരാശരാകേണ്ടതില്ല. അത് നീതീകരണത്തിന്റെ സമയമാണ്. ക്രിസ്തുവാകുന്ന വഴിയിലൂടെ ജീവിതത്തിന്റെ പല തെറ്റായ ഇടങ്ങളിൽ നിന്നും സ്വർഗീയ പിതാവിലേക്ക് യാത്ര തിരിക്കുമ്പോൾ പുത്രനായി, പുത്രിയായി നീതീകരിക്കപ്പെടുന്നതിന് ഒരു ദൂരം താണ്ടേണ്ടതുണ്ട്. പലതരത്തിലുള്ള ക്ലേശങ്ങളും ദുഃഖങ്ങളും ദുരിതങ്ങളും നമ്മെ വേട്ടയാടിയേക്കാം. ഇസ്രായേൽ ജനത്തിന് ഈജിപ്തിനും കാനാൻ ദേശത്തിനുമിടയിൽ പ്രതിസന്ധികൾ നേരിട്ടതുപോലെ. ഇസ്രായേൽജനം വിഗ്രഹാരാധനയോട് താത്പര്യം പ്രകടിപ്പിച്ചത് തന്നെ ആ ജനതയുടെ അടിമത്തത്തിന്റെ അടയാളമാണ്. ഇതുപോലെ ചില അടിമത്തങ്ങളും തഴക്കദോഷങ്ങളും നമ്മെയും പിന്തുടർന്നേക്കാം.

## നമ്മെ കാത്തിരിക്കുന്ന വിമോചനം

നവീകരണ ജീവിതം ആരംഭിച്ചിട്ടും പലതരത്തിലുള്ള ആസക്തികളും തെറ്റായ പ്രവണതകളും ഹൃദയത്തിൽ നിന്നും മാറി പോകുന്നില്ലായെന്ന് പലരും പരിതപിക്കുന്നതായി കാണാറുണ്ട്. എന്നാൽ, വലിയ വിമോചനം നമ്മെ കാത്തിരിക്കുന്നു എന്ന സത്യം നമ്മൾ

"ദൈവത്തിൽ നിന്ന് അകലാൻ കാണിച്ച തിന്റെ പത്തിരട്ടി തീക്ഷ്ണതയോടെ അവിടുത്തെ പക്കലേക്ക് മടങ്ങി വരുവിൻ"

മറന്നു പോകരുത്. തിന്മയോടുള്ള ആത്മീയ സമരം ഓരോ നിമിഷവും നമ്മൾ തുടർന്നു കൊണ്ടേയിരിക്കണം. മാനസാന്തരത്തിന്റെ പാതയിൽ അനുഭവിക്കേണ്ടിവരുന്ന സകല ക്ലേശങ്ങളെയും ദുരിതങ്ങളെയും ദൈവം വൻ കൃപകളായി രൂപാന്തരപ്പെടുത്തും. നല്ല കള്ളന് കുരിശിലെ സഹനം സ്വർഗ പ്രാപ്തിക്ക് ഉപയുക്തമായതുപോലെ.

ക്രിസ്തുവാകുന്ന വഴി, ഇടുങ്ങിയതും വീതി കുറഞ്ഞതുമാണ്. ഇതാണ് ലോകത്തെ നീതീകരിക്കാൻ ക്രിസ്തു തെരഞ്ഞെടുത്ത വഴിയും, നീതീകരിക്കപ്പെടാൻ ലോകം കടന്നു പോകേണ്ട വഴിയും. 'കുരിശിന്റെ വഴി' പ്രാർഥനകളും പരിത്യാഗങ്ങളും പ്രായശ്ചിത്തങ്ങളും ഒക്കെ അടങ്ങിയ ഒരു പാതയാണിത്. കത്തോലിക്ക സഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരം പറയുന്നു: 'പരിപൂർണതയുടെ വഴി കുരിശിലൂടെ യാണ് കടന്നു പോകുന്നത്. പരിത്യാഗവും ആധ്യാത്മിക സമരവുമില്ലാതെ വിശുദ്ധിയില്ല. തപശ്ചര്യയും പരിത്യാഗവും ആധ്യാത്മിക പുരോഗതിക്ക് ആവശ്യമാണ്. അവ ക്രമേണ സുവിശേഷഭാഗ്യങ്ങളുടെ സമാധാനത്തിലും സന്തോഷത്തിലുമുള്ള ജീവിതത്തിലേക്ക് നയിക്കുന്നവയാണ് (CCC 2015).

ഒരു ധ്യാനത്തിലൂടെയോ ദൈവാനുഭവത്തി ലൂടെയോ ധൂർത്തപുത്രനുണ്ടായതുപോലെ സുബോധമുണ്ടായി യാത്രപുറപ്പെട്ടിട്ട് പല പ്രതിസന്ധികളും പ്രശ്നങ്ങളും നേരിടുന്നു ണ്ടെങ്കിൽ ഭയപ്പെടേണ്ടതില്ല. വലിയ വിജയ ങ്ങളും സന്തോഷങ്ങളും നമ്മെ കാത്തിരി പ്പുണ്ട്. ഇവിടെ ദൈവവചനത്തിന് നമ്മെ ഓർമപ്പെടുത്താൻ ഉള്ളത് 'ദൈവത്തിൽ നിന്ന് അകലാൻ കാണിച്ചതിന്റെ പത്തിരട്ടി തീക്ഷ്ണതയോടെ അവിടത്തെ പക്കലേക്ക് മടങ്ങിവരുവിൻ' എന്നാണ്. തീക്ഷ്ണമായ പ്രാർഥനകളും പ്രായശ്ചിത്ത പ്രവൃത്തികളും ഉയരേണ്ടതുണ്ട്. മുന്നോട്ടു പോകുന്തോറും, നല്ലവനായ ദൈവം നമ്മുടെ കടങ്ങൾ ഇളച്ചു തരും. നുകങ്ങൾ ഓരോന്നായി നീക്കം ചെയ്യും. അതുകൊണ്ടാണ് ഈശോ പറഞ്ഞത് എന്റെ നുകം വഹിക്കാൻ എളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞവയുമാണെന്ന്.


നിരന്തരമായ പരിശുദ്ധ കുർബാനയുടെ സ്വീകരണം നുകങ്ങളുടെ കെട്ടുകൾ വേഗ ത്തിൽ അഴിക്കും. മാരകമായ പല രോഗ ങ്ങളും വിപത്തുകളും നിരന്തരമായ ബലി യർപ്പണത്തിലൂടെ മാറിപ്പോയെന്ന് പലരും സാക്ഷ്യപ്പെടുത്താറുണ്ട്. ഇതിനുപുറമേ വിശുദ്ധരുടെ മധ്യസ്ഥവും പരിശുദ്ധ ദൈവമാതാവിനോടുള്ള പ്രാർഥനകളും കെട്ടുകൾ അഴിക്കുകയും പ്രതിസന്ധിക ളുടെ സമയത്തെ വെട്ടിച്ചുരുക്കുകയും ചെയ്യുന്നു.

## പരിശുദ്ധ കന്യക സമയത്തെ വെട്ടിച്ചുരുക്കുന്നു

ക്ലേശ കാലഘട്ടങ്ങളുടെ ദൈർഘ്യം വെട്ടിക്കുറയ്ക്കാൻ പരിശുദ്ധ കന്യകയുടെ മധ്യസ്ഥത്തിന് സവിശേഷ ശക്തിയുണ്ട്. കാനായിലെ കല്യാണ വിരുന്നിൽവച്ച് എന്റെ സമയം ഇനിയും ആയിട്ടില്ല എന്നു പറഞ്ഞ യേശു, കാലവിളംബം കൂടാതെ അവിടെ അത്ഭുതം പ്രവർത്തിച്ചു. അതിനു കാരണം ഒന്നുമാത്രമേ സുവിശേഷകൻ ചൂണ്ടി കാണിക്കുന്നുള്ളൂ. അതു പരിശുദ്ധ അമ്മ യുടെ മധ്യസ്ഥം ആണ്. എന്റെ വ്യക്തിപര മായ ജീവിതത്തിൽ പരിശുദ്ധ അമ്മയുടെ മധ്യസ്ഥം വഴിയായി നിരവധി പ്രതിസന്ധി കളെ ചുരുങ്ങിയ സമയത്തിനുള്ളിൽ തരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. അമ്മയുടെ മധ്യസ്ഥം പുത്ര സ്വീകരണത്തിന്റെ ആത്മാ വിനാൽ നിറയപ്പെടുവാൻ നമ്മെ നിരന്തരം സഹായിക്കും. ആ അവസ്ഥയിൽ തന്നെ യാണ് യഥാർഥത്തിൽ നമ്മുടെ വിമോചനവും. ഹവ്വായുടെ പുറന്തള്ളപ്പെട്ട മക്കളായ നമുക്ക് സ്വാതന്ത്ര്യത്തിന്റെ അനുഭവത്തിലേക്ക് തിരിച്ചുവരാൻ പരിശുദ്ധ അമ്മയോടുള്ള മധ്യസ്ഥം അതിശക്തമായ തുണയാണ് ||







ലീന ഷാജു, കളമശ്ശേരി

# ഇതാ ഒരു മിഷണറി കുടുംബം

***എറണാകുളത്ത് കളമശ്ശേരിയിൽ ഒരു ഓഫ്സെറ്റ് പ്രിന്റിങ് സ്ഥാപനം നടത്തുകയും ഒപ്പംതന്നെ ധാരാളം കാരുണ്യ പ്രവർത്തനങ്ങളുമായി കുടുംബമൊന്നിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന ജോട്ടിയെന്ന ചെറുപ്പക്കാരൻ തന്റെ ജീവിതാനുഭവങ്ങൾ കെയ്റോസുമായി പങ്കുവയ്ക്കുന്നു. പാവങ്ങളെ സഹായിക്കുകയും പൊതുവേ ആളുകൾ ചെയ്തുകണ്ടിട്ടില്ലാത്ത രീതിയിലുമുള്ള ശുശ്രൂഷകളൊക്കെ ചെയ്യുന്നുവെന്ന് കേട്ടപ്പോൾ ജോട്ടിയെ നേരിട്ടുവന്ന് കാണണമെന്നും ഇക്കാര്യങ്ങൾ ചോദിച്ചറിയണമെന്നും തോന്നി. കെയ്റോസിന്റെ എക്സിക്യൂട്ടീവ് എഡിറ്റർ സാജനും ഞാനും ജോട്ടിയെയും ഭാര്യ ഷീമയെയും നേരിൽ കണ്ടതിന്റെയും ഞങ്ങളുടെ സൗഹൃദ സംഭാഷണങ്ങളുടെയും വിശേഷങ്ങളാണ് ഇവിടെ പങ്കുവയ്ക്കുന്നത്.***

**ജോട്ടിയുടെ കുടുംബകാര്യങ്ങൾ എങ്ങനെയാണ്, വിശദമായി ഒന്ന് പരിചയപ്പെടുത്താമോ?**

അപ്പൻ, അമ്മ, ഭാര്യ, മൂന്ന് കുട്ടികൾ. എറണാകുളത്ത് കളമശ്ശേരിയിൽ അപ്പനോടൊപ്പം ഒരു ഓഫ്സെറ്റ് പ്രസ്സ് നടത്തുന്നു. എന്റെ വിവാഹത്തിന് മുമ്പുതന്നെ ഇത്തരം സുവിശേഷ പ്രവർത്തനങ്ങളോടൊപ്പമായിരുന്നു എൻെറ ജീവിതം. മാതാപിതാക്കളാണ് അതെനിക്ക് കാണിച്ചുതന്നത്. ഞങ്ങളുടെ പ്രസ്സും അപ്പൻ തുടങ്ങിയ ബിസിനസാണ്. വിവാഹക്കാര്യങ്ങൾ പറയുകയാണെങ്കിൽ, വിവാഹത്തിന് ഒരുങ്ങുന്ന നാളുകളിൽ ഒരു പെണ്ണിനെ മാത്രമേ ഞാൻ കാണുകയുള്ളുവെന്ന് കർത്താവിനോട് പറഞ്ഞിരുന്നു. അങ്ങനെയൊരു ബന്ധം എനിക്കെന്റെ ദൈവത്തോട് ഉണ്ടായിരുന്നതിനാലാണ് അങ്ങനെ പറഞ്ഞത്. എന്റെയാഗ്രഹം പോലെ തന്നെയാണ് നടന്നതും.

**ഷീമയും ഇതുപോലൊരാളെ കാണാനും വിവാഹം കഴിക്കാനുമായി പ്രാർഥിക്കുകയായിരുന്നോ? (ചിരിയായിരുന്നു മറുപടി, എന്നിട്ട് ഷീമ തുടർന്നു...)**

ഇദ്ദേഹത്തിൻെറ ഈ വലിയ നന്മപ്രവൃത്തികൾക്കും ഇങ്ങനെയുള്ള കാര്യങ്ങൾക്കുമൊക്കെ പറ്റിയ ആളാണോ ഞാനെന്നായിരുന്നു എന്റെ സംശയം. ഇതായിരുന്നു ആദ്യത്തെ അനുഭവം. പിന്നെ ഞാനെന്റെ ഡാഡിയോട് കാര്യം പറഞ്ഞപ്പോൾ ഡാഡി പറഞ്ഞത്, മറ്റുള്ളവരെ ഇത്രയധികം സ്നേഹിക്കാൻ കഴിവുള്ള ഒരാളോട് നിനക്ക് യെസ് പറഞ്ഞാൽ എന്താ പ്രശ്നം എന്നാണ്. അവിടം മുതലാണ് വിവാഹത്തിൻെറ കാര്യങ്ങൾ ഉറപ്പിക്കുന്നതും. പിന്നീട് വിവാഹത്തിനായിട്ട് കൂടുതൽ പ്രാർഥിക്കാനും തുടങ്ങി. വിവാഹം നടക്കുവാൻ നാലുമാസം ഉണ്ടായിരുന്നു. ആ നാളുകളിൽ ഞങ്ങൾ ഫോണിലൂടെ സംസാരിക്കുകയും പരസ്പരം പ്രാർഥിക്കുകയും ചെയ്യുമായിരുന്നു. ഫോൺ ചെയ്യുന്ന സമയത്ത് ചേട്ടൻ ഏതെങ്കിലും അനാഥാലയത്തിലോ, അഗതിമന്ദിരത്തിലോ

ആണെങ്കിൽ അവർക്കു ഫോൺ കൊടുത്തിട്ട് അവരും ഞാനുമായും സംസാരിക്കാറുണ്ടായിരുന്നു. നേരിട്ട് കണ്ടിട്ടില്ലെങ്കിലും അങ്ങനെയുള്ള ആളുകളും സ്ഥാപനങ്ങളുമൊക്കെയായി ഫോണിലൂടെ നല്ലൊരു ബന്ധം വിവാഹത്തിന് മുമ്പേതന്നെ ഉണ്ടാകാനിടയായി.

വിവാഹം കഴിഞ്ഞതിനുശേഷം സാധാരണ ആളുകൾ വിരുന്നു പോകുന്ന ഒരു പതിവുണ്ടല്ലോ. ഞങ്ങൾ അങ്ങനെ പോയത് ഇങ്ങനെയുള്ള അഗതിമന്ദിരങ്ങളിലേക്കും ഇത്തരത്തിലുള്ള ആളുകളെ കാണാനും അവരോടൊപ്പം ആയിരിക്കാനുമൊക്കെയായിരുന്നു. ഞങ്ങളുടെ ഹണിമൂൺ സമയത്ത് ഞങ്ങൾ സൈറ്റ് സീയിങ്ങിന് പോകുമായിരുന്നെങ്കിലും രാത്രിയിൽ താമസിച്ചിരുന്നത് നേരത്തെ പറഞ്ഞതുപോലെയുള്ള സ്ഥലങ്ങളിൽ അവരോടൊപ്പമായിരുന്നു.

***(ഷീമയുടെ സംസാരത്തിനിടയിൽ ഒരു ചെറു ചിരിയോടെ ജോട്ടി പറയുകയായിരുന്നു:*** *നമ്മുടെയൊക്കെ കാരണവന്മാരും നമുക്ക് മുൻപേ പോയിട്ടുള്ളവരുമൊക്കെ എത്രയോ വലിയ കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്. അവരുടെ പാതയിലൂടെ നമ്മൾ നടക്കുന്നുവെന്ന് മാത്രമേയുള്ളൂ. തന്നെയുമല്ല നമ്മൾ ചെയ്യുന്ന ഈ ചെറിയ കാര്യങ്ങളൊക്കെ ആളുകളോട് പറയുകയോ അറിയിക്കുകയോ ചെയ്യുന്നതുമൊക്കെ നമുക്ക് ഒത്തിരി സങ്കടമുളവാക്കുന്ന കാര്യമാണ്. അതിന്റെ ഒന്നും ആവശ്യമില്ലല്ലോ.)*

**ജോട്ടിയുടെ ധർമസങ്കടവും എളിമയും കണ്ടപ്പോൾ ഞാൻ പറഞ്ഞു:** അത് ശരിയാണ് എന്നിരുന്നാൽ പോലും നമുക്ക് ചുറ്റും നടക്കുന്ന അതും നമ്മളിലൂടെ നടക്കുന്ന കാര്യങ്ങൾ മനുഷ്യർ അറിഞ്ഞില്ലെങ്കിൽ, ഇങ്ങനെയൊക്കെ ചില മനുഷ്യർ ജീവിക്കുന്നെന്നും, നമുക്കും ഇത്തരത്തിൽ സുവിശേഷം പങ്കുവച്ചു സേവന മനസ്ഥിതിയോടുംകൂടി ജീവിക്കാനാവുമെന്നും മറ്റുള്ളവരും അറിയണ്ടേ.

## ഇത്തരത്തിലൊരു ശുശ്രൂഷരീതിയിലേക്ക് ചുവടുവയ്ക്കാനിടയായ പ്രചോദനം എന്താണ്?

ഞങ്ങൾ കുട്ടികളായിരുന്ന കാലം മുതലേ, മാതാപിതാക്കൾ ഞങ്ങളെയുമായി, അനാഥാലയങ്ങളും വൃദ്ധമന്ദിരങ്ങളും അതുപോലുള്ള പല സ്ഥലങ്ങളും





സന്ദർശിക്കാൻ പോകുമ്പോൾ ഞങ്ങളെയും കൊണ്ടുപോകുമായിരുന്നു. ആ നാളുകളിൽ ചില സ്ഥലങ്ങളിൽ ചെല്ലുമ്പോൾ അവിടെയുള്ള കുഞ്ഞു കുട്ടികളെ കാണുമ്പോഴും അവരുമായി അടുത്തിടപഴകുമ്പോഴും അവരുടെ തുപ്പലും അതുപോലുള്ള കാര്യങ്ങളൊക്കെ വലിയ അറപ്പായിരുന്നു. അന്നൊക്കെ വലിയ ബുദ്ധിമുട്ടായിരുന്നു അങ്ങനെയുള്ള പ്രവൃത്തികൾ ചെയ്യാൻ. പിന്നീട് പത്താം ക്ലാസ്സ് കഴിഞ്ഞ സമയത്താണ് അത്തരം ചിന്തകളൊക്കെ മാറുന്നതും അതൊക്കെ എന്റെ ജീവിതത്തിന്റെ ഭാഗമാവുകയും അവരെ കൂട്ടുകാരെ പോലെ കാണുവാനും സാധിച്ചത്.

ഇന്ന് ചെറുപ്പക്കാർ കൂട്ടുകൂടാനും അടിച്ചു പൊളിക്കാനും പോകുന്നത് ലുലു മാളിലും മറൈൻ ഡ്രൈവിലും ഒക്കെയാണല്ലോ. പക്ഷേ, എനിക്ക് ഇങ്ങനെയുള്ള കാര്യങ്ങളിൽ നിന്ന് വ്യത്യസ്തമായി നേരത്തെ പറഞ്ഞതുപോലെയുള്ള ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിലും അവരുടെ കൂടെ ആയിരിക്കാനുമായായിരുന്നു കൂടുതൽ താത്പര്യവും സന്തോഷവും. ഒരുപക്ഷേ, മാതാപിതാക്കളോടൊപ്പമുള്ള ഞങ്ങളുടെ ജീവിത രീതികളിലൂടെ ആയിരിക്കാം അത്തരമൊരു നന്മ എന്റെയുള്ളിൽ രൂപപ്പെട്ടത്. ഒരു ഞായറാഴ്ചയോ അവധി ദിവസമോ കിട്ടിയാൽ അങ്ങനെയുള്ള കുട്ടികളുടെ കൂടെയോ അങ്ങനെയുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുകയോ ഒക്കെയാണ് എന്റെ മനസ്സിൽ വരുന്ന ചിന്ത. പിന്നെ അത് ശീലമായി. ബിസിനസ്സ് സംബന്ധമായ യാത്രകളിലാണെങ്കിലും ചെല്ലുന്ന സ്ഥലത്തുള്ള ഇത്തരം സ്ഥാപനങ്ങളിലാണ് താമസിക്കാറുള്ളത്. ഹോട്ടലിൽ മുറിയെടുത്ത് താമസിച്ചാൽ ചെലവാകുന്ന പണം ഞാൻ ചെല്ലുന്ന ആ സ്ഥാപനങ്ങളിൽ നൽകുകയും ചെയ്യും.

**ഇത്തരം ശുശ്രൂഷകൾക്കുപോകുന്ന സമയത്ത് ബുദ്ധിമുട്ടുള്ള അനുഭവങ്ങളുണ്ടായിട്ടുണ്ടോ? ഭാര്യയും കുട്ടികളും, കുടുംബമായി ഒന്നിച്ചിങ്ങനെ പോകുമ്പോൾ എങ്ങനെയാണ് എല്ലാവർക്കും ഇതൊക്കെ അഡ്ജസ്റ്റ് ചെയ്യാൻ പറ്റുന്നത്?**

കേരളത്തിലും നോർത്ത് ഇന്ത്യയിലും ഇത്തരത്തിലുള്ള മിക്കവാറും എല്ലാ സ്ഥാപനങ്ങളിലും ഞങ്ങൾ പോകാറുണ്ട്. എല്ലാവരുമായും നല്ല ബന്ധവുമാണുള്ളത്. ഞങ്ങളുടെ ഈ യാത്ര ഒരു പിക്നിക്കോ ടൂറോ ഒന്നുമല്ല. ഇങ്ങനെയുള്ള ആളുകളുമായി ഇടപഴകുകയും അവർക്ക് ശുശ്രൂഷ ചെയ്യുകയുമാണ് ഞങ്ങളുടെ ഇത്തരം യാത്രകളുടെ ഉദ്ദേശ്യം. മുഴുവൻ സമയവും അവരോടുകൂടി തന്നെ ആയിരിക്കുകയും ചെയ്യും. വിവാഹം കഴിഞ്ഞ് ഒരു കുട്ടിയായപ്പോഴും രണ്ടു കുട്ടിയായപ്പോഴും മൂന്നാമത്തെയാൾ ആയപ്പോളുമൊക്കെ ഞങ്ങൾ കുട്ടികളെയുമായി പോകുകയും ഇങ്ങനെയുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുകയും അവിടെയുള്ള ആളുകളെ കണ്ട്, രാത്രിയാണെങ്കിലും കുടുംബം ഒന്നിച്ച്, അവരോടൊപ്പമായിരിക്കുകയും ചെയ്യും. അതൊക്കെ കുടുംബമൊന്നിച്ചുള്ള ശുശ്രൂഷകൾക്ക് ഞങ്ങൾക്കുള്ള പരിശീലന സമയമായാണ് തോന്നിയിട്ടുള്ളത്. വിവാഹത്തിനുശേഷം ഞങ്ങൾ രണ്ടുപേരും ഒരുമിച്ചും പിന്നീട് കുട്ടികളായതിനു ശേഷവും ശുശ്രൂഷകൾ ചെയ്തത്, സാധാരണ കാര്യങ്ങൾ പോലെ ഇതെല്ലാം കാണുവാൻ കുട്ടികൾക്കും ഇടയായി എന്നതാണ്.

മദർ തെരേസയുടെ സ്ഥാപനങ്ങളും, പ്രൊവിഡൻസ് ഹോം, ദൈവദാൻ, ആകാശ പറവകൾ, വാത്സല്യ ശിശുഭവൻ എന്നിവിടങ്ങളിലെല്ലാം ശുശ്രൂഷകൾക്കായി പോകുന്നുണ്ട്. എല്ലാത്തിലുമുപരി ഞാൻ ചിന്തിക്കുന്നത്, ഇങ്ങനെയുള്ള മക്കളുടെ കൂടെയും ആളുകളുടെ കൂടെയുമൊക്കെ ആയിരിക്കുമ്പോൾ നമുക്ക് കിട്ടുന്ന വലിയൊരു സന്തോഷവും ആത്മസംതൃപ്തിയുമുണ്ട്. എത്ര രൂപ കൊടുത്താലും കിട്ടാത്ത കാര്യമാണ് ഈ സന്തോഷമെല്ലാം.

വയ്യാതെ കിടക്കുന്ന ആളുകൾ, പ്രായമായവർ, കുട്ടികൾ ഇവരെയൊക്കെ ഒരുമിച്ചു കൂട്ടി എല്ലാ വർഷവും ടൂർ കൊണ്ടുപോകാനും ആവുന്നുണ്ട്. ആ കുട്ടികൾക്കും അനാഥരായവർക്കും ആരുമില്ലാത്തവർക്കും ഒക്കെ അതു വലിയൊരു സന്തോഷത്തിന് കാരണമാവുന്നുണ്ട്. അങ്ങനെ ഒരുമിച്ചു പോകുന്ന യാത്രകളുടെയൊക്കെ ഫോട്ടോ പ്രിന്റ് എടുത്ത് ചില സ്ഥാപനങ്ങളിൽ വച്ചിരിക്കുന്നത് ഞങ്ങൾ കണ്ടിട്ടുണ്ട്. അവിടെയുള്ള ആളുകൾ ഭക്ഷണം കഴിക്കാതിരിക്കുകയോ പറഞ്ഞാൽ അനുസരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഈ ഫോട്ടോ കാണിച്ചിട്ടാണ് അവരെ അനുസരിപ്പിക്കുന്നത്. കുട്ടികളാണെങ്കിൽ ഈ ഫോട്ടോ കാണിച്ചിട്ട് ടൂർ പോകണ്ടേ എന്ന് ചോദിക്കുമ്പോൾ അവർ വേഗം കാര്യങ്ങൾ ചെയ്യും. ആ കുട്ടികളും പ്രായമായവരും ഒക്കെയായി അത്രത്തോളം ഒരു ഹൃദയബന്ധവും സ്നേഹവും ഞങ്ങൾക്ക് തോന്നിയിട്ടുണ്ട്.

## എച്ച്.ഐ.വി ബാധിതരോടൊപ്പമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് കേട്ടിരുന്നു; ഒന്നു വിശദീകരിക്കാമോ?

ഒരു നിയോഗം പോലെയാണ് HIV ബാധിതരുടെ ഇടയിലുള്ള പ്രവർത്തനത്തെ ഞങ്ങൾക്ക് തോന്നിയിട്ടുള്ളത്. ഒരിക്കൽ ഇവർക്ക് ഒരു ക്ലാസ്സ് നൽകുവാനായി ഞങ്ങളെ വിളിച്ചിരുന്നു, ഞങ്ങൾ അവിടെ പോവുകയും ചെയ്തു. ഞങ്ങൾ തിരികെ പോരുന്ന സമയത്ത് HIV ബാധിതരായ അവിടെയുള്ള രണ്ട് ചേച്ചിമാർക്ക് ലിഫ്റ്റ് കൊടുത്തു. അവരോടൊപ്പമുള്ള ഞങ്ങളുടെ മടക്കയാത്രയിൽ കാറിലിരുന്ന് അവർ പറഞ്ഞ കാര്യങ്ങൾ ഞങ്ങടെ മനസ്സിനെ വളരെയധികം സ്പർശിക്കുകയുണ്ടായി. അവർ രണ്ടുപേരുടെയും ഭർത്താക്കന്മാർ നേരത്തെതന്നെ മരിച്ചു പോയിരുന്നു. ഇവർ യാതൊരുവിധ തെറ്റുകളും ചെയ്തിട്ടില്ല. എങ്കിലും ഈ രോഗവും അപമാനവുമൊക്കെ സഹിച്ചു നടക്കുന്നു.

അങ്ങനെ ആ യാത്രയിൽ വച്ചാണ് ഇത്തരത്തിലുള്ള ആളുകൾക്ക് വേണ്ടി എറണാകുളത്ത് ഒരു സെന്റർ തുടങ്ങുന്നതിനെ പറ്റിയുള്ള ചിന്ത ഞങ്ങൾക്ക് ലഭിക്കുന്നത്. സെബാസ്റ്റ്യൻ എടയന്ത്രത്ത് പിതാവിന്റെ കീഴിലുള്ള ഒരു അൽമായ കൂട്ടായ്മയായ ആശ്വാസാലയമെന്ന സെന്റർ വഴിയാണ് ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും നടന്നുകൊണ്ടിരുന്നത്. ഡൊമിനിക് ബ്രദർ ആണ് ഈ കൂട്ടായ്മയുടെ നേതൃത്വം വഹിക്കുന്നത്. ബ്രദറുമായി ഞങ്ങളുടെ ചിന്തകൾ പങ്കുവച്ചപ്പോൾ, HIV ബാധിതരായ ആളുകൾക്ക് വേണ്ടിയുള്ള പ്രവർത്തനം ആശ്വാസാലയത്തിനോട് ചേർന്ന് തുടങ്ങാമെന്ന് വളരെ സന്തോഷത്തോടുകൂടി തീരുമാനിക്കുകയും ചെയ്തു. തുടക്കത്തിൽ 25 കുടുംബങ്ങളാണ് ഇതിലുണ്ടായിരുന്നത്. ഏകദേശം 120 ഓളം ആളുകൾ ഇതിൽ പങ്കെടുക്കാൻ വരുമായിരുന്നു. പിന്നെ ഓരോ വർഷം കഴിയുന്തോറും ഇത്തരം ആളുകളുടെ എണ്ണം കൂടിവന്നു. ഇന്ന് 50 കുടുംബങ്ങളാണ് ഇത്തരത്തിൽ ഇതിൽ ഭാഗമായിട്ടുള്ളത്.

ഇതിനായി 75,000ത്തോളം രൂപ എല്ലാ മാസവും ചെലവ് വരുന്നുണ്ട്. നല്ലവരായ പലയാളുകളുടെയും സഹായത്തോടെയാണ് ഇത്തരം കാര്യങ്ങൾ നടന്നു പോകുന്നത്. ദൈവം ഈ പ്രോജക്ടിനെ വളരെ സ്നേഹിക്കുന്നതു കൊണ്ടാവണം, പ്രളയം വന്നപ്പോളും കോവിഡ് കാലത്തും ഇതിന്റെ പ്രവർത്തനങ്ങൾ മുടങ്ങിയിട്ടില്ല. ഈ സെന്ററിന്റെ കീഴിൽ ധാരാളം പ്രവർത്തനങ്ങളുണ്ടെങ്കിലും HIV കൂട്ടായ്മകൾ ഞാനും ഷീമയും ചേർന്നാണ് നടത്തുന്നത്. കൂട്ടായ്മകൾ സംഘടിപ്പിക്കുകയും നടത്തുന്നതിനുള്ള തുക സമാഹരിക്കുകയും ഇതിന്റെ പ്രവർത്തനങ്ങൾക്കായുള്ള മറ്റെല്ലാ സൗകര്യങ്ങളും ഏർപ്പാടാക്കുന്നതുമൊക്കെ ഞങ്ങൾ തന്നെയാണ്. ഇതിലെ ആളുകളുടെ മക്കളുടെ വിദ്യാഭ്യാസത്തിനും വിവാഹത്തിനു വേണ്ടിയുമൊക്കെ ആശ്വാസാലയം വഴിയായി ധാരാളം സഹായങ്ങൾ നൽകി വരുന്നുണ്ട്. അങ്ങനെ നല്ല രീതിയിൽ ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി ദൈവം ഞങ്ങളെ ഒരു നിമിത്തമാക്കി എന്നതാണ് വാസ്തവം. അതിൽ ഞങ്ങൾ ദൈവത്തിന് ഒത്തിരി നന്ദി പറയുന്നു.

*ഇങ്ങനെയുള്ള മക്കളുടെ കൂടെയും ആളുകളുടെ കൂടെയുമൊക്കെ ആയിരിക്കുമ്പോൾ നമുക്ക് കിട്ടുന്ന വലിയൊരു സന്തോഷവും ആത്മസംതൃപ്തിയുമുണ്ട്. എത്ര രൂപ കൊടുത്താലും കിട്ടാത്ത കാര്യമാണ് ഈ സന്തോഷമെല്ലാം.*

**പ്രാർഥനയാണ് ശക്തി കേന്ദ്രം:** പ്രാർഥനയാണ് ഇത്തരം പ്രവർത്തനങ്ങളുടെ എല്ലാം ശക്തി കേന്ദ്രമായി നിൽക്കുന്നത്. ഞാനും ഭാര്യ ഷീമയും വെളുപ്പിനു മൂന്നുമണിക്ക് എഴുന്നേറ്റ് ഒരുമിച്ച് ജപമാല ചൊല്ലി പ്രാർഥിക്കും. എല്ലാദിവസവും വെളുപ്പിന് ഇടവകയിലെ അഞ്ചേമുക്കാൽ മണിക്കുള്ള ദിവ്യബലിയിൽ പങ്കെടുക്കുകയും ചെയ്യുന്നു. കൊടുക്കുന്നവന് വീണ്ടും കിട്ടുകയും അമർത്തിക്കുലുക്കി നിറച്ചു തരികയും ചെയ്യും എന്നുള്ള ദൈവവചനം എത്രയോ ആഴമായി ഞങ്ങൾക്ക് അനുഭവിച്ചറിയാൻ സാധിക്കുന്നു. മാതാപിതാക്കൾ തുടങ്ങിവച്ച ഇത്തരം നല്ല മാതൃകകളും ശുശ്രൂഷകളും ഞങ്ങൾ തുടരുന്നു എന്നേയുള്ളൂ. ഞങ്ങളുടെ മക്കളും ഈ മാതൃക അവരുടെ ജീവിതത്തിൽ പിന്തുടരണം എന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നതും പ്രാർഥിക്കുന്നതും.

*(ഒരു ഇന്റർവ്യൂ ചെയ്യാമെന്ന് വിചാരിച്ചാണ് ഞങ്ങൾ ജോട്ടിയേയും ഷീമയേയും കാണാൻ ചെന്നത്. ഞങ്ങൾ പരിചയപ്പെട്ട് സംസാരിച്ചു തുടങ്ങിയപ്പോൾ വീട്ടുവിശേഷങ്ങളും മറ്റുകാര്യങ്ങളും പറഞ്ഞു പറഞ്ഞ് ഒരു സൗഹൃദ സംഭാഷണമായി മാറുകയായിരുന്നു. വിശേഷങ്ങൾ പങ്കുവച്ച് ഞങ്ങൾ നാലുപേരും ഒരുമിച്ച് പ്രാർഥിച്ചതിനു ശേഷമാണ് അവിടെ നിന്നും പിരിഞ്ഞത്. ദൈവത്തിലാശ്രയിച്ചും ദൈവം നൽകിയ എല്ലാ നന്മകളും മറ്റുള്ളവർക്കായി പങ്കുവച്ചുമാണ് ജീവിക്കേണ്ടതെന്ന ബോധ്യം മനസ്സിൽ കുറേക്കൂടി ആഴത്തിൽ നിറഞ്ഞുകവിയുന്ന അനുഭവത്തോടെയാണ് ഞങ്ങൾ യാത്ര പറഞ്ഞിറങ്ങിയത്. വായനക്കാർക്കും പങ്കുവയ്ക്കലിന്റെ അനുഭവം ഉണ്ടാകട്ടെയെന്നാണ് പ്രാർഥന)* II





അനു ബെന്നി, മാനന്തവാടി



# അനുമോളുടെ മരണം!

ഞാൻ അഞ്ചാം ക്ലാസ്സിൽ വേദപാഠം പഠിക്കുന്ന സമയം. എഴുതാനും വായിക്കാനുമൊക്കെ അൽപം മാത്രം അറിയുന്ന ഒരു കുട്ടിയായിരുന്നു ഞാൻ. ശരിക്കുമൊരു പൊട്ടത്തി എന്നുവേണമെങ്കിൽ പറയാം. വേദപാഠ പരീക്ഷ സമയം വന്നപ്പോൾ വളരെ കാര്യമായി പരീക്ഷയെഴുതി പേപ്പർ ടീച്ചറിനെയേൽപ്പിച്ചു. എന്തൊക്കെ വന്നാലും നൂറിൽ അമ്പത്  മാർക്കെങ്കിലും എനിക്ക് കിട്ടുമെന്നായിരുന്നു എന്റെ വിശ്വാസം. പേപ്പർ നോക്കി മാർക്കൊക്കെ പറയുന്ന ദിവസം ഞാൻ വളരെ ആകാംക്ഷയോടെ ആ നിമിഷത്തിനായി കാത്തുനിന്നു. കുട്ടികൾ ഓരോരുത്തരെയും പേര് വിളിച്ച് മാർക്കും പറഞ്ഞ് ടീച്ചർ പേപ്പർ കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ എന്റെ ഊഴമായപ്പോൾ ടീച്ചർ ആ പേര് വിളിച്ചു. അന്നമ്മ പുളിക്കൻ! വേദപാഠ ക്ലാസ്സിലെ എന്റെ പേര് അങ്ങനെയായിരുന്നു. മാർക്കും പറഞ്ഞുകൊണ്ട് ടീച്ചർ ആ പേപ്പർ എന്റെ നേരെ എറിഞ്ഞിട്ടു. ഞാൻ കൗതുകത്തോടെ അതെടുത്തുനോക്കി. എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല. നൂറിൽ അമ്പത് മാർക്ക് പ്രതീക്ഷിച്ച എനിക്ക് കിട്ടിയിരിക്കുന്നത് വെറും അഞ്ചു മാർക്കായിരുന്നു. ടീച്ചർ വലിയ ദേഷ്യത്തോടെ എന്നോട് പറഞ്ഞു: എന്തിനാ ഇങ്ങനെ ജീവിക്കുന്നേ! അടുത്തയാഴ്ച വരുമ്പോൾ അപ്പനെയും അമ്മയെയും വിളിച്ചുകൊണ്ടുവന്നിട്ട് ക്ലാസ്സിൽ വന്നാൽ മതിയെന്ന്. ഞാനാകെ നിരാശയായി തകർന്നുപോയി.

**മരിച്ചു കിടക്കുമ്പോൾ കൈയിൽ കുരിശു വേണമല്ലോ എന്നുകരുതി വീട്ടിലുണ്ടായിരുന്ന ഒരു കുരിശെടുത്ത് അതിന്റെ ഒരൊറ്റം ഒടിച്ചു കളഞ്ഞ് എന്റെ കൈയിൽ പിടിക്കാൻ പാകത്തിന് ചെറുതാക്കിയെടുത്തു.**

ഞാൻ വിചാരിച്ചു എന്റെ ജീവിതം തീർന്നു; ഇനിയെന്തിനാ ഇങ്ങനെ ജീവിച്ചിട്ട്? ഒരുപാട് പ്രതീക്ഷയോടെ ഉറക്കമിളച്ചിരുന്ന് പഠിച്ചിട്ടാണ് ഈ വേദപാഠ പരീക്ഷയെഴുതിയത്. ഇനി ജീവിച്ചിട്ടു കാര്യമില്ലായെന്നു ചിന്തിച്ചുകൊണ്ട് ഞാൻ മരിക്കാൻ തീരുമാനിച്ചു.

അങ്ങനെ തിങ്കളാഴ്ച ദിവസം മരിക്കാമെന്ന് വിചാരിച്ച് അതിനായിട്ടൊരുങ്ങി. തിങ്കളാഴ്ച രാവിലെ പള്ളിയിലൊക്കെ പോയി വന്നു. ഞാൻ മരിച്ചു കഴിഞ്ഞാൽ ആളുകളെന്നെ കാണാനായി വീട്ടിലേക്ക് വരുമ്പോൾ വീട് വൃത്തിയായി കിടക്കണമല്ലോ എന്നു വിചാരിച്ച് ഞാൻ മുറിയൊക്കെ അടിച്ചുവാരി വൃത്തിയാക്കി. പിന്നീട് രൂപക്കൂട് പൂക്കളൊക്കെ വച്ചലങ്കരിച്ചു. എന്നിട്ട് ഞങ്ങളുടെ വീടിനോടുചേർന്നുള്ള ചെറിയ ചായ്പിൽ ചെന്നു. മണ്ണെണ്ണ കുടിച്ചു മരിക്കാനായിരുന്നു എന്റെ പ്ലാൻ. അവിടെ എടുത്തു വച്ചിരുന്ന മണ്ണെണ്ണയുടെ പാത്രമെടുത്ത് ആരും അറിയാതെ പതിയെ നടന്ന് മുറിയിലെത്തി. കട്ടിലെല്ലാം നന്നായി വിരികളൊക്കെയിട്ട് ഞാനതിൽ കിടക്കാനൊരുങ്ങി. മരിച്ചു കിടക്കുമ്പോൾ കൈയിൽ കുരിശു വേണമല്ലോ എന്നുകരുതി വീട്ടിലുണ്ടായിരുന്ന ഒരു കുരിശെടുത്ത് അതിൻെറ ഒരൊറ്റം ഒടിച്ചു കളഞ്ഞ് എൻെറ കൈയിൽ പിടിക്കാൻ പാകത്തിന് ചെറുതാക്കിയെടുത്തു.

മരിക്കുവാനായി പോകുന്ന സമയത്തും കൂട്ടുകാരി അലീനയുടെ വാക്കുകൾ എന്റെയുള്ളിൽ തെളിഞ്ഞു നിന്നു. "ഉത്തരക്കടലാസിൽ അക്ഷരത്തെറ്റുകൾ ഉണ്ടായിരുന്നതിനാൽ ടീച്ചർ അങ്ങനെയും കുറച്ചു മാർക്ക് കുറച്ചിട്ടുണ്ട്." സത്യത്തിലെനിക്ക് കുറേക്കൂടി മാർക്ക്

കിട്ടേണ്ടിയിരുന്നതാണ്. ടീച്ചർ മനഃപൂർവം മാർക്ക് വെട്ടിക്കുറച്ചാണ് തന്നിരിക്കുന്നത്. എനിക്ക് സങ്കടവും ദേഷ്യവും നിരാശയും തോന്നി. എന്തായാലും മരിക്കാൻ തീരുമാനിച്ചു ഞാൻ കട്ടിലിൽ കയറി കിടന്നു. മണ്ണെണ്ണ എടുത്ത് കുടിക്കാനായി വായിലേക്ക് ഒഴിക്കാനൊരുങ്ങിയപ്പോൾ അപ്പുറത്തെ മുറിയിൽ നിന്നും ‘അനുമോളേ...’ എന്നൊരു വിളി ഞാൻ കേട്ടു. അപ്പനെന്നെ വിളിച്ചതായിരുന്നു. ഞങ്ങളുടെ വീട്ടിൽ പശുവിനെ വളർത്തുന്നതിനാൽ എല്ലാദിവസവും പുല്ലു വെട്ടുന്നുണ്ടായിരുന്നു. പുല്ലു വെട്ടാൻ പോകാൻ വേണ്ടിയായിരുന്നു അപ്പനെന്നെ വിളിച്ചത്. കൃത്യസമയത്തുള്ള അപ്പന്റെ ആ വിളി എന്റെ മരണത്തെ ശല്യപ്പെടുത്തി. പെട്ടെന്ന് മരണം കുറച്ചുനേരത്തേക്ക് മാറ്റിവച്ച് ഞാൻ അപ്പന്റെ അടുക്കലേക്ക് ചെന്നു.

അങ്ങനെ പുല്ല് വെട്ടാനായി പോയസമയത്ത് അവിടെവച്ച് എന്റെ മനസ്സിൽ ഒരു ചിന്ത. ഞാനെന്തിന് മരിക്കണം. എനിക്ക് പരീക്ഷയ്ക്ക് കിട്ടിയത് അഞ്ചു മാർക്ക് ആയിരുന്നില്ലേ? അതിന് താഴെ നാലുമാർക്കും മൂന്നും രണ്ടും ഒന്നുമൊക്കെ ഉണ്ടായിരുന്നല്ലോ. എനിക്ക് പക്ഷേ അഞ്ച് മാർക്ക് കിട്ടിയില്ലേ. സത്യത്തിൽ ഞാൻ മണ്ണെണ്ണ കുടിച്ച് മരിക്കാൻ പോയ സമയത്ത് എന്നെ വിളിച്ചത് എന്റെ അപ്പനായിരുന്നില്ല. അത് ദൈവമായിരുന്നു. അവിടെയായിരുന്നു എന്റെ ജീവിതത്തിലെ ആദ്യത്തെ ആ വിളി ഞാൻ തിരിച്ചറിഞ്ഞത്. എന്റെ ഈശോയായിരുന്നു എന്നെ മരണത്തിൽ നിന്നും തിരികെ വിളിച്ചത്. അപ്പനിലൂടെ ഈശോ എന്റെ പേര് വിളിച്ചപ്പോൾ ‘എന്തോ’ എന്ന് വിളി കേട്ട്, ദൈവത്തിൻെറ വിളിക്ക് ഞാൻ പ്രത്യുത്തരം നൽകി. ഞാനന്ന് മരിച്ചിരുന്നെങ്കിൽ ഈയൊരു ദൈവാനുഭവം ഇതുപോലെ എഴുതാൻ വേണ്ടി ഞാൻ ഉണ്ടാകുമായിരുന്നില്ല. അവിടം മുതൽ എന്റെ ജീവിതത്തിലെ വഴിത്തിരിവായിരുന്നു.

ഞാൻ പഠിക്കുന്ന കോളേജിൽ ജീസസ് യൂത്ത് മൂവ്മെന്റിൽ ഫുൾടൈം ആയി പ്രവർത്തിക്കുന്ന ഒരു ചേച്ചി വന്ന് ഞങ്ങളോട് സംസാരിച്ചു. ഈശോ എങ്ങനെയാണ് ചേച്ചിയെ വിളിച്ചതെന്നും ഇത്തരത്തിൽ പ്രവർത്തിക്കാൻ എങ്ങനെയാണ് സാധിക്കുന്നതെന്നുമുളള ചേച്ചിയുടെ ജീവിതം ഞങ്ങളോട് പറയുകയുണ്ടായി. ‘ഫുൾടൈമർ’ എന്ന ആ വാക്ക് മാത്രമായിരുന്നു എന്റെയുള്ളിൽ പതിച്ചത്. അന്നുമുതൽ ഞാനും വളരെ ആഗ്രഹത്തോടെ ഒരു ‘ഫുൾടൈമർ’ ആകാൻ പ്രാർഥിച്ചുകൊണ്ടിരുന്നു. കോളേജിൽ ചെന്നതിനു ശേഷം ഒരു ചേട്ടൻ എന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഞാനൊരു ക്രിസ്ത്യാനി പെൺകുട്ടി ആയതുകൊണ്ടും കൈയിലെപ്പോഴുമുള്ള ജപമാലയുമായിരിക്കണം അവിടെയുള്ള പ്രാർഥന ഗ്രൂപ്പിലേക്ക് ചേട്ടനെന്നെ ക്ഷണിച്ചു. അങ്ങനെ നാളുകൾ കുറച്ചു കഴിഞ്ഞപ്പോൾ ആ ഗ്രൂപ്പിൻെറ നേതൃത്വമായ കോർ ടീമിലേക്ക് ഞാൻ വരുകയും പിന്നീട് കുറച്ചു നാൾ കൂടി കഴിഞ്ഞപ്പോൾ ആ ഗ്രൂപ്പിന്റെ കോർഡിനേറ്റർ ആയിത്തീരുകയും ചെയ്തു.

പിന്നീട് ഞാൻ ഏറെ ആഗ്രഹിച്ചു പ്രാർഥിച്ച് കാത്തിരുന്ന ഫുൾടൈമർ എന്ന കാര്യത്തിനായി അപേക്ഷ അയക്കുകയും ഇംഗ്ലീഷ് എന്ന വലിയ പ്രതിസന്ധിയെ തമ്പുരാന്റെ കൃപയാൽ മാത്രം തരണം ചെയ്ത് അവസാനം ഫുൾ ടൈമറായി.

മരിക്കാൻ തീരുമാനിച്ച എന്നെയങ്ങനെ മരണത്തിൻെറ പിടിയിൽനിന്ന് പേരു വിളിച്ച കർത്താവിന് വേണ്ടിയിട്ട് ഞാനിന്ന് ഓടിനടന്നു പ്രവർത്തിക്കുകയാണ്. അനേകർക്ക് വേണ്ടി പ്രാർഥിച്ചുകൊണ്ട്. ഇതുപോലെ ദൈവം നടത്തുന്ന വഴികളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുവാനായി കിട്ടുന്ന അവസരങ്ങളെല്ലാം പ്രയോജനപ്പെടുത്തിക്കൊണ്ട് ||

അനു ബെന്നിയുടെ ഈ അനുഭവകഥ ഹൃദയസ്പർശിയാണ്. വിദ്യാർഥികളെ വിലപ്പെട്ടവരായി ജീവിക്കാൻ പ്രേരിപ്പിക്കേണ്ടവരായ അധ്യാപകർ അവരെ തകർച്ചയിലേക്കും മരണത്തിലേക്കും തള്ളിവിടുന്നതായ സംഭവങ്ങൾ നിരവധി നമ്മുടെ പരിസരങ്ങളിലുണ്ട്. ചുരുക്കം ചിലർ അതിജീവിക്കുമ്പോൾ വളരെയേറെപ്പേർ തകർന്നുപോകുന്നുണ്ട്. വേദപാഠ അധ്യാപകരിൽനിന്നും ഇത്തരത്തിൽ ജീവനെതിരെയുള്ള വാക്കുകളോ പ്രവൃത്തികളോ ഒരിക്കലും സംഭവിച്ചുകൂടാത്തതുമാണ്.

“ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്” (യോഹ 10,10) അധ്യാപകർ ധ്യാനിക്കട്ടെ.

എബ്രഹാം ലിങ്കൺ, ബെഞ്ചമിൻ ഫ്രാങ്ക്ലിൻ, ബിൽ ഗേറ്റ്സ്, ഡേവിഡ് ഒഗിൾവി, സ്റ്റീവ് ജോബ്സ്... എന്നിവർ ഇത്തരത്തിൽ വിദ്യാഭ്യാസ കാലത്തെ പ്രതികൂലങ്ങളോടു പൊരുതി വിജയിച്ചവരിൽ ചിലരാണ്. ജീവന്റെ ദാതാവായ ദൈവത്തിന്റെ വിളിയും ഇടപെടലും അവരിലും ഉണ്ടായിട്ടുണ്ട്; എന്നാൽ, അനു ബെന്നിയെപ്പോലെ ചുരുക്കം ചിലർ അതു തിരിച്ചറിയുന്നുവെന്നുമാത്രം.

“എന്റെ ആടുകൾ എൻെറ സ്വരം ശ്രവിക്കുന്നു. എനിക്ക് അവയെ അറിയാം. അവ എന്നെ അനുഗമിക്കുന്നു. ഞാൻ അവയ്ക്കു നിത്യജീവൻ നൽകുന്നു. അവ ഒരിക്കലും നശിച്ചുപോവുകയില്ല. അവയെ എന്റെയടുക്കൽനിന്ന് ആരും പിടിച്ചെടുക്കുകയുമില്ല.” (യോഹ 10,27-28)

കെയ്റോസ്

# ജീസസ് യൂത്ത് വിചിന്തനം



"എല്ലാ മനുഷ്യരെയും ക്രിസ്തുവിൽ പക്വത പ്രാപിച്ചവരാക്കാൻവേണ്ടി..."

കൊളോ 1 : 28

ദൈവത്തിന്റെ പ്രതിച്ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ മഹത്വത്തെയും അന്തസ്സിനെയും മറികടക്കുന്ന ഒന്നും തന്നെയില്ലെന്ന് കാണാതായ ആടിന്റെ ഉപമയിലൂടെ യേശു പഠിപ്പിക്കുന്നു. തൊണ്ണൂറ്റിയൊമ്പത് ആടുകളെയും മരുഭൂമിയിൽ വിട്ട് നഷ്ടപ്പെട്ട ഒരാടിനെ അന്വേഷിച്ചുപോകുന്നത് നമ്മുടെ യുക്തിയിൽ പരിഹാസ്യവും വിഡ്ഢിത്തവുമായി തോന്നിയേക്കാം. എന്നിരുന്നാലും നിരാശയുടെ പടുകുഴിയിൽ അകപ്പെട്ടുപോയ ആടുകളെ സംബന്ധിച്ചിടത്തോളം, ഇടയന്റെ യുക്തിരഹിതമായ ഈ പ്രവൃത്തിയാണ് പ്രതീക്ഷ നൽകുന്നത്. ഒരുപക്ഷേ, ആലയിലേക്ക് മടങ്ങുമ്പോൾ അത് ഇടയന്റെ തോളിലിരുന്ന് ആശ്ചര്യപ്പെടുന്നുണ്ടാവും, 'ഞാൻ എന്റെ ഇടയന് ഇത്രയേറെ അമൂല്യനും വിലപ്പെട്ടവനുമാണോ?' വാസ്തവത്തിൽ, ദൈവത്തിന്റെ ദൃഷ്ടിയിൽ, അവൻ വിലമതിക്കാനാകാത്തവനാണെന്നാണു നാം കാണുന്നത്. അവിടന്ന് അവനെ തേടിയെത്തുന്നു, തിരികെ ആലയിലേക്കെത്തിച്ചു പരിപാലിക്കുന്നു. കാരണം, വഴിതെറ്റിയവനിലും അവന്റെ ഏറ്റവും മികച്ച പതിപ്പാകാനുള്ള സാധ്യതയാണ് ദൈവം കാണുന്നത്.

ഇത്തരത്തിൽ, ഒരു നല്ല ഇടയനെപ്പോലെ ക്രിസ്തുവിന്റെ വെളിച്ചം മറ്റുള്ളവരിലേക്കു പകരാൻ വലിയ തീക്ഷ്ണതയോടെ അധ്വാനിച്ചയാളാണല്ലോ വിശുദ്ധ പൗലോസ്. താനടക്കമുള്ള അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളെക്കുറിച്ച് പൗലോസ് പറയുന്നത് ഇങ്ങനെയാണ്: "അവനെയാണു ഞങ്ങൾ പ്രഖ്യാപിക്കുന്നത്. എല്ലാ മനുഷ്യരെയും ക്രിസ്തുവിൽ പക്വത പ്രാപിച്ചവരാക്കാൻ വേണ്ടി ഞങ്ങൾ എല്ലാവർക്കും മുന്നറിയിപ്പു നൽകുകയും എല്ലാവരെയും സർവ-വിജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്നു. ഈ ലക്ഷ്യം പ്രാപിക്കുന്നതിനു വേണ്ടിയത്രേ, അവൻ എന്നിൽ ശക്തിയായി ഉണർത്തുന്ന ശക്തികൊണ്ടു ഞാൻ കഠിനമായി അധ്വാനിക്കുന്നത്" (കൊളോസോസ് 1,28-29).

പൗലോസ് തന്റെ സഹോദരങ്ങളെ നല്ല ഇടയന്റെ കണ്ണുകളിലൂടെയാണു കണ്ടത്. ഓരോ വ്യക്തിയുടെയും മൂല്യവും അയാളിൽ മറഞ്ഞിരിക്കുന്ന സാധ്യതകളും അദ്ദേഹം മനസ്സിലാക്കിയിരുന്നു. എല്ലാവരും ക്രിസ്തുവിൽ പക്വത പ്രാപിക്കണമെന്ന തീക്ഷ്ണമായ ആഗ്രഹത്തോടെയാണ് അദ്ദേഹം അവരെ പഠിപ്പിച്ചത്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ മനുഷ്യരക്ഷകൻ (Redemptor Hominis) എന്ന തന്റെ ചാക്രിക ലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്നു; 'നാം ഓരോ മനുഷ്യനുമായും ഇടപെടുന്നു. കാരണം ഓരോരുത്തരും രക്ഷയുടെ രഹസ്യത്തിൽ ഉൾപ്പെട്ടവരാണ്. ഈ രഹസ്യത്തിലൂടെ ഓരോരുത്തരെയും ക്രിസ്തു തന്നോട് എന്നെന്നേക്കുമായി ഐക്യപ്പെടുത്തിയിരിക്കുന്നു' (RH, 13). ഓരോ വ്യക്തിയിലും മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തുവിനെ കാണുവാൻ പൗലോസിനു സാധിക്കുന്നു (cf കൊളോ 1,27). കാരണം, ഓരോരുത്തരുർക്കുമായി സ്വയം പകുത്ത് നൽകുന്ന ക്രിസ്തുവുമായി സഹകരിക്കുമ്പോൾ മനുഷ്യനു കൈവരിക്കാനാകുന്ന മഹത്വത്തെക്കുറിച്ച് അദ്ദേഹത്തിനു തികഞ്ഞ ധാരണയുണ്ട്.

ക്രിസ്തുവിനോട് അനുരൂപപ്പെടുന്നതിൽ നാം എപ്രകാരം സഹകരിക്കുന്നുവെന്ന് സ്വയം വിലയിരുത്താൻ ഈ മാസം ജീസസ് യൂത്ത് മുന്നേറ്റം നമ്മെ ക്ഷണിക്കുന്നു. വിത്ത് സാവധാനം ഒരു വടവൃക്ഷമായി മാറുന്നതുപോലെ, ക്രിസ്തുവിൽ പക്വത പ്രാപിക്കുകയെന്നതാണു നമുക്ക് നമ്മോടുതന്നെയുള്ള ഏറ്റവും വലിയ ഉത്തരവാദിത്വം. നമ്മുടെ സവിശേഷമായ കഴിവുകളും പരിമിതികളും സംയോജിപ്പിച്ച്, ക്രിസ്തു-സദൃശ്യരാകുക എന്നതാണ് നമ്മുടെ വിളി. നമ്മുടെ വിളിയുടെ അനന്യതയെക്കുറിച്ച് ഇനിയും നമുക്ക് ഉറപ്പുവേണമെങ്കിൽ വിശുദ്ധരിലേക്കൊന്നു നോക്കിയാൽമതി. വിശുദ്ധരായ മൂന്നു തെരേസമാരുടെ ജീവിതമെടുക്കാം.

ആവിലയിലെ തെരേസ, ലിസ്യൂവിലെ തെരേസ, കൊൽക്കത്തയിലെ മദർ തെരേസ - അവർ വളരെ സാമ്യമുള്ളവരായിരുന്നു, എന്നാൽ തീർത്തും വ്യത്യസ്തരുമായിരുന്നു.

പക്വതയിലേക്കുള്ള ഈ അനന്യമായ വിളി സ്വീകരിക്കുമ്പോൾ മാത്രമേ നമുക്ക് നമ്മുടെ അസ്തിത്വത്തിന്റെ പൂർണമായ അർഥം കണ്ടെത്താനും ജീവിക്കാനും കഴിയൂ. ദൈവം ആഗ്രഹിക്കുന്ന ഒരു ഉത്കൃഷ്ടസൃഷ്ടി (masterpiece) ആയി മാറാൻ നാം സിയന്നയിലെ വിശുദ്ധ കാതറിന്റെ വാക്കുകൾ ശ്രദ്ധിക്കേണ്ടതുണ്ട്: 'ദൈവം നമ്മെ ഒരു തോട്ടക്കാരനാക്കി, ദുർഗുണത്തെ വേരോടെ പിഴുതെറിയാനും സദ്ഗുണത്തെ നട്ടുനനയ്ക്കാനും.' ഈ ജോലിയിൽ നമുക്കൊരു സഹായകനുണ്ടെന്നതാണ് ഏറ്റവും ആശാവഹം. പൂർണതയിലേക്കുള്ള രൂപപ്പെടലിൽ ആത്യന്തം നായകത്വം വഹിക്കുന്ന പരിശുദ്ധാത്മാവ്.

ജീസസ് യൂത്ത് ഫോർമേഷൻ പദ്ധതി ഈ യാത്രയിൽ നമ്മെ ഓരോരുത്തരെയും ഏറെ സഹായിക്കുന്നു. യേശുക്രിസ്തുവുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടൽ അനുഭവത്തിൽ ആരംഭിച്ച് ശിഷ്യത്വത്തിലൂടെ പക്വത പ്രാപിച്ച് ഒരു മിഷണറി എന്ന നിലയിൽ ഫലം പുറപ്പെടുവിക്കാൻ അത് നമ്മെ പ്രാപ്തരാക്കുന്നു. ക്രിസ്തുവിൽ കേന്ദ്രീകൃതവും ബോധപൂർവകവുമായ ഈ ആന്തരിക യാത്ര നമ്മുടെ വികാരങ്ങളെയും ആഗ്രഹങ്ങളെയും ക്രമവത്ക്കരിക്കുകയും ബുദ്ധിയെയും യുക്തിയെയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ദൈവഹിതം മനസ്സിലാക്കാൻ ഹൃദയത്തെയും അതനുസരിച്ച് പ്രവർത്തിക്കാൻ ഇച്ഛാശക്തിയെയും ബലപ്പെടുത്തുന്നു. ഇത്തരത്തിൽ രൂപവത്ക്കരണം സംഭവിച്ച ശിഷ്യരാണ് പരിശുദ്ധാത്മാവിന്റെ കരങ്ങളിലെ ശക്തരായ മിഷണറിമാരായി മാറുന്നത്.

അതേ ആത്മാവുതന്നെ നമ്മുടെ അയൽക്കാരിലും സുഹൃത്തുക്കളിലുമുള്ള അനിതര സാധാരണമായ സാധ്യതകളെ കത്തിജ്വലിപ്പിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. സ്നേഹവും പ്രാർഥനയുമുള്ള ഒരു സമൂഹത്തിലായിരിക്കുക എന്നത് ആന്തരികമായി രൂപപ്പെടുവാനാഗ്രഹിക്കുന്ന ഏതൊരാൾക്കും വലിയൊരു അനുഗ്രഹമാണ്. മറ്റുള്ളവരെ സഹായിച്ചും സ്വയം തളരുമ്പോൾ മറ്റുള്ളവരുടെ സഹായം സ്വീകരിച്ചു വളരാനും വിശുദ്ധമായ ശീലങ്ങൾ ജീവിതത്തിൽ പകർത്താനും ഈ കൂട്ടായ്മകൾ നമ്മെ സഹായിക്കും. ഈ ഫോർമേഷൻ മാസാചരണത്തിൽ ക്രിസ്തുവിനെ പ്രഘോഷിക്കാനും സഹോദരർക്കു മുന്നറിയിപ്പ് നൽകാനും അവരെ പഠിപ്പിക്കാനും വിശുദ്ധ പൗലോസ് നമ്മെ ഓരോരുത്തരെയും വെല്ലുവിളിക്കുന്നു. നമ്മുടെ ചെറിയ കൂട്ടായ്മകളിലെ ഓരോരുത്തരുടെയും ഏറ്റവും മികച്ച സാധ്യത പുറത്തെടുക്കാൻ നമുക്ക് പരസ്പരം പ്രോത്സാഹിപ്പിക്കാം. അപ്പോൾ നാം കെട്ടിപ്പടുക്കുന്നത് വ്യക്തികളെ മാത്രമല്ല, മറിച്ച് ക്രിസ്തുവിന്റെ ഹൃദയത്തെ പ്രതിഫലിപ്പിക്കുന്ന ഒരു മുന്നേറ്റത്തെത്തന്നെയായിരിക്കും. എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യം അറിയണമെന്നുമാണല്ലോ അവിടന്ന് ആഗ്രഹിക്കുന്നത്. (cf 1 തിമോ 2,4). അതിനാൽ, നമുക്ക് ഇടതടവില്ലാതെ പ്രാർഥിക്കാം, ഭഗ്നാശരാകാതെ പരിശ്രമിക്കാം. ഓരോ ജീസസ് യൂത്തും തന്നിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള സാധ്യതയെ നമ്മിലും നമ്മിലൂടെയും ക്രിസ്തു ആഗ്രഹിക്കുന്ന സദ്ഫലങ്ങൾ പുറപ്പെടുവിക്കുന്ന വൃക്ഷമായി വളർത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കട്ടെ ||





# സിനി ടോക്സ്



സണ്ണി അക്കരപറ്റി, തൃശൂർ




ജോയ് കല്ലൂക്കാരൻ എന്ന സംവിധായകന്റെ ആദ്യ ചിത്രമായ The Hope ഒരു ക്രിസ്ത്യൻ കുടുംബചിത്രമാണ്. ശാസ്ത്രത്തിലും മനുഷ്യന്റെ കഴിവിലും മാത്രം വിശ്വസിച്ചു മുന്നേറുന്നവർക്കുള്ള ഒരു മറുപടിയാണ് The Hope. അപ്രതീക്ഷിത ദുരന്തങ്ങളോട് പടവെട്ടി വിജയിക്കാനാവാത്തതിന്റെ നിരാശയിലും, മാനസിക സംഘർഷങ്ങളിലും, പരാജയബോധത്തിലും കഴിയുന്ന ഒരു മനുഷ്യന്റെ കഥ പറഞ്ഞുകൊണ്ട് പ്രേക്ഷകരെക്കൂടി പ്രത്യാശയുടെ തീരത്തേക്ക് അടുപ്പിക്കാൻ ചിത്രത്തിന് കഴിയുന്നുണ്ട് എന്നതാണ് ഈ ചിത്രത്തിന്റെ അണിയറ ശിൽപികൾക്ക് എടുത്തുപറയാവുന്ന നേട്ടം.


ഒരു മനുഷ്യന്റെ ജീവിതത്തിലെ സന്തോഷങ്ങളും, സങ്കടങ്ങളും, അപ്രതീക്ഷിത ദുരന്തങ്ങളും, പ്രണയവും, വിരഹവും, മരണവും അവതരിപ്പിക്കുന്നതോടൊപ്പം മരണത്തിനപ്പുറമുള്ള ജീവിതത്തെക്കൂടി പ്രേക്ഷകർക്കു മുമ്പിൽ കൊണ്ടുവരാൻ സംവിധായകന് കഴിഞ്ഞിട്ടുണ്ട്. വിശ്വാസം, യുക്തി, മരണം, മരണാനന്തര ജീവിതം തുടങ്ങി വ്യത്യസ്തമായ വിഷയങ്ങളെ വളരെ തന്മയത്വത്തോടെ സിനിമ കൈകാര്യം ചെയ്യുന്നു.

ജോൺ അബ്രാഹം എന്ന ഡോക്ടറിന്റെ ജീവിതത്തിലെ അപ്രതീക്ഷിതമായ സംഭവങ്ങളിലൂടെയാണ് കഥ മുന്നോട്ടു പോകുന്നത്. ശാസ്ത്രത്തിനു മുമ്പിൽ തോൽവി സമ്മതിക്കേണ്ടിവന്ന ജോൺ എബ്രഹാമിന്റെ പരാജയത്തിൽ നിന്നാണ് കഥ പുതിയ തീരത്തേക്കെത്തുന്നത്. മനുഷ്യ യുക്തിയും വിശ്വാസവും തമ്മിലുള്ള സംഘർഷത്തിൽ ജീവിതത്തോട് മല്ലടിക്കുന്ന ജോൺ അബ്രഹാമിന്റെ അനുഭവങ്ങളിലൂടെ ഒരു മനുഷ്യനിലെ ആത്മസംഘർഷങ്ങളെ ചിത്രം വരച്ചു കാട്ടുന്നു. ഒരു ഗ്രാമീണ പശ്ചാത്തലത്തിൽ ആരംഭിക്കുന്ന സിനിമ ഗ്രാമ ഭംഗിയും നാഗരികതയുടെ തിരക്കുകളും ഇഴചേർത്ത് കൊണ്ടുപോകുന്നു. V.F.X ലൂടെ മരണത്തിനപ്പുറമുള്ള ജീവിതത്തെക്കൂടി മനോഹരമായി ചിത്രീകരിച്ചിരിക്കുന്നത്, പ്രേക്ഷകനും ഒരുപക്ഷേ മലയാള സിനിമ ചരിത്രത്തിനു തന്നെയും ആദ്യാനുഭവമായിരിക്കും. മരണത്തിനപ്പുറമുള്ള ജീവിതത്തെ പ്രത്യാശയോടെ കാണാൻ ഈ ചിത്രം പ്രേക്ഷകരെ ക്ഷണിക്കുന്നു.

**മരണത്തിനപ്പുറമുള്ള ജീവിതത്തിൽക്കൂടി പ്രത്യാശ വയ്ക്കാൻ ഈ ചിത്രം പ്രേക്ഷകരെ ക്ഷണിക്കുന്നു.**


മനുഷ്യഹൃദയങ്ങളോട് ഇഴപിരിഞ്ഞു കിടക്കുന്ന അനുദിന ജീവിതത്തിലെ സംഭവങ്ങളിലൂടെതന്നെ, സാധാരണ ഒരു മനുഷ്യന് അത്രപരിചിതമല്ലാത്തതും എന്നാൽ, നിഷേധിക്കാനാവാത്തതുമായ പുതിയ കാര്യങ്ങൾ പ്രേക്ഷകരോട് സംവദിക്കാൻ Logos Film നിർമിച്ച ഈ ചിത്രത്തിനു കഴിയുന്നുണ്ട്.

സിജോയ് വർഗീസ് (ജോൺ അബ്രഹാം) ഡോക്ടറായി പ്രധാന വേഷമിടുന്ന ഈ ചിത്രത്തിൽ ലെന, ശ്രീകാന്ത് മുരളി, ഗബ്രി ജോസ്, സുനിൽ സുഗത, രാഘവൻ എന്നിവർ മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. കൂടാതെ നിരവധി പുതുമുഖങ്ങൾ ഈ ചിത്രത്തെ ഹൃദയസ്പർശിയാക്കുന്നതിൽ ആത്മാർഥമായി അവരുടെ വേഷങ്ങൾക്ക് ജീവൻ നൽകിയിരിക്കുന്നു. ഡിസംബർ മാസത്തിൽ ചിത്രം തിയറ്ററുകളിൽ എത്തുമെന്നാണ് അണിയറ പ്രവർത്തകർ അറിയിച്ചിരിക്കുന്നത് ॥


LOGOS FILMS
THE HOPE
DIRECTED BY JOY KALLUKARAN
PRODUCED BY LOGOS FILMS
CREATIVE DIRECTOR KARTHIK SANISH BOSE THARUN BHASKARAN EDITING PRINCE GEORGE
SHIJANTH VASUDEV COSTUMES ARUN MANOHAR ART DIRECTOR KOYAZ
PRODUCTION CONTROLLER VINOD PARAVOOR LEBISON PRO MANJU GOPINATH AMAL JOSE




ജൂഹി എൽസ് ജോർജ്



സിന്റോ വി. വർഗീസ്

# ഫാ. മാറ്റിയോ റിച്ചി

ജെസ്യൂട്ട് ചൈന മിഷനുകളുടെ സ്ഥാപക വ്യക്തികളിൽ ഒരാളായിരുന്നു പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഇറ്റാലിയൻ ജെസ്യൂട്ട് പുരോഹിതനായ ഫാ. മാറ്റിയോ റിച്ചി (Fr. Matteo Ricci). ഗ്രിഗോറിയൻ കലണ്ടറിന്റെ പ്രാഥമിക വാസ്തുശില്പിയും പ്രശസ്ത ജ്യോതിശാസ്ത്രജ്ഞനുമായ ക്രിസ്റ്റഫർ ക്ലാവിയസിനൊപ്പമാണ് അദ്ദേഹം ഗണിതം, പ്രപഞ്ച ശാസ്ത്രം, ജ്യോതിശാസ്ത്രം എന്നിവ പഠിച്ചത്. ക്രിസ്റ്റഫർ ക്ലാവിയസിന്റെ ജിയോമെട്രിക്ക പ്രാക്ടിക്ക (Geometrica Practica), ട്രൈഗണോമെട്രിക്ക (Trigonometrica) എന്നീ കൃതികൾ അദ്ദേഹം ചൈനീസ് ഭാഷയിലേക്ക് വിവർത്തനം ചെയ്തു. ഗണിതശാസ്ത്രത്തിലെ പാശ്ചാത്യ സംഭാവനകൾ അദ്ദേഹം ചൈനക്കാർക്ക് ലഭ്യമാക്കി. 1584-ലും 1600-ലും ചൈനയുടെ ആദ്യ ഭൂപടങ്ങൾ അദ്ദേഹംവഴിയായി പാശ്ചാത്യർക്ക് ലഭ്യമായി. ജ്യോതിശാസ്ത്രം, ഗോളം, അളവുകൾ, ഐസോപെരിമെട്രിക്സ് എന്നിവയെ കുറിച്ചുള്ള ചൈനീസ് ജ്യാമിതീയ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നൽകിയ സംഭാവനകളുടെ പേരിൽ അദ്ദേഹം ഇന്നും അവിടെ ഓർമിക്കപ്പെടുന്നു. തന്റെ ഊർജ്ജസ്വലമായ മിഷണറി പ്രവർത്തനങ്ങളിലൂടെ ഒരു ചൈനീസ്-ക്രിസ്ത്യൻ സംസ്കാരത്തിന്റെ അടിത്തറ സ്ഥാപിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ശാസ്ത്രീയ സംഭാവനകളിലൂടെ ചൈനയിൽ വിശ്വാസം വളർത്തിയെടുത്തതിന്റെ അസാധാരണമായ ഒരു ഉദാഹരണം. ചൈനീസ് കോടതിയിൽ സുപ്രധാന ഓഫീസ് സാരഥ്യം അദ്ദേഹം വഹിച്ചിട്ടുണ്ട്. ലി-മാ-ത്യൂ (Li-Ma-teu) എന്ന പേരിൽ അദ്ദേഹം ഇന്നും ചൈനക്കാർക്ക് സുപരിചിതനാണ്.





*ഫാ. മാറ്റിയോ റിച്ചിയും മിംഗ് രാജവംശത്തിലെ രാഷ്ട്രീയക്കാരനും ശാസ്ത്രജ്ഞനുമായ സു ഗുവാങ്കിയും. ഇരുവരുംതമ്മിൽ സൗഹൃദമുണ്ടായിരുന്നു.*

സെറീൻ എയ്ഞ്ചൽ

# വിനോദ യാത്ര



കൗമാരപ്രായക്കാരായ കുട്ടികളും അവരുടെ മാതാപിതാക്കളും അറിഞ്ഞിരിക്കേണ്ട ഒരുപാട് കാര്യങ്ങളുണ്ട്. അതെന്തൊക്കെയാണെന്നും ഏറെക്കുറെ നമുക്കറിയാം. ഒരു ചെറു സംഭവം പറയാം.

എറണാകുളത്തു നിന്ന് മൂവാറ്റുപുഴയ്ക്കുള്ള ബസ് യാത്രയ്ക്കിടയിൽ ബസ്സിലിരുന്ന് സ്കൂൾ വിദ്യാർഥികൾ വർത്തമാനം പറയുന്നത് ഞാൻ ശ്രദ്ധിച്ചു. കുട്ടികളെ കണ്ടപ്പോൾ ഏകദേശം പ്ലസ് വൺ പ്ലസ് ടു-ൽ പഠിക്കുന്നവരായിരിക്കും എന്നാണ് തോന്നിയത്. സ്കൂളിൽ നിന്നും അടുത്തയാഴ്ച ടൂർ പോകുന്ന കാര്യത്തെക്കുറിച്ചായിരുന്നു ചർച്ച. അതിൽ ഒരു കുട്ടി പറഞ്ഞത് ഇപ്രകാരമായിരുന്നു: "ടൂർ പോകുമ്പോൾ ഉറപ്പായിട്ടും അടിയുണ്ടാവാൻ സാധ്യതയുണ്ട്. പെൺകുട്ടികളുടെ കാര്യം പറഞ്ഞതായിരിക്കും മിക്കവാറും അടിയുണ്ടാവുക. അവന്റെ ലൈനിനെ കുറിച്ച് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അവൻ വിട്ടുകൊടുക്കില്ല, ഉടൻ അടിക്കും." കേട്ടുനിന്ന മറ്റൊരു കുട്ടി അവന്റെ കമന്റ് പറഞ്ഞു. "അടി ഉണ്ടാവാൻ സാധ്യതയുള്ളത് പെണ്ണിന്റെ പേരുപറഞ്ഞായിരിക്കില്ല. മിക്കവാറും അത് കുപ്പിയുടെ കാര്യം പറഞ്ഞായിരിക്കും." കുപ്പി എന്ന് പറഞ്ഞത് മദ്യക്കുപ്പി ആയിരിക്കും എന്നാണെനിക്ക് മനസ്സിലായത്. മറ്റു കുപ്പികളുടെ കാര്യം അവിടെ പറയേണ്ടതില്ലല്ലോ.

ടീനേജേഴ്സിനിടയിലുള്ള ചർച്ചകളിൽ ആൺകുട്ടികളും പെൺകുട്ടികളും തമ്മിലുള്ള പ്രേമത്തിന്റെയും അതുമൂലം ഉണ്ടാകുന്ന അടിപിടികളുടെയും പിന്നെ ആരെയും കാണാതെ സൂത്രത്തിൽ മദ്യപിക്കുന്നതിന്റെയും ലഹരി വസ്തുക്കളുടെയും കാര്യങ്ങളാണ് അവർ ചർച്ച ചെയ്യുന്നത്. ഈ പ്രായത്തിൽ പ്രകടിപ്പിക്കാൻ പറ്റുന്ന ധീരതയുടെയും ചങ്കൂറ്റത്തിന്റെയും ഒക്കെ അടയാളങ്ങളായി കുട്ടികളുടെ മനസ്സിൽ കയറിക്കൂടിയിരിക്കുന്നത് ഇതൊക്കെയാണ്.

വിദ്യാലയത്തിൽ നിന്നുള്ള ഇത്തരം യാത്രകളിൽ എന്താണ് യഥാർഥത്തിൽ സംഭവിക്കേണ്ടത്? എന്തിനുവേണ്ടിയാണ് ഈ യാത്രകൾ എന്നൊക്കെ, കുട്ടികളെക്കാൾ കൂടുതൽ ശ്രദ്ധിക്കേണ്ടതും അതനുസരിച്ച് ക്രമീകരിക്കേണ്ടതും അധ്യാപകരാണ് എന്നാണ് തോന്നുന്നത്. ശ്രദ്ധിക്കുന്നില്ലായെന്നല്ല, കുറേക്കൂടി ജാഗരൂകതയോടും നിരീക്ഷണ മനോഭാവത്തോടെയും ഇക്കാര്യങ്ങളെ നമ്മൾ കാണേണ്ടതുണ്ട്.

ടീനേജ് പ്രായത്തിലുള്ള കുട്ടികൾ ശ്രദ്ധിക്കേണ്ട കാര്യമിതാണ്; വിദ്യാലയത്തിൽ നിന്നുള്ള വിനോദയാത്രകളിൽ ഇടിപിടിക്കാനും മദ്യപിക്കാനും ആണോ നമ്മുടെ ശ്രദ്ധ വരേണ്ടത്. അതാണോ വലിയ കാര്യങ്ങൾ ആയി നമുക്ക് തോന്നേണ്ടത്?

സൗഹൃദങ്ങളിൽ രൂപപ്പെടുന്ന ഊഷ്മളതയും യാത്രകളിലൂടെ നമുക്ക് ലഭിക്കുന്ന അറിവും ഉണർവും ഇത്തരം യാത്രകളുടെ ഗുണങ്ങളാണ്. ബന്ധങ്ങൾ വളർത്തുന്നതിനുള്ള അവസരങ്ങളും യാത്രകൾ നമുക്ക് സമ്മാനിക്കുന്നുണ്ട്. മാതാപിതാക്കളിൽ നിന്നും അധ്യാപകരിൽനിന്നും ലഭിക്കുന്ന നിർദേശങ്ങൾ കൃത്യമായി അനുസരിക്കാനും, ലഹരിയോട് മാത്രമല്ല നമ്മെ മോശമാക്കുന്ന സകലതിനോടും 'നോ' പറയാനും നമുക്ക് പരിശ്രമിക്കാം. ഒന്നോ രണ്ടോ തവണയല്ല, നിരന്തരമുള്ള 'നോ' പറച്ചിലുകളാണ് പിന്നീട് ശീലമാകുന്നതും അപകടങ്ങളിൽ പെട്ടുപോകാതെ രക്ഷപ്പെടാൻ നമ്മെ സഹായിക്കുന്നതും II



സണ്ണി കോക്കാപ്പിള്ളിൽ



Painting 'Cast pearls before swine' by artist Pieter Breughel the Younger (1564–1638)

## കൃപാസനം ആക്രമിക്കപ്പെടുമ്പോൾ

ഈയടുത്ത നാളുകളിൽ സമൂഹ മാധ്യമങ്ങളിൽ ഏറ്റവും കൂടുതൽ ആക്രമിക്കപ്പെടുന്ന ക്രൈസ്തവ സ്ഥാപനമാണ് ആലപ്പുഴയ്ക്കടുത്ത് കലവൂരിൽ സ്ഥിതിചെയ്യുന്ന കൃപാസനം. അവിടെ നടക്കുന്ന ചില ദൈവിക ഇടപെടലുകൾ ശാസ്ത്രത്തിനോ സാമാന്യ യുക്തിക്കോ നിരക്കുന്നതല്ല. ഓരോ ആഴ്ചയിലും അവിശ്വസനീയമായ സംഭവങ്ങളാണ് അവിടെ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നത്. മാതാവ് അവിടെ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്നു പറയപ്പെടുന്നു. അവിടെച്ചെന്ന് മാതാവിനോട് ഉടമ്പടി എടുത്താൽ നമ്മുടെ പ്രാർഥനകൾക്ക് വളരെ വേഗം ഉത്തരം കിട്ടുമെന്ന് അനേകർ വിശ്വസിക്കുന്നു. കൃപാസനം പത്രവും ദൈവിക ഇടപെടലിനു കാരണമാകുന്നതായി വിശ്വസിക്കുന്നവരുണ്ട്. പലരുടെയും ജീവിതത്തിൽ സംഭവിച്ച ഇത്തരം അനുഭവങ്ങൾ യുട്യൂബിലൂടെയും പത്രത്തിലൂടെയും മാലോകർ അറിയുകയും ഗണ്യമായ ഒരു വിഭാഗം ആക്ഷേപശരങ്ങളുമായി ഇറങ്ങുകയും ചെയ്യുന്നു. ഇത്തരമൊരു സാഹചര്യത്തിൽ കൃപാസനവുമായി നേരിട്ടു പരിചയമുള്ള രണ്ട് അനുഭവങ്ങൾ ഇവിടെ സൂചിപ്പിക്കാനാഗ്രഹിക്കുന്നു.

ഒന്നാമതായി, എന്റെ സുഹൃത്തിനു സംഭവിച്ചതാണ്. സുഹൃത്തിന്റെ മകൾക്ക് വിദേശത്തു പോകണം. 20 ലക്ഷം രൂപ ആവശ്യമുണ്ട്. എത്ര പരിശ്രമിച്ചിട്ടും 10 ലക്ഷം രൂപയാണ് ഉണ്ടാക്കാൻ കഴിഞ്ഞത്. വിസ വരുകയും ചെയ്തു. അവർ കുടുംബമൊന്നിച്ച് കൃപാസനത്തിൽ ചെന്ന് ഉടമ്പടി എടുത്തു. അന്ന് പത്തു ലക്ഷം രൂപ അവർക്കു കിട്ടി. മാതാവ് സ്വർഗത്തിൽ നിന്ന് 10 ലക്ഷം രൂപ ഇട്ടു കൊടുത്തതല്ല. ഗോഡൗൺ ആവശ്യത്തിനുപയോഗിക്കാവുന്ന അവരുടെ ഒരു കെട്ടിടം ഒരാൾ വാടകയ്ക്കെടുക്കുകയും 10 ലക്ഷം രൂപ പണയം നൽകുകയും ചെയ്തു. കൃപാസനത്തിൽ അവരായിരിക്കുന്ന അവസരത്തിൽത്തന്നെ ഫോണിലൂടെ വാടകയ്ക്കെടുത്ത ആൾ ഇവരെ അറിയിക്കുകയാണു ചെയ്തത്. ഈ സംഭവത്തെ സാക്ഷ്യപ്പെടുത്തുമ്പോൾ കൃപാസനത്തിൽ ഉടമ്പടിയെടുത്തു, 10 ലക്ഷം രൂപ കിട്ടി എന്നു പറയുമ്പോൾ കേൾവിക്കാർ എങ്ങനെ ആയിരിക്കും വ്യാഖ്യാനിക്കുകയെന്ന് ചിന്തിക്കണം.

മറ്റൊരു സംഭവം, കാലിനു മുടന്തു പോലെയുള്ളതിനാൽ നേരെ നടക്കാൻ പ്രയാസമുള്ള ഒരു സ്ത്രീയുടെ അനുഭവമാണ്. ഈ സ്ത്രീ ഒരു ദിവസം കൃപാസനത്തിൽ പോയി ഉടമ്പടിയെടുത്തു. ആ ദിവസംതന്നെ ആ സ്ത്രീയുടെ കാലിന്റെ പാദം നേരെയായി. ഇത് ആ നാട്ടുകാർക്ക് വലിയ അത്ഭുതത്തിനു കാരണമായി. അവർ ഒരു മുസ്ലിം ഭൂരിപക്ഷ ഗ്രാമത്തിലാണു താമസിക്കുന്നത്. ഇപ്പോൾ ചില മുസ്ലിം സ്ത്രീകൾ കൃപാസനത്തിലേക്കു പോകാൻ താത്പര്യം കാണിക്കുന്നതായി അറിയാൻ കഴിഞ്ഞു. ഇത്രയും കാലം മുടന്തി നടന്ന ഒരാൾ ഇപ്പോൾ നേരെ നടക്കുന്നു. ഇതു കാണുന്ന വ്യക്തികൾക്ക് യാഥാർഥ്യത്തെ അംഗീകരിക്കാതിരിക്കാൻ കഴിയുകയില്ലല്ലോ.

ഈ രണ്ടു സംഭവങ്ങളും ഒരു നിരീശ്വരവാദിക്കോ, യുക്തിവാദിക്കോ, യേശുവിനെ ആക്ഷേപിക്കുന്നവർക്കോ വിശ്വസിക്കാൻ വിഷമമുണ്ടാകും. അവർ വിശ്വസിക്കുന്നിടത്ത് ഇങ്ങനെയൊന്നും സംഭവിക്കുന്നില്ല. അതിനാൽ ഇതൊക്കെ അവർക്ക് അന്ധവിശ്വാസവും കെട്ടുകഥയുമാണ്. അതിനാൽ ഈവക കാര്യങ്ങളെ വക്രീകരിച്ചും ആക്ഷേപിച്ചുമവർ എഴുതിവിടും. കാരണം, തങ്ങൾ വിശ്വസിക്കുന്ന മതത്തിലോ പ്രത്യയ ശാസ്ത്രത്തിലോ ഒന്നും ഇത്തരം സംഭവങ്ങളില്ല. 21-ാം നൂറ്റാണ്ടിലും ഇങ്ങനെയോ എന്നവർ ആക്ഷേപിക്കും. അവരോട് പറയാനുള്ളതിതാണ്. ഇത് 2022 ആണ്. യേശു ഇന്നും പ്രവർത്തനനിരതനാണ്.

യേശു നാമത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും സംഭവിക്കുന്നു. ഇപ്പോൾ മാത്രമല്ല, 2030-ലും 2060-ലും 2500-ലും എന്നല്ല ലോകാവസാനം വരെ ഇതു തുടർന്നുകൊണ്ടിരിക്കും. ക്രിസ്തുവിന്റെ ജനനം മുതൽ തന്നെ ഇത്തരം ആക്ഷേപങ്ങൾ കേൾക്കാൻ തുടങ്ങിയതാണ്.

ദൈവവചനം പറയുന്നതുപോലെ, "നിങ്ങളുടെ മുത്തുകൾ പന്നികൾക്ക് ഇട്ടുകൊടുക്കരുത്. അവ അതു ചവിട്ടി നശിപ്പിക്കുകയും തിരിഞ്ഞു നിങ്ങളെ ആക്രമിക്കുകയും ചെയ്തേക്കാം." സ്ഥാപനത്തിന്റെ പ്രശസ്തിക്കായി ദൈവിക ഇടപെടലുകളെ അതിശയോക്തി കലർത്തി പ്രചരിപ്പിക്കാതിരിക്കുക. ഇവിടെ ആദ്യം വിവരിച്ച സംഭവത്തിൽ കാണുന്നതുപോലെ, ഉടമ്പടിയെടുത്തു 10 ലക്ഷം രൂപ കിട്ടി എന്നു പറയുന്നതും അതിന്റെ സാഹചര്യങ്ങൾ വിവരിക്കുന്നതും വ്യത്യാസമുണ്ടല്ലോ. യേശു ചെയ്ത അത്ഭുതങ്ങൾ നേരിട്ടു കണ്ടവരിൽ വിശ്വാസിക്കാത്തവരും ഉണ്ടായിരുന്നു. തങ്ങൾ വിശ്വസിക്കുന്നതിന്റെ പരിമിതിയിലേക്ക് യേശുവിനെ താഴ്ത്താൻ ശ്രമിക്കുന്നവരാണ് ഇത്തരം ആക്ഷേപങ്ങൾക്ക് മുൻകൈ എടുക്കുന്നതെന്ന കാര്യം സത്യമാണുതാനും.

## വിദ്യാഭ്യാസ മേഖല തകർന്നോ?

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? ഈ വർഷം കേരള സർവകലാശാലയിൽ വിവിധ കോഴ്സുകളിലായി രണ്ടായിരത്തിൽപ്പരം സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. അൺ എയ്ഡഡ് മേഖലയിൽ പകുതിയോളം സീറ്റുകളിൽ ആളില്ല. കുട്ടികൾ കുറവായതുകൊണ്ടും സീറ്റുകൾ കൂടുതലായതുകൊണ്ടുമല്ല ഇങ്ങനെയൊരു സ്ഥിതി വന്നത്. നല്ലൊരു ഭാഗം കുട്ടികളും പഠനത്തിന് സംസ്ഥാനത്തിനുപുറത്തേക്കോ വിദേശത്തേക്കോ ചേക്കേറുകയാണ്. കെടുകാര്യസ്ഥതയും രാഷ്ട്രീയവും കേരളത്തെ ഈ അവസ്ഥയിലെത്തിച്ചു. ഒരു കാലത്ത് വിഖ്യാത ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീനെപ്പോലും വൈസ് ചാൻസലറാക്കാൻ കിട്ടുമോയെന്ന് അന്വേഷിച്ച ചരിത്രം കേരള സർവകലാശാലയ്ക്കുണ്ട്. പരിതാപകരമായ ഇന്നത്തെ അവസ്ഥയ്ക്കു കാരണമായവർ മറുപടി പറഞ്ഞേ തീരൂ.




# ഞാൻ നേടിയതെല്ലാം ദൈവം നൽകിയത്

Image courtesy: NurPhoto

ഈ ആഴ്ചകളിൽ ലോകത്ത് ഏറ്റവും കൂടുതൽ സംസാരവിഷയമാകുന്ന ഒരു പേര് ലയണൽ മെസ്സിയുടേതായിരിക്കും. ഖത്തറിൽ നടക്കുന്ന ലോക ഫുട്ബോൾ ടൂർണമെന്റ് ഒളിമ്പിക്സ് പോലെ ലോകമെങ്ങും ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. കൊച്ചുകുട്ടികളുടെ ചുണ്ടിൽ പോലും മെസ്സി, റൊണാൾഡോ, നെയ്മർ തുടങ്ങിയ ഇതിഹാസ താരങ്ങളുടെ പേരുകൾ സംസാരവിഷയമാകുന്നു.

ലോകമെങ്ങും ആരാധകരുള്ള മെസ്സിയുടെ വാക്കുകൾ ഇക്കഴിഞ്ഞ ദിനങ്ങളിൽ വലിയ ചർച്ചയ്ക്കു കാരണമായി. ഒരു അർജന്റീനൻ പത്രലേഖകൻ ഖത്തറിലെ ഫുട്ബോൾ വിജയ സാധ്യതയെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ വാക്കുകൾ ഇങ്ങനെയായിരുന്നു:

'ദൈവമാണു തീരുമാനിക്കുന്നവൻ. എപ്പോഴാണു സമയമെന്നു ദൈവത്തിനറിയാം. വരാനിരിക്കുന്നതു വരും. ദൈവമാണ് അതു തീരുമാനിക്കുന്നതെന്നാണ് എന്റെ വിശ്വാസം. ജീവിതത്തിൽ ഞാൻ നേടിയതെല്ലാം ദൈവം നൽകിയതാണ്.'

പ്രശസ്തിയുടെ ഉന്നതിയിൽ നിൽക്കുമ്പോഴും താൻ ദൈവത്തിന്റെ ഒരു ഉപകരണം മാത്രമാണെന്നു പറയുന്ന മെസ്സിയുടെ മനോഭാവത്തെ വാഴ്ത്താതിരിക്കാനാവില്ല. യഥാർഥ ആത്മീയതയും വിശ്വാസവും ഇതു തന്നെയാണ്. ഇത്രയും വലിയ എളിമയിലേക്കു വരാനാണ് മിക്കവർക്കും ബുദ്ധിമുട്ട്. മെസ്സിയുടെ ഈ വാക്കുകൾ ധാരാളം വ്യക്തികളെ ദൈവവിശ്വാസത്തിലേക്കു കൊണ്ടു വരാൻ പര്യാപ്തമാകുമെന്നു നമുക്ക് ഉറപ്പായും വിശ്വസിക്കാം.





ചിത്രീകരണം: വെങ്കി

# സാമിന്റെ സന്തോഷം





കഥ: ആൽഡ്രിൻ ജോസഫ്





സ്കൂളിലുള്ള എല്ലാവരും ഗ്രൗണ്ടിലേക്ക് ഓടുകയാണ്, എന്താ കാര്യം? സാമും അനിലും കൂടി പൊരിഞ്ഞ തല്ല്..! ഗ്രൗണ്ടിൽ ടീച്ചർമാർ ആരുമില്ലാതിരുന്നതുകൊണ്ട് മുതിർന്ന ക്ലാസ്സിലെ ചേട്ടന്മാർ അവരെ പിടിച്ചുമാറ്റി.

ക്ലാസ്സ് കഴിഞ്ഞ് സാമും അനിലും രണ്ടു ടീമായി ഫുട്ബോൾ കളിക്കുകയായിരുന്നു. പറയുമ്പോൾ രണ്ടുപേരും അടുത്ത കൂട്ടുകാരാണെങ്കിലും കളിക്കുമ്പോൾ വീറും വാശിയും ഏറും. ആദ്യം തർക്കമായിരുന്നു പിന്നെ കൈവിട്ടു പോയി, പിടിവലിയായി ഇടിയായി. മുതിർന്ന ക്ലാസ്സിലെ ചേട്ടൻമാർ സാമിനെ പിടിച്ചു വലിച്ചു കൊണ്ടുപോയി. സാം കൈയും മുഖവുമൊക്കെ കഴുകി നിൽക്കുമ്പോഴാണ് സാമിനെ വിളിക്കാൻ സാമിന്റെ അപ്പ കാറിൽ വന്നത്. സാം ബാഗുമെടുത്തു വേഗം കാറിൽ കയറി. സാധാരണയായി കാറിൽ കയറിയാൽ കലപില സംസാരം തുടങ്ങും, അന്ന് സ്കൂളിൽ നടന്നതും കൂട്ടുകാരുടെയും ടീച്ചർമാരുടെയും വിശേഷങ്ങളും, കേട്ട കഥകളും മറ്റുമായി അങ്ങനെ നിറുത്താതെ പറഞ്ഞുകൊണ്ടേയിരിക്കും. എന്നാൽ, ഇന്ന് കുഞ്ഞുസാം മിണ്ടാതിരിക്കുന്നത് അപ്പയുടെ ശ്രദ്ധയിൽപ്പെട്ടു.

വൈ ആർ യൂ സൈലന്റ് സാം? നതിങ് അപ്പ..! ഒരു അഞ്ചാം ക്ലാസ്സുകാരനെക്കാൾ പക്വതയുള്ള തന്റെ മകന്റെ മൗനം ഡേവിഡിന്റെ ശ്രദ്ധയിൽ പെട്ടെങ്കിലും ഓഫിസ് തിരക്കിന്റെ ചിന്തകളിൽ അതു മുങ്ങിപ്പോയി. വീട്ടിലെത്തിയിട്ടും സാമിന് ഒരുൻമേഷമില്ല; സാമിന്റെ അമ്മയും അത് തിരിച്ചറിഞ്ഞു. അന്നൊരു വെള്ളിയാഴ്ച ആയിരുന്നു; സാമിന്റെ വീട്ടിൽ കുടുംബപ്രാർഥന നടക്കുന്നു, പതിവുപോലെ സാമിന്റെ അപ്പ ഡേവിഡ് ജോലിത്തിരക്കുകളാൽ പ്രാർഥനയിൽ പങ്കെടുക്കാതെ മുറിയടച്ചിരുന്നു. പെട്ടെന്ന് വാതിലിൽ ആരോ മുട്ടുന്നു, അകത്തേക്ക് വരാമോ അപ്പാ? സാം ചോദിച്ചു. അപ്പാ, നമുക്കൊന്ന് അനിലിന്റെ വീട്ടിലേക്കൊന്നു പോയാലോ.? ഈ രാത്രിയോ? നാളെ പോകാം. പറ്റില്ല അപ്പാ, മനസ്സിനൊരു സങ്കടം, അത് തീർക്കണം. സാം സ്കൂളിൽ നടന്ന തല്ലുമാലയുടെ കാര്യം അപ്പയോട് പറഞ്ഞു.


സാമിനെയും കൊണ്ട് അപ്പ രാത്രിതന്നെ അനിലിന്റെ വീട്ടിൽ പോയി. തന്റെ മകന്റെ പ്രവൃത്തികൾ ഡേവിഡ് ഉറ്റു നോക്കുകയായിരുന്നു. സാം തന്നെ കോളിങ് ബെല്ലടിച്ചു, വാതിൽ തുറന്നത് അനിലിന്റെ പപ്പയായിരുന്നു, 'അങ്കിൾ അനിലുണ്ടോ? ഒരു പ്രധാന കാര്യം അനിലിനോടു പറയാനുണ്ട്. അനിൽ വന്നപ്പോൾ എല്ലാവരും നോക്കി നിൽക്കേ സാം അനിലിനെ കെട്ടിപ്പിടിച്ചുകൊണ്ട് ഇന്ന് സ്കൂളിൽ നടന്ന കാര്യങ്ങളോർത്ത്, തന്റെ തെറ്റുകൾക്ക് പറഞ്ഞു ക്ഷമ ചോദിച്ചു. അനിലിനും സന്തോഷമായി, "സാരമില്ല സാം ഞാനും തെറ്റ് ചെയ്തല്ലോ, ഞാൻ നാളെ വന്നു സോറി പറയാമെന്ന് വിചാരിച്ചിരിക്കയായിരുന്നു. നീ ഇന്നുതന്നെ വന്നുപറഞ്ഞല്ലോ..!

"ആരോടെങ്കിലും വഴക്കിട്ടാൽ കിടന്നാൽ ഉറക്കം വരില്ലെടാ, അതാ ഇന്നുതന്നെ വന്നത്. ഇന്ന് ഗ്രൗണ്ടിൽ നടന്നതെല്ലാം നമുക്കങ്ങു മറക്കാം." സന്തോഷത്തോടെ അവരുടെ സംസാരം അങ്ങനെ തുടർന്നു. ഡേവിഡിന് അനിലിന്റെ പപ്പയെ അറിയാം, അവരുടെ സംഭാഷണത്തിനിടയിലും ഡേവിഡിന്റെ ശ്രദ്ധ മുഴുവൻ തന്റെ മകനിലായിരുന്നു. മകനിത്രയും പക്വതയോടെ വളർന്ന കാര്യം ആലോചിച്ചിരിക്കുകയായിരുന്നു അദ്ദേഹം.

തിരികെ പോകാൻ കാറിൽ കയറിയ സാം വീണ്ടും പഴയപോലെ സന്തോഷത്തിലായിരുന്നു. ചിരിയും കളിയും നിറുത്താതെയുള്ള സംസാരവും. തന്റെ മകൻ ഒരു അത്ഭുതമാണെന്ന് ഡേവിഡിന് തോന്നി; ഒപ്പം മനസ്സിൽ എന്തോ ഒന്ന് തട്ടിയപോലെ.

മഴ ചാറുന്നുണ്ടായിരുന്നു; വീട്ടിൽ എത്തുന്നതിനു മുൻപ് ഡേവിഡ് വേറൊരു വീടിന്റെ മുന്നിലെത്തി കോളിങ് ബെല്ലടിച്ചു. മാണിച്ചായൻ കതകുതുറന്നപ്പോൾ കോരിച്ചൊരിയുന്ന മഴയത്തു നിൽക്കുന്നു ഡേവിഡിനെ കണ്ടു. "അകത്തേക്കുവാടാ കൊച്ചനെ, എന്താ കാര്യം?" വാക്കുകൾ കിട്ടാതെ നിന്ന ഡേവിഡ്, എവിടെന്നോ ധൈര്യം സംഭരിച്ചു പറഞ്ഞു: "മാണിച്ചായനോട് ഞാനന്ന് അങ്ങനെ പറയാൻ പാടില്ലായിരുന്നു, എന്റെ വീട്ടിൽ കയറിപ്പോകരുതെന്ന്; അത് മാണിച്ചായന്റെ കൂടി വീടാണ്. അവിടെ വരാൻ അവകാശമുള്ള ആളാണ് മാണിച്ചായൻ. ഞാനന്ന് പറഞ്ഞത് തെറ്റായിപോയി. മാണിച്ചായൻ കഴിയുമെങ്കിൽ എന്നോട് ക്ഷമിക്കണം, വീട്ടിലേക്കു വരണം." മാണിച്ചായൻ പറഞ്ഞു: "ഞാനത് കാര്യമായി എടുത്തില്ലായിരുന്നു, നീ വന്നു പറഞ്ഞല്ലോ അതുമതി, ഒരു വിഷമമുണ്ടായിരുന്നു, അതുമാറി. ഞാൻ നാളെ വരാടാ ചെറുക്കാ, നീ പോയി കിടന്നുറങ്ങാൻ നോക്ക്."

ആ രാത്രി സാമും അപ്പയും എന്തെന്നില്ലാത്ത ആനന്ദം അനുഭവിച്ചു. അയാൾ പിറ്റേന്ന് രാവിലെ ആറു മണിക്ക് അലാറം വച്ചു. കാരണം, വരുന്ന വഴി കാറിലിരുന്നു ഡേവിഡ് സാമിനോട് ചോദിച്ചിരുന്നു, സോറി പറഞ്ഞു കൂട്ടായാൽ സന്തോഷം കിട്ടുമെന്ന് മോനെ ആരാ പഠിപ്പിച്ചതെന്ന്. സാമിന്റെ മറുപടിയാണ് ഡേവിഡിനെ ചിന്തിപ്പിച്ചത്. "അത് അപ്പാ, നമ്മൾ ദിവസവും കുടുംബ പ്രാർഥനയിലും പരിശുദ്ധ കുർബാനയിലും പങ്കെടുക്കുമ്പോൾ ഈശോ ഉള്ളിൽ നിന്ന് നമ്മെ ഇങ്ങനെയുള്ള കാര്യങ്ങൾ ഓർമിപ്പിക്കും." ദിവസേനയുള്ള പരിശുദ്ധ കുർബാന ഇനി മുടക്കരുതെന്ന തീരുമാനത്തോടെയാണ് അവരന്ന് കിടന്നുറങ്ങിയത് ||



# വഴുതന മാത്തൻ



കാർട്ടൂൺ: സിനിൽ കെ.ജെ



HEARTFELT BLESSINGS AND PRAYERS
FOR YOUR NEW JOURNEY

# Congratulations

FROM
THE JESUS YOUTH FAMILY



RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2022-24, Date of publication: 01/12/2022, ₹50.00





SUB SCR IBE!

TO THE BEST CATHOLIC MAGAZINE FOR YOUTH & YONG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal


Kairos Media

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org +91 484 2984327 91 62382 79115 | www.jykairosmedia.org

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662